T64
A35E

№ 006344

# സംയുക്താറാണി

വിദ്വാൻ എം. ഓ. അവരാ.

T64
Av-35

SGPP

# സംയുക്താറാണി.

വിദ്വാൻ എം. ഓ. അവരാ.

DHARMARAM COLLEGE LIBRARY, BANGALORE.
27361
T64 / AV 35

വില 10 അണ.

ഗ്രന്ഥകർത്താവിന്റെ അടയാളം എല്ലാ പ്രതികളിലും ഉണ്ടായിരിക്കും.

2nd Impression Copies 10,000.

1950

S. G. PRESS,
PARUR.

All Rights Reserved.

# മുഖവുര.

ദേശഭക്തി, ധമ്മനിഷ്ഠ, ആത്മാഭിമാനം തുടങ്ങിയ ഗുണവിശേഷങ്ങൾ വിദ്യാൎത്ഥികളിൽ വേരൂന്നി ഉറയ്ക്കുവാൻ ഈ ലഘുഗ്രന്ഥപഠനം പ്രയോജനപ്പെടുമെന്നാണെൻെറ വിശ്വാസം. ഇതിലെ ഭാഷാരീതിയും പ്രതിപാദനവിധവും തദനുരൂപമായിത്തീരുവാൻ ഞാൻ പ്രത്യേകം മനസ്സിരുത്തിയിട്ടുണ്ടു്.

പണ്ഡിതവരേണ്യരും നിരൂപണനിപുണരുമായ രണ്ടു മഹാശയന്മാർ അനുഗ്രഹപൂൎവ്വം എനിക്കയച്ചുതന്നിരുന്നതും, ഒന്നാംപതിപ്പിൽ ചേൎക്കുവാൻ സാധിക്കാതെ വന്നതുമായ ഉൽകൃഷ്ടാഭിപ്രായങ്ങൾ ഇതിൽ ഉൾപ്പെടുത്തിക്കൊള്ളുന്നു.

വള്ളുവള്ളി,
1—6—1950.

ഗ്രന്ഥകൎത്താ.

# ആമുഖം.

ശ്രീമാൻ എം. ഓ. അവരാ അവർകളുടെ "സംയുക്താറാണി" എന്ന ഗദ്യകൃതിയുടെ കഥാംശം ഇൻഡ്യാചരിത്രത്തിൽ അസാധാരണ പ്രാധാന്യമുള്ള ഒന്നാണു്. പ്രതിഭാസമ്പന്നന്മാരായ സാഹിത്യകാരന്മാരെ ഏതെല്ലാം തരത്തിലാണു് ആ കഥാതന്തു ചിന്തിപ്പിച്ചിട്ടുള്ളതെന്നു് എളുപ്പത്തിൽ കണക്കാക്കാൻ കഴിയുന്നതല്ല. അതിനെ ആസ്പദമാക്കിക്കൊണ്ടു്, മലയാളത്തിൽത്തന്നെ എത്രയോ ഉത്തമ കൃതികൾ വിവിധരൂപത്തിൽ നിർമ്മിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. മഹാകവി ഉള്ളൂരിൻെറ ഉജ്ജ്വലപ്രതിഭ അതിനൊരു ചമ്പൂരൂപം സമ്പന്നമാക്കുകയും, മലയാളത്തിലെ മഹത്തര കൃതികളിൽ ഒന്നിന്നു് അതു് ഉപാദാനവസ്തുവാകുകയും കഴിഞ്ഞിട്ടു് രണ്ടുമൂന്നു വ്യാഴവട്ടക്കാലമായിരിക്കുന്നു. ശ്രീമാൻ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പവർകൾ ഇതേ ഇതിവൃത്തംകൊണ്ടു് ഒരു സരസപദ്യകാവ്യം നിർമ്മിച്ചു് 'കവനകൌമുദീ'ദ്വാരാ പ്രകാശിപ്പിച്ചുകഴിഞ്ഞിട്ടും രണ്ടു വ്യാഴവട്ടത്തോളമായെന്നു തോന്നുന്നു. ഇതുപോലെ ഗദ്യത്തിലും പലേ നല്ല പ്രബന്ധങ്ങളും, പലരിൽനിന്നുമായി നമ്മുടെ കൈരളിക്കു കൈമുതലായി കിട്ടിയിട്ടുണ്ടു്. ഇതുസംബന്ധിച്ചു്, അതേ, നല്ലതാരേയും ഒന്നാകർഷിക്കതന്നെ ചെയ്യും. ഗുണഗ്രാഹികൾ അതിനെ വേണ്ടതുപോലെ ആരാധിക്കാതിരിക്കുന്നതുമല്ല. ആരാധിക്കാതിരിക്കാൻ വയ്യായ്ക—തദ്രൂപമായ ഒരു ശക്തി, മാർദ്ദവം (അസ്തബ്ധത)—ഗുണഗ്രാഹിതയുടെ കൂടെപ്പിറപ്പാണു്. അതുത

ന്നൊയായിരിയ്ക്കണം ശ്രീമാനവരയവർകളിലും പ്രാദുർഭവിച്ച പ്രേരകശക്തി. വിദ്യാൎത്ഥികൾക്ക വിജ്ഞാനപ്രദവും വിദ്വാന്മാൎക്ക വിനോദസാധകവും ആയ ഒരു വരപുസ്തകമാണ് അവരയവർകളുടെ ആ ശക്തിശുക്തികയിൽ ഉളവായിക്കാണുന്ന മുക്താമണി.

ബാലന്മാൎക്കവിശേഷിച്ചും
ശീലം ചേലായ് വരാൻപരം
മൂലമിക്കൃതി; മദ്ഭാഷാ–
നീലവേണിയ്ക്കു ഭൂഷണം!

എന്നു് എത്രയും യുക്തിയുക്തമായി ഇവിടെ പ്രസ്താവിയ്ക്കാം. കേരളീയർ ഈ വസ്തുത വേണ്ടുംവിധം ഗ്രഹിയ്ക്കുകയും, ശ്രീമാനവരയവർകൾക്ക തദ്ദ്വാരാ തക്കതായ പ്രോത്സാഹനം ലഭിച്ചു ഭാഷാഗ്രന്ഥസമ്പത്തിനെ വൎദ്ധിപ്പിച്ചുകൊണ്ടിരിയ്ക്കാനുള്ള ഭാഗ്യം അഭംഗുരമായി കൈവരുകയും ചെയ്യട്ടെ എന്നു ഞാൻ ആശംസിയ്ക്കുന്നു.

നന്മയാശിയ്ക്കണം നമ്മൾ
തിന്മ ദൂരെ ത്യജിക്കണം!
ഇമ്മന്ദിനമതുതാനസ്മ–
ജ്ജന്മസാഫല്യസാധകം!

എന്നു്, പണ്ഡിതർ

ഇ. വി. രാമൻനമ്പൂതിരി.

# അവതാരിക.

വീരകഥകൾ ഏവരേയും ആവജ്ജിക്കും. ഈ ചെറുപുസ്തകത്തിലെ ഇതിവൃത്തം വീരകഥയാണു്; ഭാഷ ലളിതകോമളയാണു്; കവി വിദ്വാനാണു്. ഈ മൂന്നു യോഗങ്ങളും കൂടി കേന്ദ്രിക്കുമ്പോൾ ജനിക്കുന്ന സന്താനത്തിൻെറ ജാതകഫലം ഗണിക്കാൻ കണിയാർ വേണമെന്നില്ല. ആയ്യാവത്തത്തിൽ വീയ്യം പ്രമാണമായിരുന്ന പുരാണകാലത്തെ ഇതിഹാസങ്ങളെ വാല്മീകിയും വ്യാസനും സംഗ്രഹിച്ചതുപോലെ, രജപുത്ത സംസ്ഥാനങ്ങളിൽ നടന്നിട്ടുള്ള മദ്ധ്യകാലാന്തവത്തികളായ പുരാവൃത്തങ്ങളെ സംഗ്രഹിച്ച ടാഡ്ഡ് എന്ന വെള്ളക്കാരൻ ഒരു ഇതിവൃത്തഭണ്ഡാരം നിമ്മിച്ചിട്ടുണ്ടു്. കഥാകൃത്തുകൾക്കു് ആ നിധി ഒരു കല്പവൃക്ഷമായി വിളങ്ങുന്നു. അതിലെ കഥാംശങ്ങളെ പലരും ഗദ്യപദ്യരൂപേണ ധാരാളം കൃതികളാക്കി പ്രചരിപ്പിച്ചിട്ടുള്ളവയിൽ ഒന്നാണു് പ്രസ്തുത പുസ്തകം.

ചരിത്രാംശം ഇതിൽ തൊട്ടുതെറിപ്പിച്ചിട്ടുള്ളതേയുള്ളു. പാത്രങ്ങൾ പഴയതാണു്; പൂച്ച പുത്തൻ; സന്ദഭങ്ങളും സംഭാഷണങ്ങളും സ്വകപോലകല്പിതങ്ങൾ. അദ്ധ്യായങ്ങൾ ചെറുതു്; ബാലവിദ്യാത്ഥികൾക്കു മുഷിയാതെ പഠിക്കാവുന്നവ. വളച്ചുകെട്ടില്ലാത്ത വാചകം; കഠിനപദപ്രയോഗം ദുർല്ലഭം. ചിലേടങ്ങളിൽ മലയാളശൈലിയെ വെടിഞ്ഞുകാണുന്നുണ്ടു്. "അല്പോപിദോഷോ ഗുണ സന്നിപാതേ നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്നുണ്ടല്ലോ.

ഒരു ചെറുപുസ്തകത്തിന്ന ദീർഘമായ മുഖവുര എഴുതുന്നതായാൽ തലവണ്ണൻഎറുമ്പിനെപ്പോലെ വൈരൂപ്യം വന്നുപോയേക്കും. എങ്കിലും സംയുക്തയെപ്പോലെ ധീരവനിതകളും പൃഥ്വീരാജനെപ്പോലെ വീരപുരുഷന്മാരും ജയചന്ദ്രനെപ്പോലെ ദുർബലരായ ആത്മംഭരികളും തെന്നാട്ടിലും, വിശിഷ്യ, കേരളത്തിലും, ഉണ്ടായിരുന്നു എന്നും വടക്കരേക്കാൾ തെക്കരോടാണ് നമുക്ക് ആനുരൂപ്യം കൂട്ടതലുള്ളതെന്നും കവികൾ മറക്കാതിരുന്നാൽ, രജപുത്ത്രകഥകളെപ്പോലെ മർമ്മസ്പൃക്കുകളായ കഥകൾ നമുക്കു സൃഷ്ടിക്കാൻ കഴിയുമെന്നു വിസ്മരിക്കാവതല്ല. ചേര ചോള പാണ്ഡ്യ കേരള വീരന്മാരേയും വീരപത്നികളേയും നായികാനായകന്മാരാക്കി "സംയുക്താറാണി"യെപ്പോലെയുള്ള ചെറുകഥകളെ നിർമ്മിച്ച് കവികൾ കൈരളിയെ അനുഗ്രഹിക്കാൻ ഇടയാകുമാറാകട്ടെ എന്നു കാംക്ഷിച്ചുകൊണ്ട് ഈ ചെറിയ പ്രസ്താവനയെ മുഴപ്പിക്കാം.

എം. രാജരാജവർമ്മതമ്പുരാൻ

M. A., B. L.

# സംയുക്താറാണി.

## ഒന്നാം അദ്ധ്യായം.

### 'ഹോളി ആഘോഷം'.

കാന്യകുബ്ജത്തിൽ എല്ലാവക്കും ഇന്നു വലിയൊരുത്സവമാണു്. ആനന്ദത്തിൻെറയും ഉത്സാഹത്തിൻെറയും ചിഹ്നങ്ങൾ എവിടേയും തെളിഞ്ഞു കാണാം. ജനങ്ങളെല്ലാം 'ഹോളി' ആഘോഷത്തെ കൊണ്ടാടുന്നതിൽ വ്യാപൃതരായിരിക്കുകയാണു്. പുരുഷന്മാർ കൂട്ടംകൂട്ടമായി ശ്രീകൃഷ്ണൻെറ ലീലകളെ ഗാനം ചെയ്തുകൊണ്ടു വഴിനീളെ മഞ്ഞപ്പൊടി വിതറുന്നു. സ്ത്രീകളാകട്ടെ, ശ്രീകൃഷ്ണസ്വാമിയുടെ ക്ഷേത്രസങ്കേതത്തിൽ ഒന്നിച്ചുകൂടി രാധാകൃഷ്ണന്മാരുടെ രാസക്രീഡയെ വിവരിക്കുന്ന കീർത്തനങ്ങൾ പാടി, സിന്ദൂരം, കുങ്കുമം മുതലായ രഞ്ജിതദ്രവ്യങ്ങൾ പരസ്പരം എറിഞ്ഞു കളിക്കുന്നു. സ്ത്രീപുരുഷഭേദമെന്യേ സകലരുടേയും വസ്ത്രങ്ങളും ദേഹവും കുങ്കുമം മുതലായവ പററി പാടെ നിറം മാറിയവയായി കാണപ്പെടുന്നു. മഹാരാജാവിൻെറ കൊട്ടാരം മുതൽ ദരിദ്രൻെറ ചെററക്കുടിൽവരെ എല്ലായിടത്തും ഇന്നു് ഉല്ലാസംതന്നെ.

ആനന്ദപൂൎണ്ണമായ ഈ ഉത്സവത്തിൻെറ ഇടയിലും

രാജകുമാരിയായ സംയുക്തയുടെ മുഖംമാത്രം ഉന്മേഷ ശൂന്യമായി കാണപ്പെടുന്നു. രാജപുത്രിയുടെ ആ വിഷണ്ണ ഭാവം കണ്ടിട്ടു് അവളുടെ സഖികളും വല്ലാതെ വ്യസനി ച്ചിരിക്കുകയാണു്. രാജ്യത്തിലെവിടേയും അലതല്ലുന്ന ആന ന്ദസാഗരത്തിന്റെ ഉന്നതതരംഗങ്ങൾക്കും അവരുടെ ആ ന്തരമായ ആ വിഷാദമാലിന്യത്തെ കഴുകിക്കളയുവാൻ സാ ധിക്കുന്നില്ല. 'ഹോളി' ഉത്സവത്തിൽ അവരും പങ്കുകൊ ള്ളുന്നുണ്ടു്. അവരുടെ ദേഹത്തിലും കാണാം മഞ്ഞപ്പൊ ടി. ഉടുത്തിരിക്കുന്ന വസ്ത്രങ്ങളെല്ലാം കുങ്കുമംകൊണ്ടു് ചു വന്നും ഇരിക്കുന്നു. പക്ഷെ അവരുടെ ഹൃദയം എന്തോ കഠിനമായ വേദന അനുഭവിക്കുന്നുണ്ടെന്നു മുഖത്തു നോ ക്കിയാൽത്തന്നെ അറിയാം.

അരമനയിലെ അന്തഃപുരത്തോടു ചേർന്നുള്ള ഉദ്യാ നത്തിൽ മനോഹരമായ ഒരു സരോവരത്തിന്റെ ശിലാനി ർമ്മിതമായ സോപാനത്തിന്മേൽ വിഷണ്ണവദനയായ രാജകു മാരി കൈപ്പടത്താൽ കപോലത്തെ താങ്ങിക്കൊണ്ടു ചി ന്താമഗ്നയായിരിക്കുകയാണു്. വിശറികൊണ്ടു വീശുക മുത ലായ ഉപചാരങ്ങൾ അനുഷ്ഠിച്ചുകൊണ്ടു് രണ്ടു സഖികളും കൂടെ ഇരിപ്പുണ്ടു്. ഒരുവൾ രാജകുമാരിയോടു് ഇങ്ങനെ ഗു ണദോഷിച്ചു:— "അല്ലയോ രാജകുമാരി! എല്ലാവരും ആ ഹ്ലാദത്തിൽ മുഴുകിയിരിക്കുന്ന ഒരു ദിവസമാണിന്നു്. ഈ ആനന്ദപൂർണ്ണമായ ദിനത്തിൽ നീ ഇങ്ങനെ കരയുന്നതു ശരി യല്ല. മഹാരാജാവോ അമ്മമഹാറാണിയോ കേട്ടാല ത്തെ കഥ എന്താണെന്നു് ഒന്നു ആലോചിച്ചുനോക്കുക. അവർ വല്ലാതെ വ്യസനിക്കുകയില്ലേ? ഇന്നത്തെ ദിവസം ഉള്ളിലെ ആധിയെല്ലാം ഒതുക്കിവച്ചു് ഉത്സാഹത്തോടുകൂടി

നീ വിനോദങ്ങളിൽ പങ്കുകൊള്ളണം. വരൂ, നമുക്കു ശ്രീകൃഷ്ണസ്വാമിയുടെ ക്ഷേത്രത്തിലേയ്ക്കു പോകാം. അമ്പലത്തിൽ നിന്നെ കാണാതെയാകുമ്പോൾ അമ്മമഹാറാണി നിന്നെ അന്വേഷിച്ച് ഉടനെ ഇവിടെ ഓടിയെത്തും. അതിനിടയാക്കരുത്."

സംയുക്ത:— "പ്രിയസഖി, എൻെറ മനസ്സിനെ അടക്കുവാനുള്ള ശക്തി എനിക്കില്ലാതായിരിക്കുന്നു. പഴയ കഥകളെക്കുറിച്ചുള്ള സ്മരണകൾ എൻെറ മനസ്സിൽ നിന്നു മാഞ്ഞുപോകുന്നില്ല. ഇന്നു വിശേഷിച്ചും അവ എൻെറ ഹൃദയത്തെ വന്നാക്രമിക്കുന്നു. ഡൽഹിയിലെ 'ഹോളി'യാഘോഷത്തിൻെറ കഥയാണ് ഞാനിപ്പോളോക്കുന്നതു്. അവിടെവച്ച് എത്ര ആനന്ദത്തോടും എന്തൊരുത്സാഹത്തോടുംകൂടിയാണ് ഞാൻ ആ ഉത്സവത്തിൽ പങ്കുകൊണ്ടിരുന്നതു്! ആ ആഹ്ലാദവും ആ ഉത്സാഹവും ഇന്നെനിക്കു് അശേഷം ഇല്ല. സഹോദരി, ജീവിതത്തിൽ ഇനി വല്ലപ്പോഴും ആ ഡൽഹി നഗരത്തിൽ ചെന്നു് ശ്രീകൃഷ്ണസ്വാമിയുടെ പാദകമലങ്ങളിൽ സിന്ദൂരാർപ്പണം ചെയ്തു കൃതാർത്ഥയാകുവാനുള്ള ഭാഗ്യം എനിക്കുണ്ടാകുമോ?"

ഒന്നാമത്തവൾ:— "എന്തുകൊണ്ടുണ്ടാവുകയില്ല രാജകുമാരി? ഡൽഹിയിലെ ചക്രവർത്തിയായ പൃത്ഥ്വീരാജനു പ്രിയസഖിയുടെ മനോഗതം നല്ലവണ്ണം അറിയാമല്ലോ. നിങ്ങളുടെ വിവാഹം ഉടനെതന്നെ നടക്കും. അപ്പോൾ ഡൽഹി ചക്രവർത്തിയുടെ പട്ടമഹിഷി എന്ന നിലയിൽ ശ്രീകൃഷ്ണസ്വാമിയുടെ പാദങ്ങളിൽ സിന്ദൂരാർപ്പണം ചെയ്യുവാൻ നിനക്കു സാധിക്കുമല്ലോ.

അന്നെന്തൊരാനന്ദമായിരിക്കും എൻെറ പ്രിയസഖി ക്കുണ്ടാവുക!"

രണ്ടാമത്തവൾ:— "അതു വെറും വ്യാമോഹമാണ്. അങ്ങിനെ ഒരാശയ്ക്കു വകയുണ്ടായിരുന്നെങ്കിൽ ഇന്ന് ഈ വിഷാദത്തിന്ന കാരണമില്ലല്ലോ. ആ ആഗ്രഹം അടിയോടെ തകൎന്നുപോയതല്ലേ ഇതിനെല്ലാം ഹേതു?"

ഒന്നാമത്തവൾ:— "അതെങ്ങനെയാണ സഹോദരീ? എന്തു പററി?"

രണ്ടാമത്തവൾ:— "എന്തൊന്നാണ് ഇനി പററാനുള്ള തു്? നമ്മുടെ മഹാരാജാവു ഡൽഹിയിലെ ചക്രവൎത്തിയായിത്തീരുമെന്നാണ് ഇത്രയുംനാൾ ആശിച്ചുകൊണ്ടിരുന്നതു്. മകളായ സംയുക്താ രാജകുമാരിയെ പൃത്ഥ്വീരാജന്ന വിവാഹം ചെയ്തുകൊടുത്തു് ആ വീരനെ തൻെറ സേനാപതിയായി നിയമിച്ചു് സാമ്രാജ്യത്തെ നിൎബ്ബാധം ഭരിക്കാമെന്നും അദ്ദേഹം കരുതിയിരുന്നു. പക്ഷെ വിചാരിച്ചതൊന്ന്; വന്നുകൂടിയതു മററൊന്ന്. വൃദ്ധനായ അനംഗപാല ചക്രവൎത്തി മരണമടുത്തപ്പോൾ, നമ്മുടെ മഹാരാജാവായ ജയചന്ദ്രനെ ഈ കാന്യകുബ്ജത്തിലെ രാജാവും, പ്രായംകൊണ്ടു വളരെ ചെറുപ്പമായ പൃത്ഥ്വീരാജനെ ഡൽഹിയിലെ ചക്രവൎത്തിയുമാക്കി വാഴിക്കുകയാണ് ചെയ്തതു്. അനംഗപാലചക്രവൎത്തിക്ക് ആണ്മക്കളാരുമുണ്ടായിരുന്നില്ല. രണ്ടു പുത്രിമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരുടെ പുത്രന്മാരാണ് ഇവർ

രണ്ടുപേരും. ഇത്തരത്തിലാണു് അദ്ദേഹം തന്റെ ദൗഹിത്രന്മാൎക്കു് രാജ്യം ഭാഗിച്ചുകൊടുത്തതു്."

ഒന്നാമത്തവൾ:— "ഇതുകൊണ്ടു രാജകുമാരിയും പൃത്ഥ്വീരാജനും തമ്മിലുള്ള വിവാഹത്തിന്നു് എന്താണാവോ തടസ്സം?"

രണ്ടാമത്തവൾ:— "തടസ്സമില്ലേ പിന്നെ? നല്ല കഥയായി! നമ്മുടെ മഹാരാജാവിനാണു് പ്രായംകൊണ്ടു് മൂപ്പു്. എന്നിട്ടും അദ്ദേഹത്തിനു കിട്ടിയതു ചെറിയ രാജ്യമായ കാന്യകുബ്ജം. ചക്രവൎത്തിയായ പൃത്ഥ്വീരാജനു് അദ്ദേഹം കപ്പം കൊടുക്കണം. അനുജന്റെ കല്പന കേട്ടു നടക്കുകയും വേണം. ഇതു വലിയൊരപമാനമായിട്ടാണു് നമ്മുടെ മഹാരാജാവു് കരുതുന്നതു്. അങ്ങിനെ കരുതുന്നതിൽ അത്ഭുതപ്പെടാനുമില്ല. ചേട്ടനു്, അനുജന്റെ കല്പന കേട്ടു നടക്കേണ്ടിവരികയാണെങ്കിൽ അതൊരപമാനം തന്നെയല്ലേ?"

ഒന്നാമത്തവൾ:— "സംശയമില്ല. അതു് അപമാനം തന്നെയാണു്. ആ കിഴവൻ ചക്രവൎത്തിക്കു ചാകാറായപ്പോൾ ബുദ്ധി കെട്ടുപോയി എന്നാണു് തോന്നുന്നതു്. അല്ലെങ്കിൽ ഇങ്ങിനെ പ്രവൎത്തിക്കുമോ?"

മേൽപ്പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ സംയുക്ത മെല്ലെ മുഖമുയൎത്തിയിട്ടു് ഇങ്ങനെ പറഞ്ഞു:— "ബുദ്ധി കെട്ടുപോയിട്ടല്ലാ സഖി, മുത്തച്ഛൻ അങ്ങിനെ ചെയ്തതു്. അദ്ദേഹം വളരെ ബുദ്ധിമാനായിരുന്നു. അതുകൊണ്ടാണു് അങ്ങിനെ പ്രവൎത്തിച്ചതു്. എന്റെ അച്ഛനേയും അദ്ദേ

ഹത്തേയും മുത്തച്ഛൻ വളരെയെല്ലാം പരീക്ഷിച്ചുനോക്കി. ഓരോ പരീക്ഷയിലും അച്ഛൻ അദ്ദേഹത്തോടു തോൽക്കുകയാണു് ചെയ്തതു്. പാണ്ഡിത്യം, ബുദ്ധിസാമത്ഥ്യം, വീരത്വം മുതലായവയിലൊന്നിലും അദ്ദേഹത്തോടു കിടനിൽക്കുവാൻ അച്ഛനു സാധിച്ചില്ല. അച്ഛനു പ്രായംകൊണ്ടു് അദ്ദേഹത്തെക്കാൾ വളരെ വലുപ്പം കൂടും. എന്നാൽ വിദ്യ, വിവേകം, വീരത്വം എന്നിവയിൽ അദ്ദേഹത്തെക്കാൾ എത്രയോ ചെറുപ്പമാണച്ഛൻ. അതിനാലാണു് ബുദ്ധിമാനായ മുത്തച്ഛൻ അച്ഛനെ കാന്യകുബ്ജത്തിലെ മഹാരാജാവും പൃത്ഥ്വീരാജനെ ഡൽഹിയിലെ ചക്രവത്തിയുമാക്കിയതു്. പ്രായത്തെയല്ല, യോഗ്യതയെയാണു് അദ്ദേഹം ആദരിച്ചതു്. അതിൽ അദ്ദേഹത്തിനെന്താണു് കുററം?"

ഒന്നാമത്തവൾ:— "അങ്ങനെയാണെങ്കിൽ ചക്രവത്തി ചെയ്തുവച്ചതു് വളരെ ഉചിതംതന്നെ. രാജ്യത്തിനു് എത്രകണ്ടു വിസ്താരം കൂടുമോ, അതിനെ വേണ്ടവിധം ഭരിക്കണമെങ്കിൽ അത്രയും കൂടുതലായി വിദ്യ, വിവേകം, വീരത്വം എന്നിവ ആവശ്യവുമാണു്. പ്രായത്തിൽ വലുതായതുകൊണ്ടുമാത്രം അതിനെ ഭരിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് ഭരിക്കുവാൻ കൂടുതൽ പ്രാപ്തിയുള്ളവനു് അദ്ദേഹം വലിയ രാജ്യം കൊടുത്തതു്. എന്നാൽ നിങ്ങളുടെ വിവാഹത്തിനു് അതുമൂലം എന്തൊരു വിഘ്നമാണുള്ളതു്?"

രണ്ടാമത്തവൾ:— "ഇതിനേക്കാൾ വലുതായ വിഘ്നം ഇനി എന്താണുള്ളതു്? രാജ്യം പകുത്തതു് വൃദ്ധനായ

ചക്രവൎത്തിയാണ്. പക്ഷെ അതിൻെറ കുററം മുഴുവനും പൃത്ഥ്വീരാജൻെറ തലയിലായി. അതുകൊണ്ട് നമ്മുടെ മഹാരാജാവിന്ന് അദ്ദേഹത്തെ കണ്ണിന്നു നേരെ കാണ്മാൻ വയ്യാതായി. കയ്യിൽ കിട്ടിയാൽ അദ്ദേഹത്തിൻെറ കഴുത്തു വെട്ടിക്കളയുവാൻകൂടി നമ്മുടെ മഹാരാജാവു മടിക്കയില്ല. അത്രയ്ക്കുണ്ട് അദ്ദേഹത്തിൻെറ നേരെ പക. പിന്നെയാണോ മകളെ അദ്ദേഹത്തിന്നു വിവാഹം ചെയ്തുകൊടുക്കുവാൻ പോകുന്നതു്."

ഒന്നാമത്തവൾ:— "അയ്യയ്യോ! എന്തിനാണ് കഴുത്തു വെട്ടാനും മററും പോകുന്നതു്. അദ്ദേഹം മകളെ വിവാഹം ചെയ്യുയാണെങ്കിൽ അതുകൊണ്ടു മകൾക്കു സുഖം വൎദ്ധിക്കുകയല്ലേയുള്ളു? മകൾ ഡൽഹിയിലെ ചക്രവൎത്തിനിയാകും. ഡൽഹി ചക്രവൎത്തി സ്വന്തം ജാമാതാവുമാകും. ഇതു് നമ്മുടെ മഹാരാജാവിന്നും അഭിമാനത്തിന്നു കാരണമല്ലേ? ജനങ്ങളെല്ലാം അദ്ദേഹത്തെ ഇപ്പോഴത്തേക്കാൾ കൂടുതലായി മാനിക്കുകയല്ലേ ഉള്ളു? ഇതൊന്നും മഹാരാജാവിന്ന് അറിഞ്ഞുകൂടെന്നോ?"

രണ്ടാമത്തവൾ:— "മഹാരാജാവിന്ന് ഇപ്പോൾ അതൊന്നുമല്ല വിചാരം. എങ്ങിനെയായാലാണ് പൃത്ഥ്വീരാജനെ ജനങ്ങൾ വെറുക്കുക എന്നാണ് അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കുന്നതു്. നാട്ടിലെങ്ങും അദ്ദേഹത്തിൻെറ പേരിൽ മിത്ഥ്യാപവാദങ്ങൾ പരത്തുകയും എല്ലാ ദിക്കിലും അദ്ദേഹത്തിന്നു ചീത്തപ്പേരു വരുത്തുകയും ചെയ്യുന്നതിലാണ് മഹാരാജാവിന്ന്

ഇപ്പോഠം ശ്രദ്ധ മുഴുവനും. നമ്മുടെ നാട്ടിൽ പൃത്ഥ്വീരാജനെ വല്ലവനും പ്രശംസിക്കുകയാണെങ്കിൽ അവന്റെ തല പിന്നെ കഴുത്തിനുമേൽ കാണുകയില്ല. അദ്ദേഹത്തെ നിന്ദിക്കുവാൻ മുതിരുന്നവൻ കൊലക്കുററം ചെയ്താലും അതിനു ശിക്ഷയുമില്ല. നമ്മുടെ മഹാരാജാവിനു ശക്തിയുണ്ടായിരുന്നെങ്കിൽ ഇതിനു മുമ്പുതന്നെ അദ്ദേഹത്തെക്കൊന്നു രാജ്യം തട്ടിപ്പറിച്ചെടുത്തേനെ. അതിനു മാത്രം മെയ്മിടുക്കില്ലാത്തതുകൊണ്ടാണ് പൃത്ഥ്വീരാജൻ ഇത്രയും ജീവിച്ചിരിക്കുന്നതു്."

ഒന്നാമത്തവഠം:— "ആങ്ഹാ; ഇങ്ങിനെയാണോ കാൎയ്യത്തിന്റെ കിടപ്പു്. എന്നാൽ വിവാഹത്തിന്റെ കാൎയ്യം ആലോചിക്കയേ വേണ്ട. ഇനി എന്താണുപായം?"

"ഉപായം കയറും കുടവും തന്നെ. കുടം കഴുത്തിൽ കെട്ടി കുളത്തിൽ മുങ്ങി മരിക്കുകയേ ഇനി നിവൃത്തിയുള്ളൂ" എന്നു പറഞ്ഞു് രണ്ടാമത്തെ സഖി പൊട്ടിച്ചിരിച്ചു.

# രണ്ടാം അദ്ധ്യായം.

## സ്വയംവരാലോചന.

കാന്യകുബ്ജത്തിലെ രാജാവായ ജയചന്ദ്രൻ ഒരു ദിവസം ആസ്ഥാനമണ്ഡപത്തിൽ ഇരുന്നു തന്റെ ഉദ്ദേശത്തെ മന്ത്രിമാരുടെ അടുക്കൽ ഇങ്ങനെ വെളിപ്പെടുത്തി:— "അല്ലയോ മന്ത്രിമാരെ, മാതാമഹന്റെ ആദേശത്തെ അന്നു് അതേ നിലയിൽ ഞാൻ നമ്രശിരസ്കനായി അംഗീകരിച്ചതു് അത്ര നന്നായില്ലെന്നാണു് ഇപ്പോൾ എനിക്കു തോന്നുന്നതു്. ഡൽഹിയെ ആക്രമിച്ചു കൈവശപ്പെടുത്തി ഞാൻ അവിടെത്തന്നെ താമസിക്കേണ്ടിയിരുന്നു. പൃത്ഥ്വീരാജൻ പ്രായംകൊണ്ടു് എത്രയോ ചെറുപ്പമാണു്. എന്നാൽ അവനാണു് ഇന്നു് ഡൽഹിയിലെ ചക്രവൎത്തി. എനിക്കാണെങ്കിൽ അവനേക്കാൾ വളരെ പ്രായം കൂടും. എന്നിട്ടും ഞാൻ ഇതാ അവന്റെ അധീനതയിൽ ഈ കാന്യകുബ്ജത്തിലെ വെറും രാജാവുമാത്രം. ഈ അപമാനത്തെ ഇനിയും സഹിച്ചുകൊണ്ടിരിക്കുവാൻ ഞാൻ ആളല്ല. ഇതിനെ പരിഹരിക്കുവാനുള്ള മാൎഗ്ഗം എന്തെന്നാലോചിക്കുവാനാണു് ഞാൻ നിങ്ങളെ ഇവിടെ വിളിച്ചു കൂട്ടിയിരിക്കുന്നതു്."

മുഖസ്തുതി പറയുവാൻ മിടുക്കന്മാരായ മന്ത്രിമാരെല്ലാം അതുകേട്ടു് അശേഷം സങ്കോചം കൂടാതെ ഐകകണ്ഠ്യേന ഇങ്ങനെ അഭിപ്രായപ്പെട്ടു:— "ശരിതന്നെയാണു മഹാരാജാവേ. ഈ അപമാനം ഒരിക്കലും സഹിക്കാവുന്നതല്ല. ജ്യേഷ്ഠൻ അനുജന്റെ കീഴിലോ! ഇങ്ങനെയൊ

രവസ്ഥ ഇതിന്നു മുമ്പൊരിക്കലും സംഭവിച്ചിട്ടില്ല; സംഭവിക്കുവാൻ പാടില്ല; സംഭവിക്കുകയുമില്ല."

ജയചന്ദ്രൻ:— "എന്തു്, സംഭവിക്കുകയില്ലെന്നോ? പിന്നെ എന്താണിപ്പോൾ സംഭവിച്ചിരിക്കുന്നതു്? ഇന്നലത്തെ ചെക്കനല്ലേ ആ പൃത്ഥ്വീരാജൻ? എന്നിട്ടും അവനെ ഡൽഹിയിലെ ചക്രവത്തിയായി പൂജിക്കേണ്ടതായിട്ടല്ലേ വന്നിരിക്കുന്നതു്!"

ഉടനെ ആ അഭിപ്രായത്തെ ശരിവച്ചുകൊണ്ടു നാലു ഭാഗത്തുനിന്നും ആ മുഖസ്തുതിക്കാർ ഇങ്ങനെ വിളിച്ചു പറഞ്ഞു:— "അതേ അതെ. ശരിയാണതു്. ഇന്നലത്തെ മഴയ്ക്കു് ഇന്നു മുളച്ച തകരയാണു് ആ പൃത്ഥ്വീരാജൻ. എന്നിട്ടും അവനെ ചക്രവത്തിയായി പൂജിക്കേണ്ടിവന്നതു് മഹാ കഷ്ടംതന്നെ. അതിനെന്താണിനി നിവൃത്തി."

ജയചന്ദ്രൻ:— "അതിനുള്ള നിവൃത്തിമാൎഗ്ഗം എന്താണെന്നാണു് ഞാൻ നിങ്ങളോടു ചോദിക്കുന്നതു്? നാം ഇപ്പോൾ എന്താണു് ചെയ്യേണ്ടതു്?"

മന്ത്രിമാരിൽ ഒരാൾ:— "ഇപ്പോൾത്തന്നെ സൈന്യസമേതനായി ചെന്നു് അവിടുന്നു ഡൽഹിയെ ആക്രമിക്കുകയാണു വേണ്ടതു്. ഡൽഹിയും കാന്യകബ്ജവും—രണ്ടു രാജ്യങ്ങളും—അങ്ങനെ അവിടുത്തെ അധീനതയിലാകും. ആ പൃത്ഥ്വീരാജൻ ഉടനെ അവിടുത്തെ കാല്ക്കൽ അഭയം പ്രാപിക്കും. അപ്പോൾ കുട്ടിയാണെന്നുവച്ചു് അവിടുന്നു് അവന്റെ നേരെ ദയ കാണിച്ചുപോകരുതു്."

വൃദ്ധനും ബുദ്ധിമാനുമായ ഒരു മന്ത്രി ആ കൂട്ടത്തിലുണ്ടായിരുന്നു. അദ്ദേഹം ആ അഭിപ്രായത്തെ എതി

ത്തു:— "അതു് അത്ര എളുപ്പമായ മാർഗ്ഗമല്ല. രണ്ടു ഭാഗത്തേയ്ക്കും അതുകൊണ്ടു വലുതായ നാശം നേരിടും. യുദ്ധത്തിൽ വിജയം ലഭിക്കുകയാണെങ്കിൽ അതുകൊണ്ടു് നമുക്കു വലുതായ ലാഭമുണ്ടെന്നുള്ളതു വാസ്തവം തന്നെ. തോൽവിയാണു് പററുന്നതെങ്കിലോ—ഉള്ളതുംകൂടി കളഞ്ഞു കുളിക്കേണ്ടിവരും."

ആ അഭിപ്രായം കേട്ടിട്ടു മുഖസ്തുതിക്കാരായ മന്ത്രിമാരെല്ലാം പൊട്ടിച്ചിരിച്ചുപോയി. അവരിൽ ഒരാൾ ആക്ഷേപസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:— വയസ്സൻ വളരെ ബുദ്ധിമാൻതന്നെ! യുദ്ധംചെയ്താൽ ഒരു ഭാഗം തോല്ക്കുകയും മറേറ ഭാഗം ജയിക്കുകയും ചെയ്യും എന്നുള്ള നിങ്ങളുടെ ഈ പുതിയ കണ്ടുപിടിത്തം വളരെ കേമമായിരിക്കുന്നു! അതു പോകട്ടെ. നിങ്ങളുടെ അഭിപ്രായത്തിൽ എന്താണിപ്പോൾ ചെയ്യേണ്ടതു്? തുറന്നു പറയൂ, കേൾക്കട്ടെ."

വൃദ്ധമന്ത്രി:— "ദിവംഗതനായ ചക്രവർത്തി തിരുമനസ്സുകൊണ്ടു് മഹാരാജാവിന്റെ നന്മയ്ക്കുവേണ്ടിയാണു് എന്നെ ഡൽഹിയിൽ താമസിപ്പിക്കാതെ ഇവിടെയ്ക്കു പറഞ്ഞയച്ചതു്. മഹാരാജാവിനു് അഭിവൃദ്ധിയും ശ്രേയസ്സും ഉണ്ടാകത്തക്കവിധത്തിൽ എല്ലാക്കാര്യങ്ങളിലും ശക്തിക്കൊത്തവണ്ണം നല്ല ഉപദേശങ്ങൾ നല്കുവാൻ ഞാൻ ശ്രമിക്കുകതന്നെ ചെയ്യും. എന്നാൽ ഉപദേശമനുസരിച്ചു പ്രവർത്തിക്കേണ്ട ഭാരം മഹാരാജാവിനുള്ളതാണു്."

ജയചന്ദ്രൻ:— "ആദ്യമായി നിങ്ങളുടെ അഭിപ്രായം കേൾക്കട്ടെ. അതുപ്രകാരം പ്രവത്തിക്കണമോ വേണ്ടയോ എന്നുള്ള കാര്യം പിന്നീട് ആലോചിച്ചു തീരുമാനിക്കാം."

മന്ത്രി:— (വിനയത്തോടുകൂടി) "മഹാരാജാവേ, ഇപ്പോഴത്തെ നിലയിൽത്തന്നെ കുറെനാൾകൂടി കഴിച്ചുകൂട്ടി നാട്ടുകാരുടെ ഇടയിൽ സമ്പത്തും സമാധാനവും വർദ്ധിപ്പിക്കുവാൻ നാം ശ്രമിക്കണം. പ്രജകളെല്ലാവരും മഹാരാജാവിൻെറ പേരിൽ പരിപൂണ്ണ ഭക്തിയുള്ളവരായിത്തീരുവാൻ വേണ്ട പ്രവൃത്തികളാണു് ഒന്നാമതായി നാം ചെയ്യേണ്ടതു്. ഇങ്ങനെ നാട്ടിൽത്തന്നെ ധനശക്തിയും ജനസ്വാധീനവും ധാരാളമായി ഉണ്ടായിക്കഴിയുമ്പോൾ ഡൽഹി ചക്രവത്തിക്കു കൊടുക്കേണ്ട കപ്പം നിറുത്തിക്കളയുവാൻ നമുക്കു കഴിയും. അപ്പോൾ അദ്ദേഹത്തിൻെറ അധികാരത്തിൽനിന്നും മുക്തനായി മഹാരാജാവിനു സ്വതന്ത്രനാകുവാൻ സാധിക്കുകയും ചെയ്യും."

ജയചന്ദ്രൻ:— "കൊള്ളാം, നിങ്ങളുടെ ഉപദേശം എനിക്കു് വളരെ ബോധിച്ചു. നിങ്ങൾ പറഞ്ഞപ്രകാരത്തിൽ ക്രമേണ നമുക്കു സ്വാതന്ത്ര്യം സമ്പാദിക്കുവാൻ സാധിക്കുമെന്നുള്ളതു ശരിതന്നെ. പക്ഷേ ചക്രവത്തിയുടെ സ്ഥാനം കിട്ടുവാനുള്ള മാഗ്ഗമെന്താണു്?"

വൃദ്ധമന്ത്രി:— (ഉത്സാഹത്തോടുകൂടി) "മഹാരാജാവേ, അതിനുമുണ്ടു് ഉപായം. ചക്രവത്തിയാകണമെങ്കിൽ ധനശക്തിയും ജനശക്തിയും ബന്ധുസഹായവും

ധാരാളമാവശ്യമാണു്. യുദ്ധത്തിൽ സകല രാജാക്കന്മാരേയും തോല്പിച്ചു രാജസൂയം എന്ന യാഗം കഴിച്ചാൽ മാത്രമേ ചക്രവർത്തിസ്ഥാനം ലഭിക്കുകയുള്ളു."

വൃദ്ധനായ മന്ത്രിയുടെ പേർ മാനസിംഹൻ എന്നായിരുന്നു. ജയമല്ലൻ എന്നു പേരായി ചെറുപ്പക്കാരനായ മറെറാരാളും കൂടി മന്ത്രിമാരുടെ കൂട്ടത്തിൽ മഹാരാജാവിൻെറ വിശ്വസ്തമിത്രമായിട്ടുണ്ടായിരുന്നു. ഇവർ രണ്ടുപേരേയും കൂട്ടിക്കൊണ്ടു ജയചന്ദ്രൻ രഹസ്യമായി ചക്രവർത്തിപദത്തെ കൈക്കലാക്കുവാനുള്ള മാർഗ്ഗത്തെക്കുറിച്ചു വീണ്ടും ആലോചന തുടങ്ങി. നേരിട്ടു യുദ്ധംചെയ്തു രാജാക്കന്മാരെയെല്ലാം തോല്പിക്കാമെന്നുള്ള ധൈൎയ്യം ജയചന്ദ്രനുണ്ടായിരുന്നില്ല. യുദ്ധം കൂടാതെതന്നെ ചക്രവർത്തിപദം കൈക്കലാക്കുവാൻ എന്താണു് മാർഗ്ഗമെന്നുള്ളതിനെപ്പററി പല വാദപ്രതിവാദങ്ങളും നടന്നു. വൃദ്ധനായ മന്ത്രിയുടെ ഉപദേശം മഹാരാജാവിനു വളരെ പിടിച്ചു. മററുള്ള രാജാക്കന്മാരുടെ കാൎയ്യമൊന്നും അത്രവളരെ സാരമുള്ളതല്ല. എന്നാൽ ഡൽഹി ചക്രവർത്തിയായ പൃത്ഥ്വീരാജൻെറയും, അദ്ദേഹത്തിൻെറ സഹോദരീഭർത്താവും മീവാറിലെ റാണായുമായ സംഗ്രാമസിംഹൻെറയും കഥ അക്കൂട്ടത്തിലല്ല. അവർ രണ്ടുപേരും വീരന്മാരും പ്രബലന്മാരുമാണു്. അവരെ ജയചന്ദ്രനു് വളരെ ഭയവുമാണു്. അവരെ എങ്ങിനെയാണു് അമർത്തേണ്ടതു് എന്നുള്ളതായിരുന്നു പ്രധാനമായ ആലോചനാവിഷയം.

ജയമല്ലൻ:— "മഹാരാജാവേ, ബലംകൊണ്ടു കാൎയ്യം സാധിക്കുവാൻ പ്രയാസം നേരിടുന്ന ദിക്കിൽ കൌശലം

പ്രയോഗിക്കുകയാണു് രാജനീതിയിലെ പ്രധാനമായ ഉപായം. വല്ലവിധത്തിലും രാജാക്കന്മാരെയെല്ലാം വിളിച്ചുവരുത്തി രാജസൂയയാഗം നടത്തുവാൻ സാധിച്ചാൽ അവിടുന്നു ചക്രവർത്തിയാവുക കഴിഞ്ഞു. തങ്ങൾ കപ്പം കൊടുക്കുകയോ തിരുമുൽക്കാഴ്ച സമർപ്പിക്കുകയോ ചെയ്യേണ്ടിവരികയില്ല എന്ന വസ്തുത രാജാക്കന്മാർക്കെല്ലാം മനസ്സിലായിക്കഴിഞ്ഞാൽ ആരും ഇക്കാര്യത്തിൽ വിസമ്മതം പ്രദർശിപ്പിക്കുകയില്ല. പൃത്ഥ്വീരാജനെ ചക്രവർത്തിയായി അവർ ഏതായാലും അംഗീകരിക്കുന്നുണ്ടല്ലോ. മഹാരാജാവിനേയും അങ്ങിനെ വകവയ്ക്കുന്നതിൽ അവർക്കു യാതൊരു വിരോധവും ഉണ്ടായിരിക്കുകയില്ല. പൃത്ഥ്വീരാജനെപ്പോലെ മഹാരാജാവും ദിവംഗതനായ ചക്രവർത്തിയുടെ ദൌഹിത്രൻ തന്നെയാണു്. വിശേഷിച്ചും അവിടുന്നു് ജ്യേഷ്ഠസഹോദരനായതുകൊണ്ടു് അദ്ദേഹത്തേക്കാൾ കൂടുതലായി അവർ മഹാരാജാവിനെ മാനിക്കുകതന്നെ ചെയ്യും."

യുവമന്ത്രിയുടെ യുക്തികൾ ജയചന്ദ്രനെ സന്തോഷിപ്പിച്ചു എങ്കിലും തനിക്കുണ്ടായ സംശയത്തെ അദ്ദേഹം പ്രകാശിപ്പിക്കാതിരുന്നില്ല:— "നമ്മുടെ പ്രധാന ശത്രുക്കൾ പൃത്ഥ്വീരാജനും സംഗ്രാമസിംഹനുമാണു്. അവർ രണ്ടുപേരും ഇക്കാര്യത്തിൽ വഴിപ്പെടുമെന്നു തോന്നുന്നില്ല."

ജയമല്ലൻ:— "അവർ വഴിപ്പെടുകയില്ലെങ്കിൽ പോകട്ടെ. അതുകൊണ്ടു നമുക്കുള്ള ദോഷമെന്താണു് മഹാരാജാവേ? നാം അവരെ ക്ഷണിക്കുകതന്നെ വേണ്ട. മററു രാജാക്കന്മാരെല്ലാം വഴിപ്പെട്ടാൽത്ത

ന്നെ ധാരാളമായി. വേണമെങ്കിൽ ഒരു നേരംപോക്കുകൂടി കാണിച്ചുകളയാം. അവരുടെ രണ്ടു പ്രതിമകൾ നിർമ്മിച്ച് യജ്ഞശാലയുടെ പ്രവേശനദ്വാരത്തിൽ കാവൽക്കാരുടെ നിലയിൽ ഇരുവശത്തുമായി സ്ഥാപിക്കുകയാണെങ്കിൽ ഒരു വെടിക്കു രണ്ടു പക്ഷികളെ വീഴ്ത്തിയ ഫലവുമായി."

നീന്തുവാൻ വശമില്ലാത്ത ആളുകൾ വെള്ളത്തിൽ വീണു മുങ്ങിച്ചാകുവാൻ തുടങ്ങുമ്പോൾ, പുല്ലായാലും കയ്യിൽ കിട്ടുന്ന സാധനത്തിന്മേൽ കടന്നുപിടിച്ചു കര കയറുവാൻ ശ്രമിക്കും. എന്നാൽ തൻെറ കയ്യിൽ കിട്ടിയ ആ നിസ്സാരവസ്തു ഉദ്ദേശസിദ്ധിക്ക് ഉതകുന്നതാണോ എന്നാലോചിച്ചു നോക്കുവാനുള്ള ക്ഷമയും അവസരവും അവർക്കപ്പോൾ ഉണ്ടാകാറില്ല. ജയചന്ദ്രൻ തീരെ ബുദ്ധിശൂന്യനായിരുന്നില്ല. എന്നാൽ അല്പവയസ്കനായ പൃത്ഥ്വീരാജൻെറ അനല്പമായ ഭാഗ്യം കണ്ടിട്ട് ഉള്ളിലുദിച്ച അസൂയ അദ്ദേഹത്തിൻെറ വിവേകത്തെ ഗ്രസിച്ചുകളഞ്ഞു. അപമാനഭാരത്തിൽ താണുപോയ അദ്ദേഹത്തിൻെറ ഹൃദയം അതിൽനിന്നും രക്ഷനേടുവാൻ ശ്രമിക്കുന്നതിനിടയിൽ ജയമല്ലൻ ഉപദേശിച്ച മേൽപ്പറഞ്ഞ ഉപായം സ്വീകാര്യമാണെന്നുതന്നെ അദ്ദേഹത്തിനു തോന്നിപ്പോയി. ഉദ്ദേശത്തിനനുകൂലമായ ഫലമാണോ അതിൽനിന്നുണ്ടാകുവാൻ പോകുന്നതെന്ന് ആലോചിച്ചുനോക്കുവാനുള്ള ക്ഷമ അദ്ദേഹത്തിനുണ്ടായില്ല. അതിനാൽ ആ ഉപായം ഉപദേശിച്ചുകൊടുത്ത യുവമന്ത്രിയെ അദ്ദേഹം മുക്തകണ്ഠം പ്രശംസിക്കുകതന്നെ ചെയ്തു.

മാനസിംഹൻ:— "മഹാരാജാവേ, ഇരുട്ടുകൊണ്ടു് ഓട്ടയടയ്ക്കുവാൻ സാധിക്കുന്നതല്ല. ഇപ്പോൾ പറഞ്ഞ തരത്തിൽ ചക്രവത്തിയാകുവാൻ കഴിയുമെങ്കിൽ അതു വളരെ നല്ലതുതന്നെ. എന്നാൽ എനിക്ക് ഒരപേക്ഷയുണ്ടു്. പൃത്ഥ്വീരാജന്റേയും റാണായുടേയും പ്രതിമകൾ മാത്രം ദ്വാരദേശത്തിൽ സ്ഥാപിച്ചുപോകരുതു്. അതുമൂലം വിപരീതമായ ഫലമേ ഉണ്ടാവുകയുള്ളൂ. അവരോടു് ആനുകൂല്യമുള്ള രാജാക്കന്മാർ അതു കാണുമ്പോൾ അപമാനബോധത്താൽ വല്ല ലഹളയും ഉണ്ടാക്കുവാൻ എളുപ്പമുണ്ടു്. അവരും ഈ വിവരമറിഞ്ഞാൽ അതിൽ വിഘ്നം വരുത്തുവാൻ വഴിനോക്കാതിരിക്കയില്ല. പൃത്ഥ്വീരാജനും റാണായും ഒന്നിച്ചു ശത്രുക്കളായിത്തീന്നാൽ അവരെ തോല്പിക്കുന്ന കാര്യം അത്യന്തം വിഷമമാണു്."

ജയചന്ദ്രൻ:— (ചിരിച്ചുകൊണ്ടു്) "അവരെ അപമാനിക്കുക എന്നതു് ഏതായാലും നടക്കട്ടെ. പിന്നീടു വരുന്നതു് എന്താണെന്നു നമുക്ക് അപ്പോൾ നോക്കാം. രാജാക്കന്മാരെയെല്ലാം നമ്മുടെ രാജധാനിയിൽ വിളിച്ചുവരുത്തുവാൻ എന്താണു മാഗ്ഗം എന്നാണു് ഇനി ആലോചിക്കുവാനുള്ളതു്. അതിനു വല്ല വഴിയും തോന്നുന്നുണ്ടെങ്കിൽ പറയൂ, കേൾക്കട്ടെ."

ജയമല്ലൻ:— "അതും കൌശലംകൊണ്ടു സാധിക്കണം."

ജയചന്ദ്രൻ:— "എന്തു കൌശലം പ്രയോഗിച്ചാലാണു് അതു സാധിക്കുക എന്നാണു് എനിക്കറിയേണ്ടതു്."

ജയമല്ലൻ:— (കുറേനേരം ആലോചിച്ചിരുന്നതിനുശേഷം) "മഹാരാജാവേ, എളുപ്പത്തിലുള്ള ഒരുപായം കിട്ടിപ്പോയി. നമ്മുടെ രാജകുമാരിക്കു വിവാഹത്തിനുള്ള പ്രായമായിട്ടുണ്ടല്ലോ. രാജകുമാരിയുടെ സൌന്ദര്യത്തെക്കുറിച്ചുള്ള കീർത്തി ഭാരതഭൂമി മുഴുവൻ വ്യാപിച്ചിട്ടുണ്ട്. ഒരു സ്വയംവരത്തിനുള്ള വട്ടം കൂട്ടിയാൽ കാര്യം ഫലിച്ചിരിക്കും. സ്വയംവരത്തിന്റെ വിവരം കേട്ടാൽ രാജാക്കന്മാർ കൂട്ടംകൂട്ടമായി ഇവിടെ എത്താതിരിക്കുകയില്ല. ആദ്യത്തെ ഏഴു ദിവസം കൊണ്ട് യാഗം അവസാനിക്കും. അതിനുശേഷം സ്വയംവരം ആകാം. ഒരു ചെലവുകൊണ്ട് യാഗം, സ്വയംവരം എന്നീ രണ്ടു കാര്യങ്ങളും നിർവ്വഹിക്കാം."

ജയമല്ലന്റെ അഭിപ്രായപ്രകാരം നടത്താമെന്നു തന്നെ ജയചന്ദ്രൻ ഒടുവിൽ തീരുമാനിച്ചു.

---

## മൂന്നാം അദ്ധ്യായം.

### പൃത്ഥ്വീരാജന്റെ ചിന്താഗതി.

ബാല്യംമുതൽക്കേ ജയചന്ദ്രനു പൃത്ഥ്വീരാജന്റെ നേരെ വലുതായ വിരോധമുണ്ടായിരുന്നു. പൃത്ഥ്വീരാജൻ ചെറുപ്പത്തിൽത്തന്നെ എല്ലാ കാര്യത്തിലും വളരെ ചൊടി

യും മിടുക്കും ഉള്ളവനായിരുന്നു. അവൻെറ പഠിപ്പിലുമുള്ള സാമൎത്ഥ്യം, ബുദ്ധിശക്തി, വീരത്വം മുതലായ ഗുണങ്ങൾ ക്രമേണ ജയചന്ദ്രനെ അവൻെറ ശത്രുവാക്കിത്തീൎത്തു. ജയചന്ദ്രൻ എത്രതന്നെ ശ്രമിച്ചിട്ടും ആ വക ഗുണങ്ങളിൽ പൃത്ഥ്വീരാജനോടു കിടനില്ക്കുവാൻ ശക്തനായില്ല. സ്വന്തം അനുജൻെറ അനന്യസാധാരണമായ ആ യോഗ്യതയെ അഭിനന്ദിക്കുന്നതിനുപകരം അസൂയാദൃഷ്ടിയോടെവീക്ഷിക്കുന്നതിനാണ് ജയചന്ദ്രൻെറ ഇടുങ്ങിയ ഹൃദയം അയാളെ പ്രേരിപ്പിച്ചതു്. അതിനുംപുറമെ മാതാമഹനായ അനംഗപാലചക്രവൎത്തിക്കു് പൃത്ഥ്വീരാജൻെറ പേരിൽ ഉണ്ടായിരുന്ന അസാമാന്യമായ വാത്സല്യവും ജയചന്ദ്രൻെറ ഹൃദയത്തിലങ്കുരിച്ച ആ അസൂയാഗ്നിയെ അനുദിനം വൎദ്ധിപ്പിച്ചു.

മാതാമഹൻ തന്നേക്കാൾ കൂടുതലായി പൃത്ഥ്വീരാജനെയാണ് സ്നേഹിക്കുന്നതെന്നു് അറിഞ്ഞതോടുകൂടി ഡൽഹിയിലെ സിംഹാസനം തനിക്കു കിട്ടുന്ന കാൎയ്യം പൂജ്യമാണെന്നു ജയചന്ദ്രൻ ഗ്രഹിക്കാതിരുന്നില്ല. പൃത്ഥ്വീരാജൻ ജീവിച്ചിരിക്കുന്നപക്ഷം ഡൽഹി സിംഹാസനം തനിക്കു ലഭിക്കുമെന്നുള്ള ആശയ്ക്കു് അശേഷം വകയില്ലാത്തതിനാൽ അത്യാഗ്രഹിയായ ജയചന്ദ്രൻ അനുജനെ അപായപ്പെടുത്തുവാനുള്ള ചില ശ്രമങ്ങൾപോലും നിഗൂഢമായി അന്നു ചെയ്യുകയുണ്ടായി. എന്നാൽ അവയെല്ലാം നിഷ്ഫലമായി പരിണമിക്കുകയാണ് ചെയ്തതു്. മാതാമഹൻ ജീവിച്ചിരിക്കുമ്പോൾ നേരിട്ടു സഹോദരനോടു ശത്രുത്വം പ്രവൎത്തിക്കുവാൻ അയാൾ ധൈൎയ്യപ്പെട്ടതുമില്ല.

ഈ പൂൎവ്വകഥകളെല്ലാം പൃത്ഥ്വീരാജനു് നിശ്ചയമുണ്ടായിരുന്നു. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള ഈ വിരോധം

വച്ചുപുലത്തുന്നതു നന്നല്ലെന്നു് ആ ബുദ്ധിമാനു നല്ല വണ്ണമറിയാമായിരുന്നതിനാൽ അതിനു വല്ല പരിഹാരമാർഗ്ഗവും ഉണ്ടോ എന്നു് അദ്ദേഹം ചിന്തിക്കുവാൻ തുടങ്ങി. തൻെറ സഹോദരിയുടെ ഭർത്താവും മീവാറിലെ മഹാറാണായുമായ സംഗ്രാമസിംഹനെ ഒരിക്കൽ ഡൽഹിയിൽ വിളിച്ചുവരുത്തി ഈ ഭ്രാതൃവിരോധത്തെ ശമിപ്പിക്കുവാനുള്ള മാർഗ്ഗത്തെപ്പററി അദ്ദേഹത്തോടു് ആലോചിക്കുകകൂടിച്ചെയ്തു. സംഗ്രാമസിംഹൻെറ മറുപടി ഇപ്രകാരമായിരുന്നു:— "ഡൽഹിയിലെ സിംഹാസനം അദ്ദേഹത്തിനു വിട്ടുകൊടുക്കുവാൻ നിങ്ങൾ തയ്യാറുണ്ടോ? എന്നാൽ സകല കുഴപ്പങ്ങളും തീരും; അല്ലാതെ ഇതവസാനിക്കുകയില്ല.

പൃത്ഥ്വീരാജൻ:— "അങ്ങനെ ചെയ്യുന്നതിൽ എനിക്കു് യാതൊരു വിരോധവുമില്ല. എന്നാൽ മാതാമഹൻെറ ആദേശത്തെ ലംഘിക്കുന്നതിലുള്ള വൈമനസ്യവും പ്രജകളുടെ വിസമ്മതവുമാണു് അതിനു തടസ്സമായി നില്ക്കുന്നതു്."

സംഗ്രാമസിംഹൻ:— "ആ തടസ്സം വളരെ ബലമേറിയതുതന്നെയാണു്. വൃദ്ധനായ ചക്രവർത്തി നല്ലവണ്ണം ആലോചിച്ചുനോക്കിയതിനു ശേഷമാണു് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഡൽഹിയിലെ സിംഹാസനം ജയചന്ദ്രൻെറ കയ്യിൽ ഏല്പിക്കുകയാണെങ്കിൽ അതിനെ രക്ഷിക്കുവാനുള്ള കെല്പു സ്വതേതന്നെ അയാൾക്കില്ല. വിശേഷിച്ചും ഇപ്പോൾ മുസൽമാന്മാർ ക്രമേണ ബലപ്പെട്ടുവരുന്ന കാലവുമാണു്. അവരെ അമർത്തുവാൻ ജയചന്ദ്രനു തീരെ സാദ്ധ്യമല്ല.

അതുകൊണ്ടാണു് ആ ഭാരം നിങ്ങളെ ഏല്പിച്ചതു്!"

പൃത്ഥ്വീരാജൻ:— "പക്ഷെ അദ്ദേഹത്തെ ശത്രുവാക്കി വച്ചുകൊണ്ടിരുന്നാൽ എനിക്കുണ്ടാകുന്ന ഗുണമെന്തെന്നു മനസ്സിലാകുന്നില്ല."

സംഗ്രാമസിംഹൻ:— "ഏതായാലും തൽകാലം ഇപ്പോഴത്തെ നിലയിൽത്തന്നെ കഴിഞ്ഞുകൂടട്ടെ. ഇപ്പോഠം വിശേഷിച്ചൊന്നിനും പുറപ്പെടേണ്ട. സംയുക്തയെ നിങ്ങഠം വിവാഹം ചെയ്തുകഴിഞ്ഞാൽ അയാളുടെ മനോഭാവത്തിനു മാററം വരുന്നുണ്ടോ എന്നു നോക്കാം. അപ്പോഠം ഈ ശത്രുത്വമെല്ലാം മറന്നു മിത്രമായിത്തീരുവാനെളുപ്പമുണ്ടു്. അതിനാൽ തൽകാലം അടങ്ങിയിരിക്കുകതന്നെയാണു് നല്ലതു്."

ഇങ്ങനെ ഉപദേശം നല്കി റാണാ നാട്ടിലേയ്ക്കു മടങ്ങിപ്പോയി. തൽകാലം അതുപോലെ പ്രവത്തിക്കാമെന്നു പൃത്ഥ്വീരാജനും നിശ്ചയിച്ചു.

ദിവസം ചെല്ലുന്തോറും സംയുക്തയെക്കുറിച്ചുള്ള ചിന്ത പൃത്ഥ്വീരാജനെ അസ്വസ്ഥചിത്തനാക്കിത്തീത്തു. സംയുക്തയും പൃത്ഥ്വീരാജനും ചെറുപ്പം മുതൽ തന്നെ ഒന്നിച്ചു കളിച്ചു വളന്നവരാണു്. ബാല്യത്തിൽത്തന്നെ ആ രാജകന്യകയിൽ പ്രത്യക്ഷപ്പെട്ട അസാധാരണമായ ധാരണാശക്തി, ബുദ്ധിചാതുയ്യം, സ്വഭാവനൈമ്മല്യം മുതലായ ഗുണങ്ങഠം കണ്ടിട്ടു് പൃത്ഥ്വീരാജന്റെ മനസ്സ തന്നെത്താൻ അറിയാതെ അവളിലേക്കു ചാഞ്ഞുകഴിഞ്ഞിരുന്നു. അവളുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവൽകരണത്തിലും പൃത്ഥ്വീരാജൻ വലിയൊരു പങ്കു വഹിച്ചിട്ടുണ്ടു്. കതിര

സ്സവാരിയിലും ആയോധനവിദ്യയിലും ക്ഷത്രിയോചിതമായ പരിശീലനം നല്കി അവളെ ഒരു വീരയായ രജപുത്രകന്യകയാക്കിത്തീൎക്കുവാനും അദ്ദേഹത്തിന്ന സന്ദൎഭം സിദ്ധിക്കുകയുണ്ടായിട്ടുണ്ട്. സംയുക്തയും പൃത്ഥ്വീരാജനെ പ്രാണതുല്യം സ്നേഹിച്ചിരുന്നു. അവരുടെ ആ പരസ്പര സ്നേഹബന്ധവും സ്വഭാവസാദൃശ്യവും കണ്ടിട്ട് മാതാമഹനായ അനംഗപാലൻ വിവാഹബന്ധത്താൽ അവരെ അന്യോന്യം യോജിപ്പിക്കണമെന്നു നിശ്ചയിച്ചിരുന്നു. ജയചന്ദ്രൻ ആ അഭിപ്രായമറിഞ്ഞിട്ട് അപ്രകാരം പ്രവൎത്തിക്കാമെന്ന് അന്നു വാഗ്ദാനവും ചെയ്തിരുന്നു. എന്നാൽ ആ ആഗ്രഹം സാധിക്കുന്നതിന്നു മുമ്പായി വൃദ്ധനായ അനംഗപാലൻ പെട്ടെന്ന് കാലഗതി പ്രാപിക്കുകയും അത്യാഗ്രഹിയായ ജയചന്ദ്രൻ അപ്രതീക്ഷിതമായി പ്രത്യക്ഷത്തിൽ ശത്രുത്വം ഭാവിക്കുകയും ചെയ്യുകയാണുണ്ടായതു്.

പൃത്ഥ്വീരാജന്റെ ചിന്താഗതി ഇപ്രകാരമായിരുന്നു:— "ഹാ കഷ്ടം! എന്റെ ആശയുടെ മുമ്പിൽ എന്തൊരു പ്രതിബന്ധമാണ് വന്നുചേൎന്നിരിക്കുന്നതു്. സംയുക്ത എല്ലാംകൊണ്ടും എനിക്ക് അനുരൂപയാണ്. ഞാനാണ് അവളെ ഇത്തരത്തിലെല്ലാം ആക്കിത്തീൎത്തതു്. മുത്തച്ഛന്റെ കല്പനയും ജ്യേഷ്ഠന്റെ വാഗ്ദാനവും എന്നെ ധൈൎയ്യപ്പെടുത്തിയതിനാൽ എന്റെ ഹൃദയത്തെ ഞാൻ അവൾക്കായി സമൎപ്പിച്ചുകഴിഞ്ഞു. മുത്തച്ഛൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ വിവാഹം നടന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഇനി ഇപ്പോഴത്തെ നിലയ്ക്കു് എന്റെ

ആഗ്രഹം സഫലമാകുമോ? അതിനുള്ള ലക്ഷണമൊന്നും ഞാൻ കാണുന്നില്ല. അച്ഛന്റെ വാഗ്ദാനത്തെപ്പററി അറിഞ്ഞപ്പോൾ ധൈൎയ്യപ്പെട്ടു് സംയുക്ത അവളുടെ മനസ്സിലുള്ള മോഹത്തെ ലജ്ജകൂടാതെ എന്നോടു് അന്നു തുറന്നു പറയുകയുണ്ടായി:— "എന്റെ പ്രാണനാഥൻ അവിടുന്നുതന്നെ" എന്നുള്ള അവളുടെ അമൃതതുല്യങ്ങളായ ആ വാക്കുകൾ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ടു്. സ്ഥിരചിത്തയായ അവൾ സ്വാഭിപ്രായത്തെ പെട്ടെന്നു മാററിക്കളയുമോ? പിതാവിന്റെ ഇച്ഛയ്ക്കു വിപരീതമായി പ്രവൎത്തിക്കുവാനുള്ള മടികൊണ്ടു് അവൾ മറെറാരുത്തനെ വരിച്ചു് നാരീധൎമ്മത്തിൽനിന്നും വ്യതിചലിക്കുമോ?—ഇല്ല, ഒരിക്കലുമില്ല—സംയുക്തയെപ്പോലെ സംസ്കൃതചിത്തയായ ഒരു ക്ഷത്രിയകന്യക അങ്ങനെ ഒരധൎമ്മം പ്രവൎത്തിക്കുകയില്ല.—"

ഇപ്രകാരമെല്ലാമുള്ള ആലോചനയിൽ മുഴുകി പൃത്ഥ്വീരാജൻ അസ്വസ്ഥഹൃദയനായിരിക്കുന്ന അവസരത്തിലാണു്, ഒരു ചാരൻ കാന്യകുബ്ജത്തിൽനിന്നു മടങ്ങിവന്നു്, സംയുക്തയുടെ സ്വയംവരം, രാജസൂയയാഗം എന്നിവയെപ്പററിയുള്ള ജയചന്ദ്രന്റെ ആലോചനയും തീരുമാനവും അദ്ദേഹത്തെ അറിയിച്ചതു്. ദ്വാരപാലകവേഷത്തിൽ പൃത്ഥ്വീരാജന്റേയും റാണായുടേയും പ്രതിമകൾ യജ്ഞശാലയുടെ പുരോഭാഗത്തിൽ സ്ഥാപിക്കുവാൻ നിശ്ചയിച്ച വിവരവും രണ്ടുപേരേയും സ്വയംവരത്തിനു ക്ഷണിക്കുവാൻ ഭാവമില്ലെന്നുള്ള വസ്തുതയുംകൂടി അവൻ അദ്ദേഹത്തെ അറിയിക്കുവാൻ മടിച്ചില്ല.

# നാലാം അദ്ധ്യായം.

## റാണിയുടെ അപേക്ഷ.

സംയുക്തയുടെ സ്വയംവരവൃത്താന്തം കേട്ടപ്പോൾ അവളുടെ മാതാവിന്നു വലിയ വിചാരമായി. ആ റാണി സ്വഭർത്താവായ ജയചന്ദ്രൻെറ സമീപത്തിൽ ചെന്നു് തൻെറ അഭിപ്രായത്തെ ഇങ്ങനെ വെളിപ്പെടുത്തി:— "മകളുടെ സ്വയംവരം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു കേട്ടിട്ടു് ഞാൻ വളരെ സന്തോഷിക്കുന്നു. പക്ഷേ സ്വയംവരത്തിൽ പൃത്ഥ്വീരാജനെ ക്ഷണിക്കുകയില്ലെന്നാണോ വച്ചിട്ടുള്ളതു്?"

ജയചന്ദ്രൻ:— (ചിരിച്ചിട്ടു്) "സംയുക്തയുടെ സ്വയംവരത്തിന്നു പൃത്ഥ്വീരാജനെ ക്ഷണിക്കേണ്ടുന്ന ആവശ്യമെന്താണു്? അവനല്ലാതെ സംയുക്തയ്ക്കു് അനുരൂപനായ വരൻ ഭാരതത്തിൽ മററാരുമില്ലെന്നോ?"

റാണി:— (വിനീതസ്വരത്തിൽ) "ഉണ്ടായിരിക്കാം. പക്ഷേ പൃത്ഥ്വീരാജന്നു സംയുക്തയെ കൊടുത്തുകൊള്ളാമെന്നു് അവിടുന്നു വാക്കു പറഞ്ഞതല്ലേ?"

ജയചന്ദ്രൻ:— "ഞാൻ വല്ലപ്പോഴും വല്ലതുമൊക്കെ പറഞ്ഞിട്ടുണ്ടായിരിക്കും. അതൊക്കെ മറന്നുകളയൂ. അന്നത്തെ എൻെറ വിചാരം, 'ഞാൻ ഡൽഹിയിലെ ചക്രവർത്തിയാകും; പൃത്ഥ്വീരാജനെ ജാമാതാവാക്കി അവൻെറ സഹായത്തോടുകൂടി രാജ്യത്തെ

വേണ്ടവിധം രക്ഷിക്കും' എന്നൊക്കെയായിരുന്നു. മൂത്തച്ഛൻ എൻെറ ആ മോഹത്തെ അടിയോടെ തകത്തുകളഞ്ഞു. ഇനിയിപ്പോഠം എൻെറ ആ വാഗ്ദാനത്തിന് എന്തു വിലയാണുള്ളതു്?"

ഇത്രയും പറഞ്ഞിട്ട് ജയചന്ദ്രൻ റാണിയുടെ മുഖത്തേയ്ക്ക് ഔത്സുക്യത്തോടെ നോക്കിക്കൊണ്ടു നിന്നു. റാണിക്ക് ആ അഭിപ്രായം അശേഷം രസിച്ചില്ല. തൻെറ നീരസത്തെ ഭത്താവിനെ അറിയിക്കുന്നതിൽ അവർ അശേഷം മടിച്ചതുമില്ല:- "എന്തു്! ഇതു കുട്ടിക്കളിയാണെന്നോ? നിങ്ങളുടെ രാജ്യകാൎയ്യങ്ങളിലെല്ലാം ആ കളി നടക്കുമായിരിക്കും. ഒരു രാജാവിനെ മാററി അതിനുപകരം മറെറാരു രാജാവിനെ വാഴിക്കുവാൻ സാധിച്ചു എന്നു വരാം. എന്നാൽ ഒരു സ്ത്രീയുടെ കാൎയ്യത്തിൽ ആ കളി നടപ്പുള്ളതല്ല. കന്യകയെ ഒരാഠംക്കു് ദാനം ചെയ്യാമെന്നു പറഞ്ഞുകഴിഞ്ഞാൽപ്പിന്നെ അവളെ പിടിച്ചു മറെറാരുത്തനു കൊടുക്കുവാൻ പാടുള്ളതല്ല. ഒരുത്തനെ മനസ്സുകൊണ്ടു ഭത്താവായി വരിച്ചുകഴിഞ്ഞാൽ അവഠം പിന്നെ ഒരിക്കലും അന്യനെ വരിക്കുകയില്ല. അതല്ല, അങ്ങനെ വരിക്കുകയാണെങ്കിൽ അവഠം നാരീധൎമ്മത്തെ നിർലജ്ജം വ്യഭിചരിപ്പിക്കുകയായിരിക്കും. നാലുപേരുടെ മുമ്പിൽ നിവൎന്നു നില്ക്കുവാനുള്ള അവകാശം അവഠംക്കില്ലാതാകും. അവളെ ലോകം നിന്ദിക്കും."

ജയചന്ദ്രൻ:— (അല്പം കോപത്തോടുകൂടി) "നിൻെറ നാരീധൎമ്മം ഒരിടത്തു് കെട്ടിവച്ചേയ്ക്കു. ലോകനിന്ദ എങ്ങനെയെങ്കിലും തുലയട്ടെ. ഞാൻ കന്യകയെ

ഒരിക്കലും പൃത്ഥ്വീരാജന്ന ദാനം ചെയ്കയില്ല. അതു തീച്ച്യയാണ്."

റാണി:— "ഇതെന്തൊരു വർത്തമാനമാണ് നാഥ? അതൊരിക്കലും പാടില്ല. അവിടുത്തെ സമ്മതത്തോടുകൂടി സംയുക്ത പൃത്ഥ്വീരാജനെത്തന്നെ ഭർത്താവായി വരിച്ചുകഴിഞ്ഞുവല്ലൊ. ഇപ്പോൾ ഇനി അവൾ അന്യനെ വരിക്കുന്നതെങ്ങനെ? അവളൊരിക്കലും അതു ചെയ്കയില്ല. മരണമായിരിക്കും അവൾക്കതിനേക്കാൾ കാമ്യമായിട്ടുള്ളതു്. പൃത്ഥ്വീരാജനെ ക്ഷണിക്കാതെയുള്ള ഒരു സ്വയംവരം നടത്തി അവിടുന്നു സ്വന്തം മകളെ മൃത്യുവിന്നു ദാനം ചെയ്യാമെന്നാണോ കരുതുന്നതു്?—"

ജയചന്ദ്രൻ:— "അച്ഛന്റെ ഹിതത്തെ അനുസരിക്കാത്ത മകൾ മരിക്കുകതന്നെയാണ് ഭേദം."

റാണി:— "നാഥ! അച്ഛന്റെ ഹിതത്തെ അനുസരിക്കാത്തവളെന്നുള്ള അപരാധം അവളിൽ ചുമത്തുന്നതെങ്ങനെ? അവിടുന്ന് ആദ്യം ആരെയാണോ അവളുടെ ഭർത്താവായി സങ്കല്പിച്ചതു്, അദ്ദേഹത്തെത്തന്നെ അവൾ തന്റെ പ്രാണനാഥനായി വരിച്ചു. അദ്ദേഹത്തിന്റെ അഭിരുചിക്കൊത്തവണ്ണമുള്ള വിദ്യകൾ അഭ്യസിച്ചു്, അദ്ദേഹത്തിന്ന് അനുരൂപയായ പത്നിയായിത്തീരുവാൻ അവൾ പരിശ്രമിച്ചു. അദ്ദേഹത്തെ ഉള്ളഴിഞ്ഞു സ്നേഹിച്ചു് അദ്ദേഹത്തിന്റെ ചരണ

ങ്ങളിൽ അവരം തൻെറ ഹൃദയത്തെ അപ്പിച്ചു. അവിടെ ലയിച്ചുപോയ ഹൃദയത്തെ ഇനി പിൻവലിച്ചെടുക്കുക സാദ്ധ്യമാണോ? പെണ്ണായിപ്പിറന്ന ഒരുത്തിക്ക് അതൊരിക്കലും സാധിക്കാത്ത പ്രവൃത്തിയാണു്."

ജയചന്ദ്രൻ:— "സാധിക്കുമോ ഇല്ലയോ എന്നു് സ്വയംവരത്തിൽവച്ചു കാണാം. അക്കാര്യത്തെക്കുറിച്ചു് നിന്നോടു് അധികമൊന്നും തക്കിക്കുവാൻ ഞാനിപ്പോരം വിചാരിക്കുന്നില്ല."

ഇത്രയും പറഞ്ഞുതീർത്തിട്ടു ജയചന്ദ്രൻ നീരസത്തോടുകൂടി ഉടനെ അന്തഃപുരത്തിൽനിന്നു് ആസ്ഥാനമണ്ഡപത്തിലേയ്ക്കായി നടന്നുകളഞ്ഞു. റാണിയാകട്ടെ മകളുടെ സ്ഥിതിയെപ്പററി ഓർത്തു വ്യസനാക്രാന്തയായി കുറേനേരം ആ നിലയിൽത്തന്നെ അവിടെ നിന്നുപോയി.

---

## അഞ്ചാം അദ്ധ്യായം.

### സംയുക്തയുടെ ദൃഢനിശ്ചയം.

സംയുക്ത അന്തഃപുരത്തിലുള്ള ഉദ്യാനത്തിൽ ഇരുന്നു് ഏകാഗ്രമനസ്സായി ഒരു മാല കോക്കുകയായിരുന്നു.

ഇടയ്ക്കിടയ്ക്കു കൺമധുരമായി അവൾ മൂളിപ്പാട്ടും പാടുന്നുണ്ടു്. ആ അവസരത്തിൽ അവളുടെ പ്രധാനപ്പെട്ട സഖി ബദ്ധപ്പെട്ടു നടന്നു് അവിടെയെത്തി ഇങ്ങനെ അറിയിച്ചു:— "കേട്ടില്ലേ വർത്തമാനം? കാര്യം വളരെ ഗൗരവമേറിയതായിട്ടാണു് വന്നുകൂടിയിരിക്കുന്നതു്. ഒരു സംയുക്തയ്ക്കുവേണ്ടി ഭാരതത്തിലെ രാജാക്കന്മാർ മുഴുവനും ഇവിടെ വന്നെത്തുവാനാണു് ഭാവം. സംയുക്ത ഇപ്പോൾ എന്തു ചെയ്യുമെന്നാണു് എനിക്കു വിചാരം." ഇത്രയും പറഞ്ഞിട്ടു് അവൾ ചിരിക്കുവാൻ തുടങ്ങി.

സംയുക്ത:— "ഇതാണോ ഇത്ര വളരെ ഗൗരവമേറിയ കാര്യം? ഭാരതത്തിലെ എന്നല്ല, ഭൂമണ്ഡലത്തിലെ രാജാക്കന്മാരെല്ലാംതന്നെ വന്നു ചേർന്നാലും സംയുക്ത ഒരാളെയല്ലാതെ രണ്ടുപേരെ വരിക്കുകയില്ല. മനസ്സുകൊണ്ടു് ആരെ വരിച്ചുകഴിഞ്ഞിരിക്കുന്നുവോ അദ്ദേഹത്തെത്തന്നെ പരസ്യമായും അവൾ വരിക്കും;" എന്നു പറഞ്ഞിട്ടു് സഖിയോടൊപ്പം സംയുക്തയും ചിരിച്ചു.

സഖി:— "ഇത്രയുംനേരം എൻെറ സഖി ചിരിച്ചു. ഇനിയത്തെ കഥ കേട്ടാൽ ചങ്ങാതി കരഞ്ഞുപോകും."

സംയുക്ത:— "എന്നാൽ അതങ്ങു പറഞ്ഞുകളയൂ, കേൾക്കട്ടെ. 'അദ്ദേഹം വന്നില്ലെങ്കിലോ' എന്നായിരിക്കും നീ പറയുവാൻ പോകുന്നതു്. അങ്ങനെയാണെങ്കിൽ എൻെറ മാല അദ്ദേഹത്തിനുവേണ്ടി ഞാൻ തന്നെ കഴുത്തിലണിയും: എന്നെന്നും അദ്ദേഹത്തെ

ത്തന്നെ മനസ്സുകൊണ്ടു് ഭർത്താവായി പൂജിച്ചു ഞാൻ കാലം കഴിക്കും."

സഖി:— (ചിരിച്ചിട്ടു്) "എന്തുകൊണ്ടു്? അദ്ദേഹത്തേക്കാൾ കൂടുതൽ സൗന്ദര്യവും ഗുണവുമുള്ള ആരെയെങ്കിലും കാണുകയാണെങ്കിൽ ഉടനെ ആ ആളുടെ കഴുത്തിലങ്ങു മാലയിട്ടേക്കരുതോ? മഹാരാജാവിന്റെ കല്പനയാണു്. പൃത്ഥ്വീരാജനെ ഒഴിച്ചു മററാരെയെങ്കിലും വരിക്കണമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം." ഇത്രയും പറഞ്ഞിട്ടു് അവൾ ഒരു ദീർഘനിശ്വാസം വിട്ടു.

സംയുക്ത:— അച്ഛനു് ഭ്രാന്തു പിടിച്ചു എന്നുണ്ടോ? മക്കളുടെ നാരീധർമ്മത്തിന്റെ കഥ അദ്ദേഹം മറന്നുപോയോ? സംയുക്ത ഒരുത്തനു വാക്കാൽ ദാനം ചെയ്യപ്പെട്ടുപോയവളാണു്. പൃത്ഥ്വീരാജനു മകളെ വിവാഹംചെയ്തു കൊടുക്കാമെന്നു് മഹാരാജാവു പണ്ടു വാക്കു പറഞ്ഞിട്ടുള്ളതല്ലേ? അച്ഛന്റെ ആ വാഗ്ദാനത്തെ ആദരിച്ചു ഞാനും അദ്ദേഹത്തെത്തന്നെ മനസ്സുകൊണ്ടു നാഥനായി വരിച്ചു്, എന്റെ ഹൃദയത്തെ അദ്ദേഹത്തിനായി അർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഞാൻ മററൊരാളെ ഭർത്താവായി വരിക്കുകയോ? ഇല്ല, അതൊരിക്കലും ഞാൻ ചെയ്കയില്ല."

സഖി:— സ്വയംവരത്തിനു് പൃത്ഥ്വീരാജനെ ക്ഷണിച്ചിട്ടില്ലല്ലോ. വിവാഹമണ്ഡപത്തിൽ പ്രവേശിക്കുവാൻ അദ്ദേഹത്തിനു് അനുവാദവുമില്ല."

സംയുക്ത:— (ചിരിച്ചിട്ട്) "അതുകൊണ്ടെന്താണ് ദോഷം? സതീദേവിയുടെ സ്വയംവരത്തിൽ ദക്ഷൻ ചെയ്തതും ഇതുപോലെയല്ലേ? എന്നിട്ട സതിയുടെ ആഗ്രഹത്തെ തടുക്കുവാൻ അദ്ദേഹത്തിന്ന സാധിച്ചുവോ? സതീദേവി തൻെറ പ്രാണനാഥനായി മനസ്സുകൊണ്ട വരിച്ച ശിവനെ ഉദ്ദേശിച്ചു വരണമാല്യത്തെ അൎപ്പിച്ച ഉടനെ ഭക്തവത്സലനായ ആ ശിവൻ പെട്ടെന്ന് അവിടെ ആവിൎഭവിച്ച് ആ മാല്യത്തെ തൻെറ കണ്ഠത്തിൽ അണിയുകയും തൻെറ പ്രാണപ്രിയയെയും എടുത്തുകൊണ്ട് സ്വയംവരമണ്ഡപത്തിൽനിന്ന സസന്തോഷം നിൎഗ്ഗമിക്കുകയും ചെയ്തു. ഞാനും അങ്ങനെതന്നെ പ്രവൎത്തിക്കും."

സഖി:— "മഹാദേവൻ സൎവ്വജ്ഞനാണ്. അതുകൊണ്ടാണ് കൃത്യസമയത്ത് അവിടെ സന്നിഹിതനാകുവാൻ അദ്ദേഹത്തിന്ന സാധിച്ചത്. എന്നാൽ നിൻെറ പൃത്ഥ്വീരാജന് അതുപോലെ സമയത്തിന്ന വന്നെത്തുവാനും മററും സാധിച്ചു എന്നു വരുമോ?"

സംയുക്ത:— "സതിയെപ്പോലെ ഞാനും അദ്ദേഹത്തെ ഉദ്ദേശിച്ച് മാലയെ അൎപ്പിക്കും. ശക്തിയുണ്ടെങ്കിൽ അദ്ദേഹം അതു കൈക്കൊള്ളട്ടെ. ഇല്ലെങ്കിൽ ഇനിയത്തെ ജന്മത്തിലെങ്കിലും അദ്ദേഹത്തെ ലഭിക്കുവാൻ വേണ്ടി ബ്രഹ്മചാരിണിയായി ഞാൻ തപസ്സു ചെയ്യും. ആ അധികാരത്തെ ഇല്ലാതാക്കുവാൻ ആൎക്കും കഴിയുകയില്ലല്ലോ."

സഖി:— "നീ പൃത്ഥ്വീരാജനെ ഉദ്ദേശിച്ച് വരണമാല്യ

ത്തെ അപ്പിച്ചതുകൊണ്ടുമാത്രം നിന്നെ വന്നു സ്വീക രിക്കുവാൻ അദ്ദേഹത്തിനു കഴിയുമെന്നാണോ നീ വിശ്വസിക്കുന്നതു്?"

സംയുക്ത:— "അതെ, നിശ്ചയമായും അദ്ദേഹത്തിനു് അതു സാധിക്കും. പവിത്രമായ പ്രേമത്തിൻെറ പ്ര ബലമായ പ്രചോദനത്താൽ ഇരുഹൃദയങ്ങൾ പര സ്പരം ആകർഷിക്കപ്പെട്ടമ്പോൾ അവയുടെ മിളനത്തെ മുടക്കുവാൻ ഒരു പ്രതിബന്ധത്തിനും സാദ്ധ്യമല്ല. പ്ര ണയത്തിൻെറ കൊടുങ്കാററിൽ പർവ്വതതുല്യങ്ങളായ വിഘ്നങ്ങളും പുല്ലുപോലെ പറപറക്കും. എൻെറ അച്ഛൻെറ പ്രതിബന്ധം എത്രയോ നിസ്സാരം!" ഇ ത്രയും പറഞ്ഞിട്ടു് സംയുക്ത സഖിയുടെ മനോഭാവ ത്തെ ഗ്രഹിക്കുവാൻവേണ്ടി അവളുടെ മുഖത്തേയ്ക്കൊ ന്നു സൂക്ഷിച്ചുനോക്കി.

സഖി:— (വിസ്മയംകൊണ്ടു വികസിച്ച നേത്രങ്ങളോടുകൂ ടി അല്പനേരം സംയുക്തയുടെ മുഖത്തേയ്ക്കു നോക്കിനി ന്നതിനുശേഷം) "പ്രിയസഖി, നീ അച്ഛനോടു് അനു സരണയില്ലാത്തവളായിത്തീരുമെന്നോ?"

സംയുക്ത:— "ഞാൻ അച്ഛനോടു് അനുസരണക്കേടു യാ തൊന്നും കാണിക്കുന്നില്ല. അച്ഛൻതന്നെയാണു് എ ന്നെ പൃത്ഥ്വീരാജൻെറ കയ്യിൽ സമപ്പിക്കാമെന്നു വാ ഗ്ദാനം ചെയ്തതു്. ആ വാഗ്ദാനത്തെ നിറവേററി അ ച്ഛനെ സത്യസന്ധനാക്കുവാനാണു് ഞാൻ ശ്രമിക്കു ന്നതു്. സതികൾക്കെല്ലാം ആശ്രയവും ജഗന്മാ താവുമായ ആ സതീദേവിയുടെ കാൽച്ചുവടുകൾ

എനിക്കു വഴികാണിച്ചുതരികയും ചെയ്യുന്നുണ്ട്. ആ ദേവി സ്വപ്രവൃത്തികൊണ്ടു ലോകവാസികളെ ഒരു പാഠം പഠിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. ആ പാഠത്തെ ഞാൻ മറന്നുകളയുകയോ? ആ ജഗന്മാതാവിന്റെ കാലടികളെത്തന്നെ ഞാൻ പിൻതുടരും. അതുകൊണ്ടു് എനിക്കു് എന്താപത്തുതന്നെ നേരിട്ടാലും ഞാൻ ഭയപ്പെടുകയില്ല."

രാജകന്യകയുടെ ഈ പ്രണയദാർഢ്യവും ദൃഢവിശ്വാസവും സ്ഥിരനിശ്ചയവും കണ്ടിട്ട് സഖി അത്ഭുതപരതന്ത്രയായി കുറേനേരം അനങ്ങാതെ അവിടെത്തന്നെ നിന്നുപോയി.

ഈ സംഭാഷണം മുഴുവൻ ശ്രദ്ധിച്ചു കേട്ടുകൊണ്ടു് സംയുക്തയുടെ മാതാവും അടുത്തുതന്നെയുള്ള ഒരു ചെടിയുടെ മറവിൽ നില്പുണ്ടായിരുന്നു. പ്രേമദേവതയുടെ പാദപീഠത്തിൽ പുത്രി അർപ്പിക്കുവാൻ ഒരുങ്ങിയ ആത്മബലിയുടെ ആ പ്രതിജ്ഞാമന്ത്രം കേട്ടപ്പോൾ റാണിയുടെ ദേഹമാസകലം ആനന്ദത്താലും അഭിമാനത്താലും കോൾമയിർക്കൊണ്ടു. എന്നാൽ ഉത്തരക്ഷണത്തിൽത്തന്നെ ആ മാതൃഹൃദയം എന്തോ ആപല്ശങ്കയാൽ വല്ലാതെ വിറപൂണ്ടു. "ഭഗവാനേ, എന്റെ മകളേയും എന്റെ പ്രാണനാഥനേയും യാതൊരാപത്തും കൂടാതെ അവിടുന്നു രക്ഷിക്കണേമേ", എന്നിങ്ങനെ മനസാ ഈശ്വരനോടു പ്രാൎത്ഥിച്ചുകൊണ്ടു് അശ്രുപൂൎണ്ണനേത്രയായി അവർ അവിടെനിന്നും പൊയ്ക്കളഞ്ഞു.

# ആറാം അദ്ധ്യായം.

## സ്വയംവരമണ്ഡപത്തിൽ.

സ്വയംവരത്തിനുള്ള ദിവസം സന്നിഹിതമായി. കാന്യകുബ്ജത്തിലെ രാജാവായ ജയചന്ദ്രൻെറ അരമനയുടെ പുരോഭാഗത്തിൽ വിചിത്രരീതിയിൽ സജ്ജീകരിക്കപ്പെട്ട സ്വയംവരമണ്ഡപം കാണികളുടെ കണ്ണുകളെ അഞ്ചിപ്പിക്കുമാറു് മനോഹരമായ അലങ്കാരവൈചിത്ര്യത്തോടുകൂടി പരിലസിക്കുന്നു. മണ്ഡപത്തിൽ വരിവരിയായി രത്നഖചിതങ്ങളായ അനേകം സിംഹാസനങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്. അവയിൽ എല്ലാററിലും ഉജ്ജ്വലങ്ങളായ വേഷഭൂഷകൾ അണിഞ്ഞുംകൊണ്ടു് ഓരോരോ രാജാക്കന്മാർ ഇരിക്കുന്നു. അന്തഃപുരത്തിൽനിന്നും വിവാഹമണ്ഡപത്തിൽ പ്രവേശിക്കുവാനുള്ള വാതില്ക്കലേക്കുതന്നെയാണു് എല്ലാവരും നോക്കിക്കൊണ്ടിരിക്കുന്നതു്. സംയുക്താ രാജകുമാരി ഇതാ വിവാഹവേഷത്തോടുകൂടി സ്വയംവരസഭയിലേയ്ക്കു വരികയായി.

രാജകുമാരിയുടെ ലാവണ്യപൂർണ്ണമായ ആ മനോഹരമൂർത്തി കണ്ടപ്പോൾ രാജാക്കന്മാരെല്ലാവരും അമ്പരന്നുപോയി. എല്ലാവരുടേയും ഉള്ളൊന്നിളകി. ഈ രമണീരത്നത്തെ ലഭിക്കുവാൻ യോഗമുള്ളവൻതന്നെ ലോകത്തിൽ വച്ചു് ഏററവും വലിയ ഭാഗ്യവാൻ എന്നു സകലരും വിചാരിച്ചുപോയി. അവനവൻെറ മഞ്ചത്തിനു മുൻവശത്തായി വയ്ക്കപ്പെട്ട വലിയ കണ്ണാടിയിൽ നോക്കി ഓരോരുത്തനും അവനവൻെറ സൗന്ദര്യത്തെ പരിശോധിക്കുവാൻ

തുടങ്ങി. സ്വന്തം സൗഭാഗ്യത്തിൽ സംശയാലുക്കളായിത്തീൎന്ന ചിലർ സമീപവൎത്തികളായ രാജാക്കന്മാരുടെ നേരെ തിരിഞ്ഞു് ഒരു താരതമ്യവീക്ഷണത്തിന്നു മുതിൎന്നു. തങ്ങളുടെ സൗന്ദൎയ്യത്തെപ്പററി സ്വയം മതിപ്പുതോന്നിയ മററു ചിലർ രാജകുമാരിയെ തങ്ങൾക്കുതന്നെ ലഭിക്കുമെന്നുള്ള വിശ്വാസത്താൽ സംതൃപ്തരായി പ്രസന്നമായ മുഖഭാവത്തോടുകൂടി ഞെളിഞ്ഞിരിപ്പായി. ശരീരസൗന്ദൎയ്യം കുറവുള്ള ഏതാനും ചിലർ ആ ന്യൂനത വേഷഭൂഷകളുടെ പ്രൗഢികൊണ്ടു പരിഹരിക്കപ്പെട്ടുമെന്നു കരുതി സമാധാനപ്പെട്ടു. ഇങ്ങനെ രാജകുമാരിയുടെ വരണമാല്യത്താൽ തന്റെ കണ്ഠം അചിരേണ അലങ്കരിക്കപ്പെടുമെന്നുള്ള ആശയാൽ ഓരോരുത്തരും മനപ്പായസം കുടിച്ചുകൊണ്ടു് ആസന്നമായ ആ ശുഭാവസരത്തെ അക്ഷമയോടെ പ്രതീക്ഷിച്ചുംകൊണ്ടിരിപ്പായി.

രാജകുമാരിയായ സംയുക്ത സ്വയംവരസഭയിൽ പ്രവേശിച്ച ഉടനെ പിതൃഗുരുവായ തുൎയ്യാനന്ദനെ നമസ്കരിച്ചു. അദ്ദേഹം അവളുടെ മസ്തകത്തിന്മേൽ കൈവച്ചുകൊണ്ടു് "അനുരൂപനായ ഭൎത്താവിനെ ലഭിക്കട്ടെ" എന്നു വാത്സല്യപൂൎവ്വം ആശീൎവ്വദിച്ചു. അതിനുശേഷം അവൾ പിതാവിന്റെ സമീപത്തിൽ ചെന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു വന്ദിച്ചു. "ഇവിടെ കൂടിയിട്ടുള്ള രാജാക്കന്മാരിൽ ഉന്നതകുലജാതനായ ഒരുവനെ ഇഷ്ടംപോലെ ഭൎത്താവായി വരിച്ചു് നീ നിന്റെ പിതൃവംശത്തെ ഉജ്ജ്വലമാക്കുക, മകളേ", എന്നായിരുന്നു ജയചന്ദ്രൻ അപ്പോളുച്ചരിച്ച ഉപദേശപൂൎണ്ണമായ അനുഗ്രഹവാക്യം.

അനന്തരം സംയുക്ത അവിടെ സന്നിഹിതരായ രാജാക്കന്മാരിൽ ഓരോരുത്തൻേറയും സമീപത്തിൽക്കൂടെ മന്ദമന്ദം മുന്നോട്ടു നീങ്ങിത്തുടങ്ങി. ഓരോരുത്തൻേറയും അടുത്തെത്തുമ്പോൾ കൂടെ നില്ക്കുന്ന രാജപുരുഷന്മാർ അതതു രാജാവിൻെറ കുലമഹിമയെ വർണ്ണിച്ച് അദ്ദേഹത്തിൻെറ അപദാനങ്ങളെ കീർത്തിച്ചുതുടങ്ങും. അതെല്ലാം കേട്ടുകഴിയുമ്പോൾ അവൾ അദ്ദേഹത്തെ സവിനയം വന്ദിച്ച് പിന്നെയും മുന്നോട്ടു നീങ്ങുകയായി. ഇങ്ങനെ ക്രമേണ ഓരോരുത്തരേയും കടന്ന് അവൾ ആ മണ്ഡപത്തിൻെറ ദ്വാരദേശത്തിലെത്തി. തൻെറ ആരാധനാമൂർത്തിയുടെ പ്രതിമയായ അവിടെ നില്ക്കുന്നതായി അവൾ കണ്ടു. ദ്വാരപാലകവേഷത്തിൽ അവിടെ സ്ഥാപിക്കപ്പെട്ട രണ്ടു പ്രതിമകളുടേയും പാർശ്വത്തിലായി വേഷപ്രച്ഛന്നന്മാരായ രണ്ടുപേർകൂടി നില്പുണ്ടായിരുന്നു. അവൾ അടുത്തെത്തിയപ്പോൾ ആ പ്രതിമയെ വന്ദിച്ചു. ഉടനെ അവിടെ നിന്നിരുന്ന വേഷപ്രച്ഛന്നനായ പുരുഷൻ പൃഥ്വീരാജൻെറ അപദാനങ്ങളെ വർണ്ണിച്ച് വിവാഹമണ്ഡപത്തിലുള്ള സകലരേയും സംഭ്രമിപ്പിച്ചു.

സ്തുതിപാഠകൻെറ മുഖത്തുനിന്നും പൃഥ്വീരാജൻെറ ഉൽകൃഷ്ടങ്ങളായ അപദാനങ്ങൾ ഉൽഘോഷിക്കപ്പെട്ടതു കേട്ടപ്പോൾ സംയുക്തയുടെ ഹൃദയം ആനന്ദത്താൽ പുളകം പൂണ്ടു. ഉത്തരക്ഷണത്തിൽ അവൾ തൻെറ കയ്യിലുള്ള വരണമാല്യത്തെ പൃഥ്വീരാജൻെറ പ്രതിമയുടെ കണ്ഠത്തിൽ അർപ്പിക്കുകയും ചെയ്തു. "ജയ ജയ പൃഥ്വീരാജ" എന്നുള്ള ആർപ്പുവിളി നാലുഭാഗത്തുനിന്നും പൊങ്ങി. അതിൻെറ പ്രതിദ്ധ്വനിയാൽ സഭാമണ്ഡപം മുഴുവനും കി

ടന്നു വിറച്ചു. അപ്രതീക്ഷിതമായ ഈ സംഭവത്താൽ ജയചന്ദ്രൻ ഞെട്ടിപ്പോയി. കോപം, അപമാനം, ലജ്ജ മുതലായ വികാരങ്ങളാൽ വിറപൂണ്ട് അദ്ദേഹം പെട്ടെന്ന് ഉറയിൽനിന്നും ഊരി എടുത്ത വാളും കയ്യിൽ പിടിച്ചുകൊണ്ട് സംയുക്തയുടെ സമീപത്തിൽ ഓടിയെത്തി ഇങ്ങനെ അലറി:– "എടീ, നീ അച്ഛന്റെ കല്പനയെ ലംഘിച്ച് പിതൃകുലത്തിനു കളങ്കം വരുത്താനോ മുതിന്നിരിക്കുന്നതു്?"

വിനയത്തോടുകൂടിയാണ് സംയുക്ത അതിനു മറുപടി പറഞ്ഞതു്:— "അച്ഛന്റെ ഏതു കല്പനയും അനുസരിക്കേണ്ടതു് മകളുടെ കടമയാണ്. എന്നാൽ തന്റെ നാരീധമ്മത്തെ പരിപാലിക്കുന്നതിൽ പ്രതിബന്ധമായി നില്ക്കുന്ന കല്പന അച്ഛനല്ല, ഗുരുദേവൻതന്നെ നല്കിയാലും അതിനെ അനുസരിക്കുവാൻ ഒരു സ്ത്രീയ്ക്കു കഴിയുന്നതല്ല. ഞാൻ ശിലാപ്രതിമയെ വരിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ആ പ്രതിമതന്നെയാണ് എന്റെ ഭത്താവ്."

ജയചന്ദ്രൻ കോപത്താൽ ആവേശംകൊണ്ടു കൂട്ടത്തിലായി:– "എടീ, താന്തോന്നിയായ പെണ്ണേ, അച്ഛനോട് അനുസരണക്കേടു കാണിക്കുന്ന ധിക്കാരിയായ നിന്നെ ഈ ക്ഷണത്തിൽത്തന്നെ കഷണം കഷണമായി വെട്ടിനുറുക്കുന്നുണ്ട്. നിന്റെ ആ പ്രതിമ നിന്നെ രക്ഷിക്കുമോ എന്നു ഞാനൊന്നു കാണട്ടെ."

സംയുക്ത:— "ആകട്ടെ, അച്ഛാ, അങ്ങനെതന്നെയായിക്കൊള്ളട്ടെ. അച്ഛൻ എന്റെ ദേഹത്തെ വെട്ടിനുറുക്കി അച്ഛന്റെ കുലത്തിനു പേരും പെരുമയും വദ്ധിപ്പിച്ചേക്കു."

ഇത്രയും പറഞ്ഞിട്ട് ആ വീരകന്യക പിതാവിന്റെ മുമ്പിൽ നിർഭയം തലയും താഴ്ത്തി നിന്നുകൊടുത്തു. "ശരി; ഇതുതന്നെയാണ് നിന്റെ പാപത്തിനു തക്കതായ പ്രായശ്ചിത്തം. നിന്റെ മരണംമൂലം നിശ്ചയമായും എന്റെ കുലത്തിനു പേരും പെരുമയും വർദ്ധിക്കും" എന്നു പറഞ്ഞുകൊണ്ടു് ജയചന്ദ്രൻ സംയുക്തയുടെ മസ്തകത്തെ ലക്ഷ്യമാക്കി ഖഡ്ഗത്തെ ഉയർത്തി.

ഉയർത്തിയ ഖഡ്ഗം താഴ്ത്തുവാൻ സാധിക്കുന്നതിനുമുമ്പു് 'അരുതു്' എന്നുച്ചരിച്ചുകൊണ്ടു് പൃഥ്വീരാജൻ തന്റെ മുമ്പിൽ പ്രത്യക്ഷനായതു കണ്ടപ്പോൾ ജയചന്ദ്രൻ വിസ്മയത്താലും പരിഭ്രമത്താലും സ്തബ്ധനായി നിന്നുപോയി. കോപം, ലജ്ജ, അവജ്ഞ എന്നീ വിവിധ വികാരങ്ങളുടെ ഒന്നിച്ചുള്ള ആക്രമണം അദ്ദേഹത്തെ മിക്കവാറും ഉന്മത്തനാക്കി. 'ആയുധം' 'ആയുധം' എന്നിങ്ങനെ അദ്ദേഹം നിലവിളിച്ചു.

വളരെക്കാലം കേട്ടു പരിചയിച്ചിട്ടുള്ള മധുരഗംഭീരമായ ആ കണ്ഠസ്വരം സംയുക്തയുടെ കർണ്ണങ്ങളിൽ അമൃതവർഷണം ചെയ്തു. തല ഉയർത്തി നോക്കിയപ്പോൾ തന്റെ ആരാദ്ധ്യദേവത തന്നെ രക്ഷിക്കുവാനായി സ്വയം അവിടെ വന്നു നില്ക്കുന്നതായി അവൾ കണ്ടു. ഉടനെ അവൾ ഓടിച്ചെന്നു് അദ്ദേഹത്തിന്റെ സമീപത്തിലായി നിലകൊണ്ടു. അനന്തരം പിതാവിന്റെ പാദങ്ങളെ തൊഴുതുകൊണ്ടു് അവൾ ഈവിധം അറിയിച്ചു:— "ഇനി എന്തിനാണച്ഛാ ആയുധം? എന്റെ വാക്കു് യഥാർത്ഥമാണെന്നു് അച്ഛനു് ഇപ്പോൾ ബോദ്ധ്യമായില്ലേ? എന്റെ ശിലാപ്രതിമ എന്നെ രക്ഷിക്കുവാനായി ഇതാ വന്നെത്തിയിരിക്കു

ന്നു. എന്റെ ഹൃദയത്തിലെ ആരാദ്ധ്യദേവത ഞാൻ വിളിച്ച ഉടനെ വിളി കേട്ടു. ഇനി എന്തിനാണായുധം? ഞങ്ങളെ സന്തോഷത്തോടുകൂടി അച്ഛൻ ആശീർവ്വദിക്കുകയാണു് ഇപ്പോൾ വേണ്ടതു്."

ജയചന്ദ്രൻ:— (സംയുക്തയെ കാലുകൊണ്ടു ചവിട്ടി ദൂരെ മാററിയിട്ടു്) "നിങ്ങളുടെ ശിരശ്ഛേദം ചെയ്തു് ഇരുവരേയും ഒരേ ചിതയിലിട്ടു് ഞാൻ ദഹിപ്പിക്കും. അതാണു് എന്റെ ഒടുവിലത്തെ ആശീർവ്വാദം."

ഇതിനിടയിൽ ആവശ്യപ്പെട്ട ആയുധം ജയചന്ദ്രന്റെ കയ്യിൽ കിട്ടുകയുണ്ടായി. ഉടനെ അദ്ദേഹം പൃത്ഥ്വീരാജനുമായി ദ്വന്ദയുദ്ധം ആരംഭിച്ചു. താമസിയാതെ 'ജയ ജയ പൃത്ഥ്വീരാജ' എന്നുള്ള ആർപ്പുവിളി പിന്നെയും അവിടെയെങ്ങും മാറെറാലിക്കൊണ്ടു. ജയചന്ദ്രൻ പരാജിതനാകുന്നതിനു് അധികസമയം വേണ്ടിവന്നില്ല.

പരാജിതനായ ജയചന്ദ്രൻ സ്വയംവരത്തിന് സന്നിഹിതരായ രാജാക്കന്മാരുടെ സഹായത്തെ അഭ്യർത്ഥിച്ചു. അന്യായമായ ആ കാര്യത്തിൽ അദ്ദേഹത്തെ സഹായിക്കുവാൻ ആദ്യം അവരാരും മുതിർന്നില്ല. എന്നാൽ "അമ്മയെത്തല്ലിയാലും രണ്ടുപക്ഷം" എന്നുണ്ടല്ലോ. വളരെക്കാലമായി താൻ ഉദ്ദേശിച്ചുവരുന്ന കാര്യത്തെ എളുപ്പത്തിൽ സാധിക്കുവാൻ കിട്ടിയ തക്കം പാഴാക്കിക്കളയരുതെന്നുള്ള വിചാരത്താൽ ജയചന്ദ്രൻ പല പ്രകാരത്തിലും വീണ്ടും വീണ്ടും കിഴിഞ്ഞപേക്ഷിച്ചതിന്റെ ഫലമായി ഒടുവിൽ ചിലരെല്ലാം അദ്ദേഹത്തെ സഹായിക്കാമെന്നു വെച്ചു. അഭയം പ്രാപിച്ചാൽ സഹായിക്കേണ്ടതു് ക്ഷത്രിയധർമ്മമാണെന്നൊരു ന്യായവും അവർ അക്കാര്യത്തിൽ കണ്ടുപിടിച്ചു.

തരം പിഴച്ചു കാണുന്നു എന്നു കണ്ടപ്പോഠം ഇനി അവിടെ നില്ക്കുന്നതു ഭംഗിയല്ലെന്നു് പൃത്ഥ്വീരാജൻ നിശ്ചയിച്ചു. എങ്കിലും അദ്ദേഹം അശേഷം അധൈര്യപ്പെട്ടില്ല. അദ്ദേഹത്തിൻെറ ഇംഗിതമനുസരിച്ചു് ഒരു ഭടൻ അശ്വത്തോടുകൂടി അവിടെ ആവിർഭവിച്ചു. സംയുക്തയെ കുതിരപ്പുറത്തു കയററി ഇരുത്തിയതിൻശേഷം പെട്ടെന്നു് ആ വീരനും അശ്വാരൂഢനായി. ഇതെല്ലാം ക്ഷണനേരംകൊണ്ടു നടന്നു. മാർഗ്ഗവിഘ്നം വരുത്തി മുമ്പിൽ അണിനിരന്ന ശത്രുഭടന്മാരെ നിഷ്പ്രയാസം വെട്ടിവീഴ്ത്തി അദ്ദേഹം അവിടെനിന്നും അതിവേഗത്തിൽ പാഞ്ഞുമറഞ്ഞു. ജയചന്ദ്രൻെറ ഭടന്മാർ അദ്ദേഹത്തെ പിൻതുടരാതിരുന്നില്ല. എന്നാൽ അടുത്തുതന്നെ പാളയമടിച്ചു കിടന്നിരുന്ന പൃത്ഥ്വീരാജൻെറ സൈന്യങ്ങഠം അവരെ മാർഗ്ഗമദ്ധ്യേ തടുത്തുനിറുത്തിയതിനാൽ പൃത്ഥ്വീരാജനും സംയുക്തക്കും നിർബ്ബാധം ഡൽഹിയിൽ ചെന്നെത്തുവാൻ സാധിച്ചു. വിജയഘോഷത്താൽ ഡൽഹിനഗരം മുഴുവൻ മുഖരിതമായി. സംയുക്തയുടെ വിവാഹം അവിടെവച്ചു് അത്യാഡംബരത്തോടുകൂടി ഘോഷിക്കപ്പെടുകയും ചെയ്തു.

---

## ഏഴാം അദ്ധ്യായം.

### ഡൽഹിയിലെ അന്തഃപുരവാസം.

സംയുക്ത ഇന്നു ഡൽഹി ചക്രവൎത്തിയുടെ പട്ടമഹിഷി—ഭാരതത്തിലെ സമ്രാജ്ഞി—ആയിത്തീൎന്നിരിക്കുക

യാണു്. അച്ഛന്റെ മൂത്തച്ഛനായ അനംഗപാലചക്രവത്തിയുടെ പ്രീതിവാത്സല്യങ്ങൾക്കു പാത്രമായി അവൾ തന്റെ ബാല്യകാലം ആ നഗരത്തിൽത്തന്നെയാണു് കഴിച്ചുകൂട്ടിയതു്. പൃത്ഥ്വീരാജന്റെ കൂടെ കളിച്ചും പഠിച്ചും അവൾ തന്റെ ജീവിതരീതിയെ അദ്ദേഹത്തിന്റെ ആദശത്തിനു് അനുരൂപമായി അന്നുതന്നെ രൂപവൽകരിച്ചുകഴിഞ്ഞിരുന്നു.

സംയുക്തയും പൃത്ഥ്വീരാജനും അന്യോന്യം അനുരൂപരായ വധൂവരന്മാരാണെന്നും അവരെ പരസ്പരം വിവാഹബന്ധത്തിൽ യോജിപ്പിക്കണമെന്നുള്ള നിശ്ചയം, ഡൽഹിയിൽ പണ്ടു് എല്ലാവരും ഒരുമിച്ചു താമസിച്ചിരുന്ന കാലത്തു്, ജയചന്ദ്രന്റെ മാതാമഹനായ അനംഗപാലചക്രവത്തിതന്നെ ചെയ്തുവച്ചിട്ടുള്ളതാണു്. സംയുക്തയുടെ മാതാമഹിയും മാതാപിതാക്കന്മാരും ആ അഭിപ്രായത്തെ അന്നു് ആദരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു് ആ രാജകുമാരി അന്നുതന്നെ പൃത്ഥ്വീരാജനെ മനസാ ഭത്താവായി വരിച്ചുകഴിഞ്ഞിരുന്നു. അങ്ങനെ വളരെക്കാലമായി ഹൃദയസിംഹാസനത്തിന്മേൽ ഇരുത്തി പ്രേമപൂവ്വം ആരാധിച്ചുവന്നിരുന്ന പതിദേവതയെ അവളെങ്ങനെയാണു് പെട്ടെന്നു പരിത്യജിക്കുക? വനിതാധമ്മത്തിനു് അതൊരിക്കലും യോജിച്ചതല്ല. അതുകൊണ്ടാണു് ആ വീരവനിത പിതാവിന്റെ ഹിതത്തിനു വിരുദ്ധമായി പൃത്ഥ്വീരാജന്റെ പ്രതിമയുടെ കണ്ഠത്തിൽ വരണമാല്യത്തെ അപ്പിച്ചതു്.

ജയചന്ദ്രനു പൃത്ഥ്വീരാജന്റെ പേരിലുള്ള ആന്തരമായ വൈരം ബുദ്ധിമാനായ അനംഗപാലദേവന്റെ

ദ്രുഷ്ടിക്ക് അഗോചരമിയിരുന്നില്ല. പൃത്ഥ്വീരാജൻ സംയുക്തയെ വിവാഹംചെയ്തുകഴിഞ്ഞാൽപ്പിന്നെ ആ ഭ്രാതൃവിരോധം നശിച്ച് അവർ അന്യോന്യം ഇണങ്ങിക്കൂട്ടുമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. പുത്രീസ്നേഹത്താൽ പ്രേരിതനായി ജയചന്ദ്രൻ മകളുടെ മനസ്സുഖത്തിനായി പൃത്ഥ്വീരാജനോടുള്ള വിരോധമെല്ലാം മറന്നുകളയുമെന്നും അങ്ങനെ അവർ അന്യോന്യമിത്രങ്ങളായിത്തീൎന്ന് പരസ്പരസഹായത്താൽ രാജ്യത്തെ നിർബ്ബാധമായി ഭരിക്കുമെന്നും അദ്ദേഹം വെറുതെ വ്യാമോഹിച്ചുപോയി. പൊറുക്കുവാൻ കൊടുത്ത മരുന്ന് മരിക്കുവാനാണിടവരുത്തിയത്. ഈ വിവാഹംമൂലം ജയചന്ദ്രൻെറ ഹൃദയത്തിലുള്ള പ്രതികാരവഹ്നി പൂൎവ്വാധികം പ്രോജ്ജ്വലിക്കുകയാണ് ചെയ്തത്.

ഡൽഹിയിലെ പുതിയ ജീവിതം സംയുക്തയ്ക്കു വളരെ സുഖകരമായിത്തോന്നി. അനേകം ഭൃത്യജനങ്ങളുടെ ആദരപൂൎവ്വമായ പരിചരണത്താലും അനുകൂലനായ ഭൎത്താവിൻെറ അനല്പമായ സ്നേഹലാളനകളാലും അവൾ അത്യന്തം ആഹ്ലാദത്തോടുകൂടിയാണ് ദിവസങ്ങൾ കഴിച്ചുകൂട്ടിയത്. എന്നാൽ പിതാവിൻെറ അന്നത്തെ പരുഷമായ പെരുമാററത്തെപ്പററി ഓൎക്കുമ്പോൾ മാത്രം ലജ്ജകൊണ്ട് അവളുടെ മുഖം മലിനമാവുകയും ഭൎത്താവിൻെറനേരെ നോക്കുവാൻ അവൾക്കു വളരെ സങ്കോചമുണ്ടാവുകയും ചെയ്യുക പതിവാണ്. ആവക അവസരങ്ങളിൽ അവളുടെ മനസ്സിൽനിന്ന് ആനന്ദവും ഉന്മേഷവും എങ്ങനെയെന്നറിയാതെ മാഞ്ഞുപോകും. ഈ വസ്തുത പൃത്ഥ്വീരാജനു ഗ്രഹിക്കുവാൻ സാധിച്ചതിനാൽ അദ്ദേഹം അവളുടെ മുമ്പിൽ വെച്ച് ജയചന്ദ്രനെപ്പററിയാതൊന്നും പ്രസ്താവിക്കാതായി.

സംയുക്തയാണ് ഇപ്പോറം അന്തഃപുരത്തിലെ ഭരണകർത്രി. അവിടത്തെ സകല അധികാരവും അവറം ക്കാണ്. തനിക്കു കിട്ടിയ ആ അധികാരത്തെ അവറം വേണ്ടവിധത്തിൽത്തന്നെയാണ് വിനിയോഗിച്ചതു്. അവിടത്തെ എല്ലാക്കാൎയ്യങ്ങളും വളരെ ചിട്ടയായും കണിശമായും അവറം നടത്തിപ്പോന്നു. സംയുക്തയുടെ ഭരണസാമൎത്ഥ്യത്താൽ ഭൃത്യജനങ്ങളെല്ലാം അവളെ വളരെ ഭയപ്പെട്ടിരുന്നു. എന്നാൽ അതോടുകൂടിത്തന്നെ അവളുടെ ദാക്ഷിണ്യത്തിന്റെ ശക്തിയാൽ അവറംക്കുവേണ്ടി ജീവനെ വെടിയുവാൻപോലും അവർ സന്നദ്ധരുമായിരുന്നു. പരസ്പരം വിരുദ്ധങ്ങളായ ഈ ഗുണങ്ങളുടെ സമ്മേളനംകൊണ്ടു് ആ വനിതാരത്നം അന്തഃപുരവാസികളെ ആകമാനം അത്ഭുതപരതന്ത്രരാക്കിത്തീൎത്തു. സ്വഭത്താവിന്റെ ശുശ്രൂഷാകാൎയ്യങ്ങളെല്ലാം അവറം തന്നെത്താൻ ചെയ്കയാണ് ചെയ്തതു്. അതിൽ ഭൃത്യവൎഗ്ഗങ്ങറംക്ക് യാതൊരധികാരവുമില്ല. പതിദേവതയുടെ പാദങ്ങളെ പൂജിക്കാതെ ആ ധൎമ്മപത്നി ഒരിക്കലും ജലപാനം ചെയ്തിരുന്നില്ല. പ്രാണനാഥന് എല്ലാപ്രകാരത്തിലും സുഖവും ശാന്തിയും നൽകുന്നതിനായി അവറം അനവരതം ആവുംവിധത്തിലെല്ലാം ശ്രമിച്ചിരുന്നു. ഭത്താവിനെ ശുശ്രൂഷിക്കുന്ന സന്ദഭ്ങ്ങളിലെല്ലാം "താൻ രാജകുമാരിയാണ്—താൻ ഭാരതത്തിന്റെ സമ്രാജ്ഞിയാണ്—എന്നുള്ള കഥ അവറം തീരെ വിസ്മരിച്ചുകളയും."

ഡൽഹിയിൽ വന്നുചേന്നതുമുതൽ സംയുക്ത വളരെ ആനന്ദത്തോടും ഉന്മേഷത്തോടുംകൂടിത്തന്നെ ദിവസങ്ങറം കഴിച്ചുപോന്നു. പൃത്ഥ്വീരാജനും രാജ്യഭരണങ്ങളെല്ലാം മന്ത്രിയേയും രാജ്യരക്ഷാഭാരമെല്ലാം സേനാപതി

യേയും ഏല്പിച്ചിട്ട് മിക്ക സമയവും സംയുക്തയോടുകൂടി അന്തഃപുരത്തിൽ കഴിച്ചുകൂട്ടിക്കൊണ്ടിരുന്നു. എന്നാൽ അതുകൊണ്ട് രണകാര്യങ്ങളിൽ യാതൊരു ന്യൂനതയും സംഭവിക്കുകയുണ്ടായില്ല.

പരസ്പരപ്രേമത്തിൻെറ പരിശുദ്ധമായ ലഹരിയിൽ ആണ്ടു് സ്വൎഗ്ഗീയമായ ആനന്ദത്തെ അനുഭവിച്ചുകൊണ്ടിരുന്ന ആ ദമ്പതിമാരുടെ സ്പൃഹണീയമായ സുഖജീവിതത്തെ അധികനാൾ കണ്ടുകൊണ്ടിരിക്കുവാനുള്ള ക്ഷമ അസൂയാലുവായ നിയതിക്കു് ഇല്ലാതെപോയി.

---

## എട്ടാം അദ്ധ്യായം.

### യുദ്ധസന്നാഹം.

മുസൽമാന്മാരുടെ ആക്രമണം ഭാരതത്തിൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. അവർ അപ്രതീക്ഷിതമായി ഇൻഡ്യയിൽ കടന്നുവന്നു് അവിടവിടെ കൊള്ളകൾ നടത്തി അസംഖ്യം ദ്രവ്യം അപഹരിച്ചുകൊണ്ടുപോവുക പതിവായിരുന്നു. എന്നാൽ ഭാരതത്തിൽ ഒരു സാമ്രാജ്യത്തെ സ്ഥാപിക്കുവാനുള്ള ശ്രമങ്ങളൊന്നും അവരിൽ അക്കാലംവരെ കാണപ്പെട്ടിരുന്നില്ല. ഇദംപ്രഥമമായി അങ്ങനെ ഒരാഗ്രഹത്താൽ പ്രേരിതനായി ഗസ്നിയിലെ മഹമ്മദ്ഗോറി ഈ അവസരത്തിൽ ഇൻഡ്യ

യിൽ കടന്നു് ഡൽഹിക്കഭിമുഖമായി പ്രയാണമാരംഭിച്ചു. ആ വിവരം പൃത്ഥ്വീരാജന്നു് അറിവുകിട്ടി. അന്തഃപുരത്തിലിരുന്നു് ഉല്ലസിക്കുവാൻ ഇനി പററുകയില്ലെന്നു് അദ്ദേഹം കണ്ടു. അദ്ദേഹം യുദ്ധത്തിനുള്ള ഒരുക്കങ്ങൾ കൂട്ടിത്തുടങ്ങി. സംയുക്തയും ഈ അവസരത്തിൽ മിണ്ടാതിരിക്കുകയല്ല ചെയ്തതു്. ഒരു വീരപത്നിയുടെ ധമ്മം എന്തെന്നു് അവൾക്കു നല്ലവണ്ണമറിയാമായിരുന്നു. ഭത്താവിന്നു നേരിടുവാൻ പോകുന്ന വിപത്തിനെ കണ്ടുകൊണ്ടു് അരമനയ്ക്കുള്ളിൽ തന്നെ ഉല്ലാസവിലാസങ്ങളിൽ മുഴുകി കണ്ണുമടച്ചിരിക്കുവാൻ ധമ്മബോധം അവളെ അനുവദിച്ചില്ല. യുദ്ധസന്നാഹങ്ങളിൽ ഏപ്പെട്ടിരുന്ന ഭത്താവിനെ തന്നാൽ കഴിയുന്ന വിധത്തിലെല്ലാം സഹായിക്കുവാനായി ആ വീരവനിത അശേഷം സങ്കോചംകൂടാതെ അരയും തലയും മുറുക്കി കമ്മക്ഷേത്രത്തിൽ ഇറങ്ങുകതന്നെ ചെയ്തു.

വിമതസ്ഥനും വിജാതീയനുമായ ശത്രുവിൻെറ ആസന്നമായ ആക്രമണത്തെ തട്ടുത്തു് സ്വമതത്തേയും സ്വരാജ്യത്തേയും രക്ഷിക്കുവാൻ മുതിന്നിരിക്കുന്ന തന്നെ സഹായിക്കുവാനായി സകലരും സൈന്യസമേതം ഡൽഹിയിൽ വന്നുചേരണമെന്നും അങ്ങനെ ചെയ്യാത്തപക്ഷം തനിക്കും തൻെറ രാജ്യത്തിനും മാത്രമല്ല, ക്രമേണ എല്ലാവക്കും ഭയങ്കരമായ വിപത്തു നേരിടുന്നതാണെന്നുമുള്ള പരമാത്ഥത്തെ വിവരിക്കുന്ന സന്ദേശത്തോടുകൂടി ഓരോ ഹിന്ദുരാജാവിൻേറയും അടുക്കലേയ്ക്കു് പൃത്ഥ്വീരാജൻ ദൂതന്മാരെ അയയ്ക്കുകയുണ്ടായി. ചക്രവത്തിയുടെ ആ സന്ദേശത്തെ കത്തവ്യബുദ്ധിയോടെ സ്വീകരിച്ചുകൊണ്ടു് മിക്ക രാജാക്കന്മാരും സൈന്യങ്ങളോടുകൂടി താമസിയാതെ ഡൽഹിയിൽ

വന്നപ്പോൾ. സംയുക്തയുടെ പിതാവും കാന്യകുബ്ജത്തിലെ രാജാവുമായ ജയചന്ദ്രനും അദ്ദേഹത്തിൻെറ പക്ഷത്തിലുള്ള ഏതാനും രാജാക്കന്മാരും മാത്രം വരികയുണ്ടായില്ല. അവരെല്ലാം തങ്ങളുടെ സകല സൈന്യശക്തിയോടുംകൂടി ഡൽഹിയുടേയും കാന്യകുബ്ജത്തിൻേറയും അതിത്തിയിൽ വന്നു് പാളയമടിച്ചു കിടക്കുകയാണു ചെയ്തതു്. അവരുടെ ആ പ്രവൃത്തി പൃത്ഥ്വീരാജനെ അത്യന്തം ശങ്കാകുലനാക്കി. അദ്ദേഹത്തിൻെറ ചിന്താഗതി ഇപ്രകാരമായിരുന്നു:— "ഞാൻ ബാഹ്യശത്രുവിനെ അമർത്തുവാനായി ഇവിടെനിന്നും പൊയ്ക്കഴിയുമ്പോൾ ജയചന്ദ്രനും കൂട്ടരും ഡൽഹിയെ വന്നാക്രമിക്കുകയാണെങ്കിൽ എന്താണുപായം? ഇരുവശത്തും ഇപ്പോൾ ശത്രുക്കളാണു്. ഞാൻ വലിയ ധർമ്മസങ്കടത്തിലായി. ഒരു ഭാഗത്തു് വിജാതീയനായ ശത്രു വന്നു് ഡൽഹിയെ ആക്രമിക്കുവാൻ മുതിരുന്നു. അതേ അവസരത്തിൽ ഇതാ ഗൃഹശത്രുവായ ജയചന്ദ്രനും ഇതിൻെറ നേരെ കണ്ണുവച്ചിരിക്കുന്നു. ഇപ്പോൾ ഏതു ഭാഗത്താണു് ഞാൻ പോകേണ്ടതു്?" ഇങ്ങനെയുള്ള ചിന്തയിൽ മുഴുകിയ മനസ്സോടുകൂടി പൃത്ഥ്വീരാജൻ അന്തഃപുരത്തിൽ പ്രവേശിച്ചു.

തൻെറ പ്രാണനാഥൻ ആസന്നമായ വിപത്തിനെപ്പററി ചിന്തിച്ചു വ്യസനിക്കാതിരിക്കുവാൻവേണ്ടി അദ്ദേഹത്തിൻെറ മനസ്സിനെ വിനോദിപ്പിക്കുന്ന കാര്യത്തിൽ സംയുക്ത പൂർവ്വാധികം ശ്രദ്ധ പ്രദശിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ അവളുടെ ആ ശ്രമങ്ങളെല്ലാം ഇന്നു വിഫലങ്ങളായിത്തീന്നു. വിഷണ്ണമായ മുഖഭാവത്തോടുകൂടി അന്തഃപുരത്തിൽ കടന്നുവന്ന ഭത്താവിനെ കണ്ടപ്പോൾ അവൾക്കു കരച്ചിൽ വന്നു മുട്ടിപ്പോയി. അവൾ ഉടനെ ഭത്തൃചരണങ്ങ

ളിൽ വീണു് ആ വിഷാദത്തിന്റെ കാരണം അന്വേഷിച്ചു. പൃത്ഥ്വീരാജൻ സംയുക്തയെ സസ്നേഹം പിടിച്ചെഴുന്നേല്പിച്ചു് തന്റെ അരികിൽ ഇരുത്തിയതിനുശേഷം ഹൃദയം പൊട്ടിപ്പുറപ്പെടുന്ന വിധത്തിലുള്ള ഒരു ദീർഘനിശ്വാസത്തോടുകൂടി ജയചന്ദ്രന്റെ പ്രവൃത്തിയെ അവളോടു പ്രസ്താവിച്ചു. പിതാവിന്റെ ആ നീചമായ പ്രവൃത്തിയേപ്പററി കേട്ടപ്പോൾ ആ രാജകുമാരി ലജ്ജയാലും, അവജ്ഞയാലും മൃതപ്രായയായിത്തീൎന്നു. എന്നാൽ ആ അവസരത്തിലും അവൾ ഉത്സാഹത്തോടുകൂടി സ്വഭൎത്താവിനെ ഇപ്രകാരം ആശ്വസിപ്പിക്കുകയാണു് ചെയ്തതു്. "അക്കാൎയ്യത്തിൽ അവിടുന്നു് അശേഷം വിചാരപ്പെടേണ്ട. യവനന്മാരുടെ ആക്രമണത്തിൽനിന്നു് ഡൽഹിയെ രക്ഷിക്കുവാൻ അവിടുന്നു പുറപ്പെടുക. ഹിന്ദുക്കളുടെ ആക്രമണത്തിൽനിന്നു് ഇതിനെ ഞാൻ രക്ഷിച്ചുകൊള്ളാം."

പൃത്ഥ്വീരാജന്റെ നേത്രങ്ങൾ വിസ്മയത്താൽ വികസിച്ചു. സംയുക്തയുടെ സംശയരഹിതമായ ഈ സാന്ത്വനവാക്കിന്റെ സാരം ഗ്രഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അവളുടെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടു് അദ്ദേഹം അനങ്ങാതെ നിന്നുപോയി.

പ്രിയതമനെ പൂൎവ്വാധികം വിസ്മയിപ്പിച്ചുകൊണ്ടു് സംയുക്ത തുടൎന്നു പറഞ്ഞു:— "അവിടുന്നു് അത്ഭുതപ്പെടുന്നുവോ? രജപുത്രസ്ത്രീകൾ ആയോധനവിദ്യ മറന്നുപോയി എന്നാണോ അവിടുത്തെ വിചാരം? അവരുടെ ബാഹുബലം നശിച്ചുപോയി എന്നോ? അതോ അവരുടെ ധൈൎയ്യം ക്ഷയിച്ചുപോയി എന്നോ? അവിടുത്തെ അടുക്കൽനിന്നും അന്നു പഠിച്ചിട്ടുള്ള ആയോധനമുറകളൊന്നും ഇന്നും

ഞാൻ മറന്നിട്ടില്ല. എന്നുമാത്രമല്ല, അഭ്യാസംകൊണ്ടു് അവയെ വദ്ധിപ്പിച്ചിട്ടേയുള്ളു. പതിനായിരം സ്ത്രീകളടങ്ങിയ വലുതായ ഒരു നാരീസൈന്യം ഇന്നെന്റെ അധീനതയിലുണ്ടു്. അവരിൽ ഒരുത്തിപോലും യുദ്ധഭൂമിയിൽ ജീവനെ ബലികഴിക്കാതെ പിന്തിരിയുന്നതല്ല. അവരുടെ എല്ലാം നായിക ഇപ്പോൾ ഞാൻതന്നെയാണു്. അവിടുത്തെ സഹോദരിയായ പൃഥാദേവി എന്റെ സഹകാരിണിയുമാണു്."

സംയുക്ത വെറും നേരംപോക്കു പറയുകയാണെന്നാണു് പൃത്ഥ്വീരാജൻ ആദ്യം കരുതിയതു്. എന്നാൽ അവളുടെ സംഭാഷണരീതിയും മുഖഭാവവും കണ്ടിട്ടു് അതു ശരിയായിരിക്കാമെന്നു് അദ്ദേഹം ഒടുവിൽ അനുമാനിച്ചു.

പൃത്ഥ്വീരാജൻ:— "നീ അപ്പോൾ നിന്റെ അച്ഛനു് എതിരായിനിന്നു യുദ്ധം ചെയ്യാനാണോ ഭാവം?"

സംയുക്ത:— "എന്തുകൊണ്ടു വയ്യാ? എന്റെ പിതാവു് എന്റെ രാജ്യത്തെ വന്നാക്രമിക്കുമ്പോൾ യുദ്ധമൊന്നും കൂടാതെ രാജ്യം ഞാൻ അദ്ദേഹത്തിന്റെ കാല്ക്കൽ കാഴ്ചവയ്ക്കണമെന്നോ? അദ്ദേഹത്തെപ്പോലെ ഞാനും രജപുത്രവംശത്തിൽത്തന്നെ പിറന്നവളാണു്."

സംയുക്തയുടെ ഈ വാക്കുകൾ പൃത്ഥ്വീരാജനെ ആനന്ദപുളകം കൊള്ളിച്ചു. അദ്ദേഹം അവളുടെ പുറത്തു തടവിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:— "ഭാരതത്തിലെ ചക്രവത്തിനിക്കു യോജിച്ച വാക്കുകൾതന്നെയാണു് ഇവ. എന്നാൽ മറെറാരു കാര്യംകൂടി നീ ചെയ്യേണ്ടതായിട്ടുണ്ടു്. പിതാവു പ്രവത്തിക്കുവാൻ പോകുന്നതു തെററാണെന്നു് ആദ്യമായി അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കണം."

സംയുക്ത:— (അല്പം ശാന്തതയോടെ) "അതിന്നു വല്ല വഴിയുമുണ്ടോ?"

പൃത്ഥ്വീരാജൻ:— "ഉണ്ടു്, അതിന്നും വഴിയുണ്ടു്; നോക്കൂ, ആദ്ദേഹം നമ്മളെ സഹായിച്ചില്ലെങ്കിൽ പോകട്ടെ; ഉപദ്രവിക്കാതിരുന്നാൽ മതിയായിരുന്നു. അതുതന്നെ നമുക്കു വലിയ രക്ഷയാണു്. സഹായിക്കുകയാണെങ്കിലോ അതു വളരെ ഉപകാരവുമായി."

സംയുക്ത:— "ഞാൻ അച്ഛൻെറ അടുക്കൽപ്പോകുന്നതു് ബുദ്ധിപൂർവ്വമായിരിക്കുമോ? എന്നെ കണ്ടുകഴിയുമ്പോഴുംതന്നെ കോപത്താൽ അദ്ദേഹം എൻെറ തല വീശിക്കളയുകയില്ലേ?"

പൃത്ഥ്വീരാജൻ:— (ചിരിച്ചുകൊണ്ടു്) "ആ ഭയം ആവശ്യമില്ല. നിൻെറകൂടെ ഞാനും വരുന്നതാണു്. എന്തായാലും അദ്ദേഹം എൻെറ ഗുരുജനമല്ലേ? കോപംകൊണ്ടു് ഒരു തെററു പ്രവൎത്തിച്ചുപോയി എന്നുവച്ചു് അതിനെ നാം അത്ര കാൎയ്യമായി കരുതാനുണ്ടോ? വരൂ, നാം രണ്ടുപേരും ഒന്നിച്ചു പോവുക; അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു് പൂൎവ്വാപരാധത്തെ ക്ഷമിക്കുവാൻ അപേക്ഷിക്കുക; യവനയുദ്ധത്തിൽ അദ്ദേഹത്തിൻെറ സഹായത്തെ അഭ്യൎത്ഥിക്കുക."

സംയുക്ത:— (നീരസത്തോടുകൂടി) "അതു വയ്യ; സ്വാമിൻ! അതൊരിക്കലും വയ്യ; അതു ചെയ്യുവാൻ പാടില്ല."

പൃത്ഥ്വീരാജൻ:— "എന്തുകൊണ്ടാണു് വയ്യാത്തതു സംയുക്തേ?"

സംയുക്ത:— "ഭാരതത്തിന്റെ ചക്രവത്തി തന്നെത്താൻ ചെന്നു് ഒരു സാമന്തരാജാവിന്റെ അടുക്കൽ സഹായത്തെ യാചിക്കുകയോ?"

പൃത്ഥ്വീരാജൻ:— "അതിലെന്തു ദോഷമാണുള്ളതു സംയുക്തേ? എന്റെ ജ്യേഷ്ഠഭ്രാതാവല്ലേ അദ്ദേഹം? അതിനും പുറമെ നിന്റെ പിതാവു്—പിതൃതുല്യനായ എന്റെ ശ്വശ്രുരൻ. അങ്ങനെയുള്ള ഗുരുജനത്തെ തെററു പറഞ്ഞു മനസ്സിലാക്കി അദ്ദേഹത്തിന്റെ സഹായത്തെ യാചിക്കുന്നതിൽ ഒരു ദോഷവും ഞാൻ കാണുന്നില്ല. എന്നിട്ടും കേൾക്കുന്നില്ലെങ്കിൽ, പിന്നെ നിവൃത്തിയുമില്ല. അപ്പോൾ നമുക്ക് സ്വരക്ഷയ്ക്കു വേണ്ട വ്യവസ്ഥകൾ ചെയ്യുകതന്നെ വേണ്ടിവരും. ഇന്നു രാത്രിതന്നെ നമ്മൾ ഇരുവരും അശ്വാരൂഢരായി പിതൃശിബിരത്തിൽച്ചെന്നു് അദ്ദേഹത്തെ കണ്ടുകളയാം. നേരം പുലരുന്നതിനു മുമ്പായി നമുക്കു മടങ്ങിയെത്തുകയും വേണം."

വളരെക്കാലമായി അച്ഛനമ്മമാരെ പിരിഞ്ഞു താമസിച്ചിരുന്ന ആ രാജകുമാരിയുടെ മനസ്സിൽ അവരെ ഒന്നു കണ്ടാൽക്കൊള്ളാമെന്നുള്ള പുത്രീസഹജമായ ഒരു മോഹം കൂടി അങ്കുരിക്കുകയാൽ ഒടുവിൽ സംയുക്ത ആ അഭിപ്രായത്തിനു വഴിപ്പെട്ടു. അന്നു രാത്രിതന്നെ ആ ദമ്പതിമാർ യുദ്ധവേഷത്തിൽ രഹസ്യമായി രാജധാനിയിൽനിന്നും പുറത്തു കടന്നു് കാന്യകുബ്ജത്തിന്നഭിമുഖമായി തങ്ങളുടെ കുതിരകളെ വിട്ടു.

# ഒമ്പതാം അദ്ധ്യായം.

## പിതൃശിബിരത്തിൽ.

സംയുക്തയും പൃത്ഥ്വീരാജനും യഥാസമയം ജയചന്ദ്രൻെറ ശിബിരത്തിലെത്തി. ആളറിഞ്ഞ ഉടനെ കാവൽക്കാരൻ അവരെ ബഹുമാനപൂർവ്വം ജയചന്ദ്രൻെറ സമീപത്തിലേയ്ക്കു കൂട്ടികൊണ്ടുപോയി. ഇരുവരും ജയചന്ദ്രൻെറ പാദങ്ങളിൽ നമസ്കരിക്കുകയും തങ്ങളുടെ ആഗമനോദ്ദേശം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

അത്ഭുതപരതന്ത്രനായ ജയചന്ദ്രൻ കുറേനേരത്തേയ്ക്കു് ഒന്നും സംസാരിക്കുവാൻ ശക്തനല്ലാതെ അവരുടെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടിരുന്നുപോയി. പിന്നീട്ട മകളെനോക്കി തൻെറ ഉള്ളിൽ തഴച്ചുനിന്നിരുന്ന നീരസത്തെ ഇങ്ങനെ വെളിപ്പെടുത്തി:— "എടീ ദുർഭഗേ, ഞാൻ ഓങ്ങിയ വാളിനിരയാകാതെ അന്നു നീ രക്ഷപ്പെട്ടു. അതിനു പകരം ഇന്നു നീ വാളുംകൊണ്ടു് എന്നെ കൊല്ലുവാൻ വന്നിരിക്കയാണു് അല്ലേ?" (പൃത്ഥ്വീരാജനോടായിട്ടു്) "കൊള്ളാം സമ്രാട്ടേ, ഈ പണി തരക്കേടില്ല. ആയുധപാണിയായി ആരുമറിയാതെ ശിബിരത്തിനുള്ളിൽക്കടന്നു ചതിച്ചു കൊല്ലുവാനാണോ ഭാവം? എന്നു പഠിച്ചു ഈ വഞ്ചന? നിൽക്കൂ, അതിനുള്ള പ്രതിഫലം ഇപ്പോൾത്തന്നെ തന്നേയ്ക്കാം."—"എടോ ആരവിടെ? വേഗം എൻെറ ആയുധം കൊണ്ടുവരിക. ഭടന്മാരെല്ലാം പുറമെ ഈ ശിബിരത്തിനു ചുററും അണിനിരന്നു നില്ക്കട്ടെ. ആരെയും പുറത്തു വിടരുതു്. ഇന്നിവർ എങ്ങനെയാണു് രക്ഷപ്പെടുന്നതെന്നു ഞാൻ കാണട്ടെ."

ഇതു കേട്ടിട്ട് സംയുക്തയും പൃത്ഥ്വീരാജനും തങ്ങളുടെ ഖഡ്ഗങ്ങഠ ഉറയോടുകൂടി ജയചന്ദ്രൻെറ മുമ്പിൽ വച്ചിട്ടു് ഇപ്രകാരം അറിയിച്ചു:— "ഈ വാഠ ശിബിരത്തിനുള്ളിലെ ആവശ്യത്തിനുവേണ്ടി കൊണ്ടുവന്നതല്ല. മാഗ്ഗത്തിൽ ആത്മരക്ഷയ്ക്കായി എടുത്തിട്ടുള്ളതാണു്. ഞങ്ങഠ അകത്തു പ്രവേശിച്ചതു് ആരുമറിയാതെയല്ല; ആളറിയിച്ചതിനു ശേഷം മാത്രവുമാണു്. ഞങ്ങളുടെ പേരിൽ അവിടുത്തേയ്ക്കു് അനാവശ്യമായ സംശയം അരുതു്. ഞങ്ങഠക്കു് അവിടത്തെ അടുക്കൽ ഒരു കാൎയ്യം അപേക്ഷിക്കുവാനുണ്ടു്. അതിനായിട്ടാണു് ഈ വേഷത്തിൽ ഇപ്പോഠ ഇവിടെ വന്നിരിക്കുന്നതു്." പൃത്ഥ്വീരാജൻ തുടൎന്നു പറഞ്ഞു:- "വിദേശീയനും വിജാതീയനുമായ ഒരു ശത്രു—മഹമ്മദ് ഗോറി—ഡൽഹിയെ ആക്രമിക്കുന്നതിനായി സൈന്യസമേതം തിരൗരിയിൽ എത്തി പാളയമടിച്ചു കഴിഞ്ഞിരിക്കുന്നു എന്നുള്ള വിവരം അവിടുത്തേയ്ക്കു് അറിയാമല്ലോ. അയാഠ ഉടനെതന്നെ ഡൽഹിയെ ആക്രമിക്കും. ഈ അവസരത്തിൽ അവിടുന്നു ഞങ്ങളെ സഹായിക്കേണ്ടതായിരുന്നു. അതു ചെയ്യുവാൻ ഭാവമില്ലെന്നു മാത്രമല്ല, അവിടുന്നും ഡൽഹിയെ ആക്രമിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി ഈ അതിൎത്തിപ്രദേശത്തു വന്നു്, ഇതാ, സേനാനിവേശം ചെയ്തിരിക്കുകയാണു്. രണ്ടുകൂട്ടരും ഒരുമിച്ചു ഡൽഹിയെ ആക്രമിക്കുന്നപക്ഷം നിശ്ചയമായും എൻെറ സ്ഥിതി അപകടത്തിലാകും. എൻെറ സൈന്യങ്ങളെ രണ്ടായി വിഭജിച്ചു് രണ്ടുവശത്തുനിന്നുമുള്ള ആക്രമണങ്ങളെ ഏകകാലത്തിൽ തടുക്കുവാൻ ഞാൻ ശ്രമിക്കേണ്ടിവരും. എന്നെ തോല്പിച്ചാലും അവിടുന്നു വീണ്ടും യവനന്മാരോടു യുദ്ധം ചെയ്യാതെ കഴികയില്ല. ഭാരതത്തിലെ മിക്ക രാജാക്കന്മാരുടേയും സഹാ

യത്തോടുകൂടി യുദ്ധസന്നദ്ധനായിരിക്കുന്ന എന്നെ മഹമ്മദ് ഗോറി തോല്പിക്കുകയാണെങ്കിൽ ഡൽഹി കൈവശപ്പെടുത്തുവാൻ പിന്നെ അവിടുത്തേയ്ക്ക് എളുപ്പം സാദ്ധ്യമാണോ? അവിടുത്തെ ഉദ്ദേശം സാധിക്കണമെന്നുണ്ടെങ്കിൽ തന്നെ അവിടുന്ന് ഈ അവസരത്തിൽ അടങ്ങിയിരിക്കുകയാണ് വേണ്ടതു്. യവനന്മാരുമായുള്ള യുദ്ധത്തിനുശേഷം ശക്തിഹീനമായിത്തീരുന്ന ഡൽഹി സാമ്രാജ്യത്തെ എളുപ്പത്തിൽ കൈവശപ്പെടുത്തുവാൻ അവിടുത്തേയ്ക്കു സാധിച്ചു എന്നു വരാം. അതിനാൽ ഡൽഹിയിലെ സിംഹാസനം അവിടുത്തേയ്ക്കു കിട്ടിയേ കഴിയൂ എന്നുണ്ടെങ്കിൽ യവനയുദ്ധത്തിനു ശേഷമാണ് അതിന് അധികം സൗകര്യം എന്നുള്ള വസ്തുത അവിടുന്നു മറക്കരുതു്. യുദ്ധത്തിൽ ഞാനാണ് ജയിക്കുന്നതെങ്കിൽ അന്നു് ഞാൻ കേവലം ശക്തിഹീനനായിരിക്കും. യവനന്മാക്കാണ് വിജയം ലഭിക്കുന്നതെങ്കിൽ അവരും യുദ്ധംകൊണ്ടുള്ള അസാമാന്യമായ നാശത്താൽ അന്ന് തീരെ ബലഹീനരായിരിക്കുമല്ലോ. അതിനാൽ ബാഹ്യശത്രുവിൻെറ ഈ ആക്രമണത്തിൻെറ ഫലം അറിയുന്നതുവരെ അവിടുന്ന് ഏതുതരത്തിലും അടങ്ങിയിരിക്കുകയാണ് വേണ്ടതു്. അവിടുത്തെ അടുക്കൽ എനിക്ക് അപേക്ഷിക്കുവാനുള്ളതും അത്രമാത്രമാണ്. യവനയുദ്ധം അവസാനിക്കുന്നതിനു മുമ്പായി അവിടുന്നു ഡൽഹിയെ ആക്രമിക്കുകയില്ലെന്നു് എനിക്കു വാക്കു തരണം. അങ്ങനെ ചെയ്താൽ മനസ്സമാധാനത്തോടുകൂടി യവനയുദ്ധത്തിൽ ഏർപ്പെടുവാൻ എനിക്കു സാധിക്കും.

പൃത്ഥ്വീരാജൻെറ വാക്കുകൾ കേട്ടിട്ടു ജയചന്ദ്രൻ ആലോചിക്കുവാൻ തുടങ്ങി. അഭിപ്രായം കേട്ടപ്പോൾ

ത്തന്നെ അതു തരക്കേടില്ലെന്ന് അദ്ദേഹത്തിന്ന തോന്നി. എന്നാൽ പെട്ടെന്ന് അതിനൊരുത്തരം പറയുവാൻ അദ്ദേഹത്തിന്ന സാധിച്ചില്ല. കുറേനേരം ആലോചിച്ചിരുന്നതിന്നശേഷം "നാളെ മററുള്ളവരുമായി ആലോചിച്ചു മറുപടി പറയാം" എന്ന് ജയചന്ദ്രൻ ഒടുവിൽ അവരെ അറിയിച്ചു.

സംയുക്തയും പൃത്ഥ്വീരാജനും ജയചന്ദ്രനെ വീണ്ടും വന്ദിച്ച് ആയുധങ്ങളുമെടുത്ത് ഉടനെ ശിബിരത്തിൽനിന്നും പുറത്തു കടന്ന് സ്വനഗരത്തിലേയ്ക്കു മടങ്ങിപ്പുറപ്പെടുകയും ചെയ്തു.

---

## പത്താം അദ്ധ്യായം.

### സംയുക്തയുടെ സ്ത്രീസൈന്യം

പൃഥാദേവി പൃത്ഥ്വീരാജന്റെ സഹോദരിയും മീവാറിലെ മഹാറാണാവായ സംഗ്രാമസിംഹന്റെ പത്നിയുമാണ്. സംയുക്തയുടെ വിവാഹത്തിന്ന ശേഷം അവളുടെ താമസം മിക്കവാറും ഡൽഹിയിൽത്തന്നെയായിരുന്നു.

സംയുക്ത പൃഥാദേവിയുമായി ആലോചിച്ചു ഡൽഹിയിലെ അന്തഃപുരത്തിൽ ഒരു സ്ത്രീസൈന്യത്തെ രൂപവൽക്കരിക്കുകയുണ്ടായിട്ടുണ്ട്. അവക്ക് ആയോധനവിദ്യ

യിൽ വേണ്ട പരിശീലനം നൽകുന്നതിനുള്ള ഭാരം ആ രണ്ടു വീരവനിതകൾ തന്നെ വഹിച്ചു. അവരുടെ ശിക്ഷണ സാമൎത്ഥ്യത്തിൻെറ ഫലമായി അല്പകാലത്തിനുള്ളിൽത്തന്നെ അനേകം വനിതകൾ യുദ്ധവിദ്യയിൽ അസാമാന്യമായ നൈപുണ്യം നേടി.

സംയുക്തയും പൃഥയും വളരെ രഹസ്യമായിട്ടാണ് ഈ വക പരിശീലനങ്ങൾ നൽകിക്കൊണ്ടിരുന്നതു്. റാണായാകട്ടെ, പൃത്ഥ്വീരാജനാകട്ടെ ആ വൃത്താന്തം അറിഞ്ഞിരുന്നില്ല. തങ്ങളുടെ സ്ത്രീസൈന്യത്തിൻെറ അപ്രതീക്ഷിതമായ സഹായത്താൽ പൃത്ഥ്വീരാജനെ ഒന്നു വിസ്മയിപ്പിക്കണമെന്നുള്ള വിചാരത്തോടുകൂടി അതിനുള്ള അവസരത്തെ പ്രതീക്ഷിച്ചുകൊണ്ടാണ് അവർ കഴിച്ചുകൂട്ടിയതു്. സംയുക്ത സന്ദൎഭവശാൽ ചിലപ്പോഴെല്ലാം ആ നാരീസൈന്യത്തിൻെറ കാൎയ്യം തൻെറ ഭൎത്താവിനോടു പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടെങ്കിലും അന്യമനസ്കനായ അദ്ദേഹം പ്രഥമദൃഷ്ടിയിൽ അസംഭാവ്യമായിത്തോന്നുന്ന ആ കാൎയ്യത്തിൽ അന്നു് അത്രവളരെ മനസ്സിരുത്തുകയുണ്ടായില്ല.

സംയുക്തയും പൃത്ഥ്വീരാജനും പൃഥയോടു യാതൊരു വിവരവും പറയാതെയാണ് ജയചന്ദ്രൻെറ ശിബിരത്തിലേക്കു പോയതു്. എന്നാൽ അവർ തമ്മിൽ നടന്ന സംഭാഷണം യദൃച്ഛയാ അവൾ കേൾക്കുവാൻ ഇടയായി. ഡൽഹിയിൽനിന്നും പുറപ്പെടുന്നതിനു മുമ്പായി സംയുക്ത തന്നോടു വിവരമെല്ലാം പറയുമെന്നായിരുന്നു അവളുടെ വിചാരം. പക്ഷേ രാജധാനിയിലുള്ളവൎക്കാൎക്കും ഒരു സംശയംപോലും തോന്നുവാൻ ഇടയാകാത്ത വിധത്തിൽ ആ രാജ

ദമ്പതിമാർ ആരേയും അറിയിക്കാതെ അത്ര രഹസ്യമായി അരമനയിൽനിന്നും നിർഗ്ഗമിക്കുകയാണു് ചെയ്തതു്.

അവർ പൊയ്ക്കഴിഞ്ഞതിനു ശേഷമാണു് പൃഥ വിവരം ഗ്രഹിച്ചതു്. അവൾക്കു വലിയ വിചാരമായി. ജയചന്ദ്രനു് പൃത്ഥ്വീരാജന്റെ പേരിലുണ്ടായിരുന്ന വിരോധം കടുത്ത ശത്രുത്വമായി പരിണമിച്ചിരിക്കുന്ന കാലമാണെന്നു് അവൾക്കറിയാമായിരുന്നു. "സംയുക്തയെ കയ്യിൽ കിട്ടിയാൽ പിന്നെ അദ്ദേഹം ഒരിക്കലും വിട്ടയയ്ക്കുകയില്ല. അവളെ രക്ഷിക്കുവാൻവേണ്ടി ജ്യേഷ്ഠൻ തന്റെ പ്രാണനെ ബലികഴിക്കുകയും ചെയ്യും. അസംഖ്യം ശത്രുക്കളുടെ നടുവിൽ ആ രണ്ടുപേരെക്കൊണ്ടു് എന്തുചെയ്യാൻ സാധിക്കും" എന്നിങ്ങനെയുള്ള ആശങ്കയാൽ അവരുടെ മനസ്സു കലങ്ങി. പ്രിയ സഹോദരന്റെ വിപത്തിനെക്കുറിച്ചുള്ള വിചാരം അവളുടെ ഹൃദയത്തെ തീരെ അസ്വസ്ഥമാക്കി. അവരെ ഈയവസരത്തിൽ എങ്ങിനെയാണു് സഹായിക്കേണ്ടതു് എന്നായി അവളുടെ ആലോചന. വിവരം സേനാപതിയെ അറിയിച്ചു് അദ്ദേഹത്തെ അങ്ങോട്ടു പറഞ്ഞയച്ചാലോ എന്നവൾ വിചാരിച്ചു. അതുകൊണ്ടു് പൃത്ഥ്വീരാജനു് അതൃപ്തി തോന്നിയെങ്കിലോ എന്നോർത്തു് ഉത്തരക്ഷണത്തിൽത്തന്നെ ആ ആലോചന അവൾ വേണ്ടെന്നു വച്ചു. സ്വന്തം നാരീസൈന്യവുമായി താൻ തന്നെ പൊയ്ക്കളയാം എന്നാണു് ഒടുവിൽ അവൾ തീരുമാനിച്ചതു്. എല്ലാവരും ഒരുങ്ങിപ്പുറപ്പെടുവാൻ അവൾ ഉടനെ കല്പന കൊടുത്തു. നായികയുടെ കല്പന കിട്ടിയ ക്ഷണത്തിൽ സ്ത്രീസൈന്യം യാത്രയ്ക്കു സന്നദ്ധവുമായി.

നഗരത്തിൽനിന്നും വെളിയിൽ കടക്കേണ്ടതെങ്ങനെയെന്നായി അനന്തരാലോചന. ദുർഗ്ഗരക്ഷകന്റെ അടുക്കൽച്ചെന്നു് എല്ലാക്കാൎയ്യവും അവനോടു തുറന്നു പറഞ്ഞതിനാൽ ആ വഴിക്കുള്ള പ്രതിബന്ധവും ക്ഷണത്തിൽ നീങ്ങി, ആയിരം അശ്വാരൂഢരായ നാരീഭടന്മാരോടുകൂടി അവർ അടുത്ത നിമിഷത്തിൽത്തന്നെ കോട്ടയിൽനിന്നു പുറത്തു കടന്നു് അതിവേഗത്തിൽ ജയചന്ദ്രന്റെ ശിബിരത്തിനഭിമുഖമായി പ്രയാണമാരംഭിച്ചു. സംയുക്തയും പൃത്ഥ്വീരാജനും ഉദ്ദിഷ്ടസ്ഥലത്തു് എത്തുന്നതിനുമുമ്പു് വഴിക്കുവച്ചുതന്നെ അവരെ പിടികൂടണമെന്നായിരുന്നു പൃഥയുടെ ഉദ്ദേശം. എന്നാൽ ആ ഉദ്ദേശം സഫലമായില്ല. ജയചന്ദ്രന്റെ ശിബിരത്തിനു സമീപത്തിൽ ചെന്നെത്തുന്നതുവരെ അവരെ കണ്ടെത്തുവാൻ അവൾക്കു സാധിച്ചില്ല. അതിനാൽ അതിനടുത്തുതന്നെ ഒരു സ്ഥലത്തു സ്വസൈന്യത്തെ ഒളിച്ചുനിറുത്തിയതിനുശേഷം ജ്യേഷ്ഠനേയും മററും കണ്ടുപിടിക്കുവാൻ ശ്രമിക്കാമെന്നു പൃഥ കരുതി.

എന്നാൽ അതിന്നായി അവൾ ബുദ്ധിമുട്ടേണ്ടിവന്നില്ല. അടുത്ത നിമിഷത്തിൽത്തന്നെ രണ്ടു് അശ്വാരൂഢന്മാരായ ഭടന്മാർ ജയചന്ദ്രന്റെ ശിബിരത്തിൽനിന്നും പുറത്തു കടന്നു് ഡൽഹിക്കുനേരെ തങ്ങളുടെ കുതിരകളെ ഓടിച്ചുപോകുന്നതു് അവളുടെ ദൃഷ്ടിയിൽപ്പെട്ടു. അവർ സംയുക്തയും പൃത്ഥ്വീരാജനുമായിരിക്കുമെന്നു അവൾ ഊഹിച്ചു. ഉടനെ അവൾ സൈന്യസമേതം അവരറിയാതെതന്നെ അവരെ പിന്തുടൎന്നു. സംയുക്തയും പൃത്ഥ്വീരാജനും ഒരു തുറന്ന മൈതാനത്തിലെത്തിയപ്പോൾ പൃഥയുടെ സൈന്യങ്ങൾ ഒളിവിൽ നിന്നുകൊണ്ടു് ഒരു കാഹളശബ്ദം പുറപ്പെട്ടു

വിച്ചു. അപ്രതീക്ഷിതമായി പുറപ്പെട്ട ആ കാഹളശബ്ദം സംയുക്തയേയും പൃത്ഥ്വീരാജനേയും അല്പമൊന്നു പരിഭ്രമിപ്പിച്ചു. അവർ പെട്ടെന്നു തങ്ങളുടെ കുതിരകളെ പിന്തിരിച്ച് സന്ദിഗ്ദ്ധദൃഷ്ടിയോടെ ശിബിരത്തിന്റെ നേരെ നോക്കിക്കൊണ്ടു നില്പായി. ഉത്തരക്ഷണത്തിൽത്തന്നെ ഒരു കൂട്ടം അശ്വഭടന്മാർ നാലുഭാഗത്തുനിന്നും തങ്ങളെ വളയുന്നതായി അവർ കണ്ടു. വിസ്മയം, കോപം, ശങ്ക എന്നീ വിവിധ വികാരങ്ങൾക്ക് അധീനരായി അവർ കുറേ നേരം ഒന്നിനും ശക്തരല്ലാതെ അതേനിലയിൽ അവിടെ നിന്നുപോയി.

സംയുക്ത:— "എന്റെ അച്ഛന്റെ വിശ്വാസവഞ്ചനയുടെ ഫലമാണിതു"."

പൃത്ഥ്വീരാജൻ:— "അങ്ങനെ വരുമോ? രജപുത്രരുടെ ഇടയിൽ ഇത്രമേൽ നീചത്വമുള്ളവരും ഉണ്ടെന്നോ? യവനസൈന്യമല്ലേ അതു്?"

സംയുക്ത:— "എന്നാൽ വലിയ അനർത്ഥമായി. ഇത്ര വലിയ സൈന്യത്തെ ഭേദിച്ച് അപ്പുറം കടന്നു ഡൽഹിയിലേയ്ക്കു പോകുവാൻ സാധിക്കുമോ?

പൃത്ഥ്വീരാജൻ:— "നിശ്ചയമായും സാധിക്കും. ഞാൻ മുമ്പിൽ നടന്നു വഴി വെട്ടിത്തെളിക്കാം. നീ എന്റെ പിറകേക്കൂടി ആ വഴിയേ മുന്നോട്ടു നീങ്ങിയാൽ മതി. എന്റെ ഖഡ്ഗം നിന്നെ സഹായിക്കുവാൻ സന്നദ്ധമായി എപ്പോഴും നിന്റെ മുമ്പിൽ ഉണ്ടായിരിക്കും.

നീ അശേഷം ഭയപ്പെടേണ്ട. വരൂ, നമുക്കു മുന്നോട്ടു നീങ്ങാം."

പൃത്ഥ്വീരാജൻെറ വാക്കുകൾ മുഴുമിക്കുന്നതിനുമുമ്പ് എതിർപക്ഷത്തുനിന്നു രണ്ടു അശ്വഭടന്മാർ അവരുടെ അടുക്കലേയ്ക്കു വരുന്നതായി കാണപ്പെട്ടു.

സംയുക്ത:— "അതാ നോക്കൂ, രണ്ടു ഭടന്മാർ നമ്മുടെ സമീപത്തിലേയ്ക്കുതന്നെ വരുന്നുണ്ടല്ലോ. അവരുടെ അടുക്കൽനിന്നു വിവരമെല്ലാം ആദ്യമായി ഗ്രഹിക്കാം. എന്നിട്ടു വേണ്ടതെന്തെന്നു് നമുക്കു തീരുമാനിക്കാം."

ഇത്രയും പറഞ്ഞിട്ടു് അവരും മുന്നോട്ടു നീങ്ങിത്തുടങ്ങി. ഇരുകൂട്ടരും പരസ്പരം അടുത്തെത്തിയപ്പോൾ പൃഥാദേവി ഇങ്ങനെ വിളിച്ചുപറഞ്ഞു:— "രാത്രി ഈ അസമയത്തു ശത്രുക്കളുടെ പാളയത്തിൽനിന്നും പുറത്തു കടന്നു് ഡൽഹിക്കഭിമുഖമായി പുറപ്പെട്ടിരിക്കുന്ന നിങ്ങൾ നിശ്ചയമായും ശത്രുക്കളായിരിക്കണം. ഒന്നുകിൽ ആയുധംവച്ചു കീഴടങ്ങുവിൻ; അല്ലെങ്കിൽ ആത്മരക്ഷയ്ക്കായി ഒരുങ്ങിക്കൊൾവിൻ."

നിത്യപരിചിതമായ പൃഥയുടെ ആ സ്വരം കേട്ട ഉടനെ സംയുക്തയ്ക്കു് ആളെ മനസ്സിലായി. അവൾ തൻെറ അശ്വത്തെ പൃഥയുടെ അശ്വത്തിനരികിലായി കൊണ്ടുപോയി നിറുത്തിയിട്ടു് ഇങ്ങനെ പറഞ്ഞു:— "ഞാനെന്നും നിങ്ങളുടെ സ്നേഹപാശത്താൽ ബദ്ധയായി ജീവിക്കുന്നവളാണല്ലോ. ഇന്നു് ഇതാ എൻെറ ഖഡ്ഗത്തെ

നിങ്ങളുടെ കയ്യിൽ ഏല്പിച്ച് ആ ബന്ധത്തെ ഒന്നുകൂടി ദൃഢതരമാക്കി ഞാൻ യഥാൎത്ഥത്തിൽ ബന്ധനസ്ഥയായി ത്തീൎന്നേക്കാം."

സ്വരം കേട്ടിട്ട് സംശയം തോന്നിയെങ്കിലും പൃഥ്വീരാജന്നു പെട്ടെന്നു കാൎയ്യമൊന്നും മനസ്സിലായില്ല. അദ്ദേഹം തന്റെ പ്രേയസിയുടെ പ്രവൃത്തിയെ തടുത്തു:— "സംയുക്തേ, നീ എന്താണീച്ചെയ്യുന്നതു്? യുദ്ധമൊന്നും കൂടാതെ ശത്രുവിന്നു കീഴടങ്ങുകയോ? പൃത്ഥ്വീരാജന്റെ ദേഹത്തിൽ ജീവനുള്ളിടത്തോളം കാലം അതു പാടില്ല. ഞാൻ ജീവിച്ചിരിക്കെ നിന്നെ ശത്രുവിന്റെ കയ്യിൽ അകപ്പെടുത്തുകയില്ല."

സംയുക്ത:— "എന്നാൽ നിങ്ങൾ രണ്ടുപേരും—ജ്യേഷ്ഠനും അനുജത്തിയും—അന്യോന്യം യുദ്ധം ചെയ്യുവിൻ ഞാൻ ദൂരെ മാറിനിന്നുകൊണ്ടു് നേരംപോക്കു കാണാം" എന്നു പറഞ്ഞിട്ട് അവൾ ചിരിക്കുവാൻ തുടങ്ങി.

പൃഥ്വീ:— "ജ്യേഷ്ഠ, ഈയുള്ളവളുടെ സാഹസം ക്ഷമിക്കണം. ശത്രുക്കളുടെ കയ്യിൽനിന്നു നിങ്ങളെ രക്ഷിക്കുവാൻ വേണ്ടിയാണു് സൈന്യത്തോടുകൂടി ഞാൻ ഇവിടെ വന്നുചേൎന്നതു്."

പൃത്ഥ്വീരാജൻ:— (വിസ്മയത്തോടുകൂടി) "ഈ സൈന്യമെല്ലാം നിനക്കെവിടെനിന്നു കിട്ടി പൃത്ഥേ? മഹാറാണാ വന്നുകഴിഞ്ഞുവോ?"

പൃഥ:– (തലകുനിച്ചിട്ട്) "അദ്ദേഹം വന്നിട്ടില്ല ജ്യേഷ്ഠ!"

പൃഥ്വീരാജൻ:— (പൂർവ്വാധികം വിസ്മയത്തോടുകൂടി) "പിന്നെ നിനക്കു് എവിടെനിന്നു കിട്ടി സൈന്യങ്ങൾ? ആരോടു ചോദിച്ചിട്ടാണു് നീ ഇവരെ കൂട്ടിക്കൊണ്ടുപോന്നതു്?"

പൃഥ:— ആരോടു ചോദിക്കണം ജ്യേഷ്ഠ? എനിക്കാരാണു് സൈന്യങ്ങളെത്തരാൻ. ഈ സൈന്യങ്ങളെല്ലാം ഞങ്ങളുടെ സ്വന്തമാണു്."

പൃഥ്വീരാജൻ:— (നീരസത്തോടുകൂടി) "സേനാപതിയോടു ചോദിച്ചു വാങ്ങിയതായിരിക്കാം അല്ലേ? എന്നാൽ എന്താവശ്യത്തിനാണെന്നു പറഞ്ഞിട്ടാണു് നീ ഇവരെ വാങ്ങിയതു്?"

പൃഥ്വീരാജന്റെ വാക്കുകൾ കേട്ടിട്ടു് സംയുക്ത പതുക്കെ ഒന്നു ചിരിച്ചു:—

"ഇതു് അവിടുത്തെ വക സൈന്യമൊന്നുമല്ല മഹാരാജാവേ. ഞങ്ങളുടെ നാരീസൈന്യമാണിതു്. ഇവരുടെമേൽ അവിടുത്തെ സേനാനായകനു് യാതൊരു കയ്യുമില്ല. ഇവർ തികച്ചും പൃഥയുടേയും എന്റേയും അധികാരത്തിലുള്ളവരാണു്."

ഈ അവസരത്തിൽ ഡൽഹിയിലേയ്ക്കുള്ള മാർഗ്ഗത്തിൽനിന്നു പെട്ടെന്നു് "ജയ ജയ പൃഥ്വീരാജ" എന്നുള്ള ആർപ്പുവിളി അവരുടെ കർണ്ണങ്ങളിൽ വന്നു മുഴങ്ങി. ഉത്തരക്ഷണത്തിൽ ഒരുകൂട്ടം സൈന്യങ്ങൾ പിറകിൽനിന്നു

തങ്ങളെ ആക്രമിക്കുവാൻ ഭാവിക്കുന്നതായും അവർ കണ്ടു. ഉടനെ "ജയ ജയ സംയുക്താദേവി" എന്നുള്ള ആർപ്പുവിളി കളോടുകൂടി പൃഥയുടെ സൈന്യങ്ങളും ആത്മരക്ഷയ്ക്കുള്ള സന്നദ്ധതയോടെ തിരിഞ്ഞുനിന്നു.

മിത്രങ്ങളാണെന്നറിഞ്ഞപ്പോൾ റാണാ സംഗ്രാമ സിംഹൻ ലജ്ജിതനായി തന്റെ കുതിരയെ പൃഥ്വീരാജ നും മററും നിന്നിരുന്ന സ്ഥലത്തേയ്ക്ക് ഓടിച്ചു കൊണ്ടു വന്നു. സംയുക്തയും പൃഥയും പൃഥ്വീരാജനും മുന്നോട്ടു നീങ്ങി അദ്ദേഹത്തെ എതിരേററു. നാലുപേരും ഒരുമിച്ചു കൂടിയപ്പോൾ പൃഥ തന്റെ പ്രിയതമന്റെ സമീപത്തി ലേയ്ക്കു നീങ്ങിനിന്നു.

സംയുക്ത:— "എന്താ മഹാറാണാജി, ഗർജ്ജിക്കുകമാത്രം ചെയ്തു് അടങ്ങിക്കളഞ്ഞതു്? പെയ്തു വേണ്ടെന്നു വച്ചതു് എന്താണു്?

റാണാജി:— (ചിരിച്ചിട്ടു്) "പെയ്യാൻ ഭാവിക്കുമ്പോഴേ യ്ക്കും കാററു മാറി വീണില്ലേ? മേഘം പറപറന്നു കളഞ്ഞു."

പൃഥ്വീരാജൻ:— അങ്ങെന്താണു് ഈ വഴിയ്ക്കു വന്നതു്? അങ്ങു വന്നിട്ടില്ലെന്നാണല്ലോ പൃഥ പറഞ്ഞതു്. എന്നിട്ടും അവളുടെ പിന്നാലെതന്നെ ആൾ ഇതാ ഇവിടെയെത്തിയിരിക്കുന്നു. എനിക്കൊന്നും മനസ്സി ലാകുന്നില്ലല്ലോ."

റാണാജി:— (ചിരിച്ചിട്ട്; "ഞാൻ ഡൽഹിയിലെത്തിയ ഉടനെ അങ്ങയുടെ ഒരു ചാരനെ കാണുകയുണ്ടായി. അങ്ങ സംയുക്തയോടുകൂടി കാന്യകുബ്ജത്തിലേയ്ക്കു പോയിരിക്കുന്നുവെന്ന് അവൻ പറഞ്ഞിട്ട് ഞാനറിഞ്ഞു. അതിന് അല്പം മുമ്പായി ഒരു കൂട്ടം അശ്വഭടന്മാർ നിങ്ങളെ പിൻതുടൎന്നു പോകുന്നതു കണ്ടു പരിഭ്രമത്തോടുകൂടി അവൻ പറഞ്ഞു ഡൽഹിയിൽ അപ്പോഠം എത്തിച്ചേൎന്നതേയുള്ളു. കോട്ടയ്ക്കുള്ളിൽ കടക്കുന്നതിനു മുമ്പുതന്നെ ഈ വിവരം മനസ്സിലായതിനാൽ ഏതാനും സൈന്യങ്ങളുമായി ഞാൻ ഇങ്ങോട്ടു തിരിച്ചതാണ്. കല്യാണൻ ബാക്കി സൈന്യങ്ങളുമായി കോട്ടയ്ക്കുള്ളിലേയ്ക്കു പോയിട്ടുണ്ട്."

ഗസ്നിയിലെ ഗോറിവംശത്തിൽപ്പെട്ട രാജാവായ സാഹേബുദ്ദീൻ സ്വന്തം സഹോദരനായ മഹമ്മദ് ഗോറിയെ സേനാനായകനാക്കി ഭാരതത്തെ ആക്രമിക്കുവാൻവേണ്ടി പറഞ്ഞയച്ച വിവരം മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനു മുമ്പുള്ള മുസൽമാൻ രാജാക്കന്മാരും ഭാരതത്തെ ആക്രമിച്ച് ഹിന്ദുക്കളുടെ ദേവാലയങ്ങളെ തകൎക്കുകയും അവിടത്തെ രത്നാദികഠം കൊള്ളയിട്ടു കൊണ്ടുപോയി തങ്ങളുടെ രാജകീയഭണ്ഡാരത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്കയുണ്ടായിട്ടുണ്ട്. എന്നാൽ ഇത്തവണത്തെ ആക്രമണം ഒരു നൂതനരീതിയിലുള്ളതായിരുന്നു. അവർ ദേവാലയങ്ങളിലേയ്ക്കല്ല, പ്രധാനമായി ദൃഷ്ടി പതിപ്പിച്ചതു്. അവരുടെ ഉന്നം മുഴുവനും രാജ്യം കൈക്കലാക്കുന്നതിലായിരുന്നു. ഡൽഹിയാണല്ലോ ഭാരത ചക്രവൎത്തിയുടെ രാജധാനി. ഡൽഹി കൈവശപ്പെടുത്തുവാൻ

സാധിച്ചാൽ ഭാരതം മുഴുവൻ തങ്ങൾക്കു കീഴടങ്ങുമെന്നു് അവർ കണ്ടു. അതിനാൽ അവർ തിരൗരിയുടെ സമീപത്തിൽ സേനാനിവേശം ചെയ്തു് തങ്ങളുടെ ഉദ്ദേശസിദ്ധിക്കുള്ള ഉപായങ്ങളെപ്പററി ആലോചന തുടങ്ങി.

കുത്തബ്ബുദ്ദീനും ബക്തിയാരും ആണു് മഹമ്മദ് ഗോറിയുടെ രണ്ടു പ്രധാന ബന്ധുക്കൾ. അവരുടെ ബാഹുബലം സേനാപതിയുടെ വിജയത്തിനു വിലയേറിയ സഹായമായിരുന്നുവെങ്കിലും അതിനേക്കാൾ കൂടുതലായി അവരുടെ കൂടബുദ്ധിയെയാണു് തൻെറ ആശയ്ക്കു് അവലംബമായി അദ്ദേഹം കരുതിയിരുന്നതു്. അവർ മൂവരും തിരൗരിയിൽ സേനാനിവേശം ചെയ്തതിനുശേഷം ആദ്യമായി ചെയ്തതു് ഭാരതത്തിലെ രാജാക്കന്മാരുടെ സ്ഥിതിഗതികൾ അറിയുന്നതിനുവേണ്ടി അതിഗൂഢമായി ചാരന്മാരെ നിയോഗിക്കുകയാണു്.

മഹമ്മദ് ഗോറിയുടെ ശിബിരത്തിനുള്ളിൽ നമുക്കൊന്നു കടന്നു നോക്കാം. അദ്ദേഹം വിലയേറിയ ഒരു സിംഹാസനത്തിൽ ഇരിക്കുകയാണു്. ഇരുവശത്തും രണ്ടു പീഠങ്ങളിലായി കുത്തബ്ബും ബക്തിയാരും ഇരിപ്പുണ്ടു്. പല രാജ്യങ്ങളിലേയ്ക്കും നിയോഗിക്കപ്പെട്ട ചാരന്മാർ ഓരോരുത്തരായി മടങ്ങിവന്നു രാജാക്കന്മാരിൽ ഓരോരുത്തരുടേയും സ്ഥിതിഗതികളെ വർണ്ണിക്കുവാൻ തുടങ്ങി. ഏതെല്ലാം രാജാക്കന്മാർ എത്രയെത്ര സൈന്യങ്ങളുമായി ചക്രവർത്തിയെ സഹായിക്കുവാൻ എത്തിയിട്ടുണ്ടെന്നും അവരെല്ലാം രാജ്യരക്ഷയ്ക്കുവേണ്ടി എന്തെല്ലാം വ്യവസ്ഥകളാണു് ചെയ്തിട്ടുള്ളതെന്നും വിശദമായി അവർ വിസ്തരിച്ചു പറഞ്ഞു.

എല്ലാം കേട്ടുകഴിഞ്ഞപ്പോഠം മഹമ്മദിൻേറയും കൂട്ടുകാരുടേയും മുഖത്തു വിഷാദത്തിൻെറ നിഴൽ വ്യാപിച്ചു. അവരുടെ നെററിയിന്മേൽ ചിന്തയുടെ കാഠിന്യത്തെ പ്രകാശിപ്പിക്കുന്ന ചുളിവുകഠം പ്രത്യക്ഷപ്പെട്ടു.

അടുത്തുതന്നെ വന്നെത്തിയ ഒരു ചാരൻെറ മുഖത്തുനിന്നു് കാന്യകുബ്ജത്തിലെ രാജാവും പത്തനരാജാവും ഡൽഹിയെ ആക്രമിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി അതിൻെറ അതിർത്തിപ്രദേശത്തിലെത്തി പാളയമടിച്ചു കിടക്കുന്നുണ്ടെന്നുള്ള വത്തമാനം കേട്ടുകഴിഞ്ഞപ്പോഠം അവരുടെ വിഷാദപൂണ്ണമായ മുഖത്തു് പെട്ടെന്നു സന്തോഷത്തിൻെറ പ്രകാശം വ്യാപിച്ചു. ചാരന്മാരെയെല്ലാം പിരിച്ചയച്ചതിനുശേഷം മൂവരുംകൂടി വീണ്ടും ഗാഢമായ ആലോചനയിൽ ഏപ്പെട്ടു. വളരെ നേരത്തെ ആലോചനയുടെ ഫലമായി ഒടുവിൽ അവർ തീരുമാനിച്ചതു് ഇപ്രകാരമാണു്:— "കാന്യകുബ്ജരാജാവും, പത്തനരാജാവും ഡൽഹിയെ ആക്രമിക്കുന്ന തക്കംനോക്കി തങ്ങളും ഡൽഹിയെ ആക്രമിക്കണം. മൂന്നു വശത്തുനിന്നും ആക്രമണം ഉണ്ടാകുമ്പോഠം ഡൽഹി ചക്രവത്തി എളുപ്പത്തിൽ പരാജിതനാകും. അതോടുകൂടി മററു രാജാക്കന്മാരും ബലഹീനരായിത്തീരും. അപ്പോഠം അവരേയും നിഷ്പ്രയാസം ഓടിച്ചുകളഞ്ഞു് ഡൽഹി കൈവശപ്പെടുത്തുവാൻ തങ്ങഠംക്കു യാതൊരു ബുദ്ധിമുട്ടും നേരിടുകയില്ല."

പത്തനരാജാവിനേയും കാന്യകുബ്ജരാജാവിനേയും സ്വപക്ഷത്തിൽ ചേക്കുവാൻവേണ്ടി മഹമ്മദ് ഗോറി ഉടനെ അവരുടെ സമീപത്തിലേയ്ക്കു ദൂതന്മാരെ അയയ്ക്കുകയും ചെയ്തു.

# പതിനൊന്നാം അദ്ധ്യായം.

---

## കാന്യകുബ്ജത്തിലെ ശിബിരത്തിൽ.

സംയുക്ത സ്വഭർത്താവിനോടുകൂടി കാന്യകുബ്ജത്തിലെ ശിബിരത്തിൽ ചെന്നു പിതാവിനെ കണ്ടു മടങ്ങിയതിൻെറ പിറേറദിവസം ജയചന്ദ്രൻ തൽകാലം എന്താണു് ചെയ്യേണ്ടതെന്നുള്ള കാൎയ്യത്തെപ്പററി മററു സാമന്തന്മാരുമായി ഒരാലോചന നടത്തി:— "ചക്രവൎത്തിയുടെ ഉപദേശം വളരെ ഉത്തമമാണു്. ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ ഡൽഹിരാജ്യത്തിനുവേണ്ടി ഒരു വടംവലി നടക്കട്ടെ. വിജയം ആൎക്കുതന്നെ കിട്ടിയാലും ആ കൂട്ടർ ബലഹീനരായിത്തീരുമെന്നുള്ളതിൽ പക്ഷാന്തരമില്ല. ആ തക്കം നോക്കി നമ്മൾ ഡൽഹിയെ ആക്രമിക്കുന്നപക്ഷം നമുക്കു വിജയം എളുപ്പത്തിൽ കരസ്ഥമാക്കുവാൻ കഴിയും" എന്നായി ചിലർ.

അത്രയും കാലം കാത്തിരിക്കുവാനുള്ള ക്ഷമ ജയചന്ദ്രനില്ലായിരുന്നു. അദ്ദേഹം പറഞ്ഞു:— "എൻെറ അഭിപ്രായം അതല്ല. നാം ആദ്യം നിശ്ചയിച്ച പ്രകാരം നമ്മളും പത്തനരാജാവും ഒന്നിച്ചു ഡൽഹിയെ ആക്രമിച്ചു് ആദ്യമായി അതു കൈവശപ്പെടുത്തണം. പിന്നീടു മുസൽമാന്മാരുമായി സഖ്യംചെയ്തു് കുറെ ദ്രവ്യവും കൊടുത്തു് അവരെ പറഞ്ഞയച്ചാൽ മതിയാകും."

എന്നാൽ സാമന്തന്മാരിൽ അധികംപേരും ഈ അഭിപ്രായത്തോടു യോജിച്ചവരായിരുന്നില്ല. "ഭാരതം ഹിന്ദുക്കളുടെ രാജ്യമാണു്. ഭാരതവാസികളെല്ലാം ഹിന്ദുക്കളുമാണു്. ഹിന്ദുക്കളുടെ ധമ്മവും, ഹിന്ദുക്കളുടെ വിദ്യയും, ഹിന്ദുക്കളുടെ ബുദ്ധിശക്തിയും, ഹിന്ദുക്കളുടെ വീയ്യവുമാണു് ഭാരതത്തെ അതിന്റെ അത്യുച്ചാവസ്ഥയിൽ എത്തിച്ചിരിക്കുന്നതു്. അതിനുള്ളിൽ അന്യമതക്കാർ പ്രവേശിക്കുകയാണെങ്കിൽ അതിന്റെ മാഹാത്മ്യം നശിച്ചുപോകും. അതിനാൽ ഹിന്ദുക്കളെല്ലാം ഒത്തുചേന്നു് ആദ്യമായി സ്വദേശത്തിന്റെ ശത്രുവിനെ—വിദേശീയനും വിജാതീയനുമായ ശത്രുവിനെ—നാട്ടിൽനിന്നും ഓടിച്ചുകളയണം. പിന്നീടു നമ്മുടെ ഉദ്ദേശം നിറവേററാം" എന്നു് അവർ അഭിപ്രായപ്പെട്ടു.

ജയചന്ദ്രൻ:— "എനിക്കു് ഡൽഹിരാജ്യം ആവശ്യമില്ല. അതിലെ അതിരററ ധനരത്നാദികളിലും എനിക്കു മോഹമില്ല. എനിക്കു വേണ്ടതെന്താണെന്നു നിങ്ങൾക്കറിയാമോ? ഞാൻ ആഗ്രഹിക്കുന്നതു പൃത്ഥ്വീരാജന്റെ മൃത്യുവാണു്; സംയുക്തയുടെ വൈധവ്യമാണു്. നാളെത്തന്നെ പത്തനരാജാവു് ഡൽഹിയെ ആക്രമിക്കും. കൂടെ നമ്മളും ആക്രമിക്കുക. പൃത്ഥ്വീരാജൻ ഡൽഹിയെ രക്ഷിക്കുന്നതെങ്ങിനെയെന്നു നമുക്കൊന്നു കാണാം."

ജയചന്ദ്രന്റെ വാക്കുകൾ തൽക്ഷണംതന്നെ സ്ത്രീകളുടെ ശിബിരത്തിലുമെത്തി. അവിടെ ഉടനെ കരച്ചിലും മുറവിളിയുമായി. റാണിയുടെ നേത്രങ്ങളിൽനിന്നു ധാരധാരയായി അശ്രുക്കൾ വീണുതുടങ്ങി. എന്തൊരു ഭയ

കരമായ കഥയാണിതു്! അച്ഛൻ മകളുടെ വൈധവ്യത്തെ മോഹിക്കുകയോ! ഇതെന്തൊരു ഘോരമായ ശാപവാക്യം! അവർ ഓടിച്ചെന്നു ഗുരുദേവന്റെ കാല്ക്കൽ വീണു കരഞ്ഞുകൊണ്ടു് ഇങ്ങനെ അപേക്ഷിച്ചു:— "സ്വാമിൻ, സംയുക്തയെ മഹാരാജാവിന്റെ ശാപത്തിൽനിന്നു രക്ഷിക്കണമേ."

റാണിയുടെ കണ്ണുനീർ കണ്ടിട്ടു് രാജഗുരുവായ ത്ര്യമ്പകാനന്ദന്റെ മനസ്സലിഞ്ഞു. അദ്ദേഹം ഉടനെ രാജസഭയിൽ സന്നിഹിതനായിട്ടു് ഇങ്ങനെ അറിയിച്ചു:— "രാജാവെ, അങ്ങു ചെയ്യുവാൻ പുറപ്പെട്ടിരിക്കുന്ന കാര്യം വളരെ അന്യായമാണു്, അത്യന്തം നിന്ദ്യമാണു്, ഏററവും നീചമാണു്, കേവലം ഭീരുക്കളായ ഹീനബുദ്ധികൾക്കു മാത്രം പററിയതാണു്. അതു് ധർമ്മത്തിനു വിഹിതമല്ല, ക്ഷത്രിയന്മാർക്കു് ഉചിതവുമല്ല."

ത്ര്യമ്പകാനന്ദന്റെ വാക്കുകൾ കേട്ടിട്ടു സഭയിലുള്ളവരെല്ലാം ക്ഷണനേരത്തേയ്ക്കു സ്തബ്ധരായിരുന്നുപോയി. ഗുരുദേവൻ തുടൎന്നു:— "ഇങ്ങനെയുള്ള അന്യായത്തെ ഈശ്വരൻ എങ്ങനെ സഹിച്ചുകൊണ്ടിരിക്കും? ഭീരുവായ രാജാവിനു കിട്ടിയ കൂട്ടുകാർ അതിലും ഭീരുക്കൾ! ധർമ്മാധർമ്മങ്ങളെക്കുറിച്ചോ, ന്യായാന്യായങ്ങളെക്കുറിച്ചോ രാജാവിനു് അശേഷം നോട്ടമില്ല; സാമന്തന്മാർക്കുമില്ല അങ്ങിനെയൊരു വിചാരം. "കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി" എന്നുപറഞ്ഞ കൂട്ടത്തിലാണു് ഇവിടത്തെ സ്ഥിതി. രാജാവു പറയുന്നതിൽ വല്ല അനീതിയുമുണ്ടെങ്കിൽ അതിനെ ചൂണ്ടിക്കാണിച്ചു് അദ്ദേഹത്തെ നേർവഴിക്കു നടത്തേണ്ടുന്നതിനു

പകരം സേവ പിടിക്കുവാൻവേണ്ടി അദ്ദേഹം പറയുന്നതെല്ലാം ശരിവച്ച് പാപത്തിൻെറ ചുമട് അദ്ദേഹത്തിൻെറ തലയിൽ ഒന്നുകൂടി കയററിവയ്ക്കുകയാണ് ക്രട്ടുകാർ ചെയ്യുന്നതു്. മുഖസ്തുതിക്കാരുടെ ചക്കരവാക്കുകളാണു രാജാവെ, അങ്ങയെ ഇത്രമാത്രം അധഃപതിപ്പിച്ചതു്. അവരുടെ സ്തുതികൾ കേട്ട് സ്വന്തം നിലയെ അങ്ങു മറന്നുപോകുന്നു. ഇതിൻെറ പരിണാമം അത്യന്തം ഭയങ്കരമായിരിക്കും."

ജയചന്ദ്രനും മിക്ക സാമന്തന്മാരും ഇതെല്ലാം കേട്ട് തല താഴ്ത്തിക്കളഞ്ഞു. ഒരാൾ അല്പം ധൈര്യത്തോടുകൂടി ഇങ്ങനെ പറഞ്ഞു:— "സ്വാമിൻ, ഞങ്ങളിൽ ചിലർ അദ്ദേഹത്തോടു നേർവഴി ഉപദേശിച്ചു. യവനയുദ്ധത്തിൽ പൃഥ്വീരാജനെ സഹായിച്ച് ആദ്യമായി നാം ശത്രുവിനെ നാട്ടിൽനിന്നും ഓടിച്ചുകളയണമെന്നും പൃഥ്വീരാജൻെറ കാര്യത്തിൽ പിന്നീടു നമുക്കു വേണ്ടവിധം പ്രവത്തിക്കാമെന്നും ഞാൻ പറയുകയുണ്ടായി. ഈ അഭിപ്രായത്തിൽ എന്താണ് തെററുള്ളതു്?"

ഗുരുദേവൻ:— "നിങ്ങൾ പറഞ്ഞതു വളരെ ശരിയാണ്. ഹിന്ദുക്കളുടെ നാട്ടിൽ യവനന്മാർ പ്രവേശിച്ചാൽ പിന്നെ ഹിന്ദുത്വം നിലനില്ക്കുമോ? അതിൻെറ മാഹാത്മ്യം അസ്തമിക്കാതിരിക്കുമോ? ഭാരതം മുഴുവൻ യവനന്മാരെക്കൊണ്ടു നിറയുവാൻ പിന്നെ അധികം നാൾ വേണ്ടിവരികയില്ല. എല്ലാററിലും മുമ്പായി ഈ യവനന്മാരെ നാട്ടിൽനിന്നും ആട്ടിയോടിക്കുകയാണു വേണ്ടതു്."

ആദ്യം പറഞ്ഞ സാമന്തൻ:— "കാന്യകുബ്ജരാജാവിന്ന് ആ അഭിപ്രായം സമ്മതമല്ലെന്നാണ് പറയുന്നതു്."

ഗുരുദേവൻ:— "ഈയവസരത്തിൽ എല്ലാവരും ഒത്തു ചേർന്നു സ്വദേശത്തിൻെറ പൊതുശത്രുവിനെ ആട്ടിപ്പായിച്ചില്ലെങ്കിൽ ഡൽഹി ഇന്നു് അവരുടെ കയ്യിലാകും. നാളെ കാന്യകുബ്ജം, മറെറന്നാൾ മീവാരം ഇങ്ങനെ ഓരോന്നോരോന്നായി ക്രമേണ ഭാരതഭൂമി മുഴുവനും അവരുടെ കയ്യിലൊതുങ്ങും! അതിനെ തടുക്കുവാൻ പിന്നെ ആൎക്കും കഴിവുണ്ടാവുകയില്ല."

ജയചന്ദ്രൻ:— "യവനന്മാർ ഇവിടെ വന്നിരിക്കുന്നതു രാജ്യം കൈക്കലാക്കാനല്ല, ദ്രവ്യം അപഹരിച്ചു കൊണ്ടുപോകുവാൻ മാത്രമാണു്."

ഗുരുദേവൻ:— (ചിരിച്ചുകൊണ്ടു്) "ജയചന്ദ്രാ, നീ എന്തൊരു ഭോഷൻ! ദ്രവ്യം അപഹരിക്കുവാൻവേണ്ടി മാത്രമല്ല അവർ വന്നിരിക്കുന്നതു്. ദ്രവ്യമെല്ലാം കൊള്ളയിട്ടെടുത്തതിനുശേഷം രാജ്യം കൈക്കലാക്കണമെന്നുകൂടി അവൎക്കു് ഉദ്ദേശമുണ്ടു്. കാലക്രമേണ ഭാരതഭൂമിയിൽനിന്നു് ഹിന്ദുത്വംതന്നെ അസ്തമിച്ചുപോകും. ഭാരതീയസ്ത്രീകളുടെ മാനവും ചാരിത്രശുദ്ധിയുംകൂടി അതോടൊപ്പം അപകടത്തിലാകും. ദീൎഘദൃഷ്ടികൊണ്ടു് ഞാൻ ഇതൊക്കെക്കാണുന്നുണ്ടു്."

ഗുരുദേവൻെറ ഒടുവിലത്തെ വാക്കുകൾ കേട്ടപ്പോൾ സഭാവാസികളെല്ലാം ദിവാസ്വപ്നത്തിൽനിന്നുണൎന്നു. "സ്വാമിൻ, ഞങ്ങൾ എന്താണു് ചെയ്യേണ്ടതെന്നു് അവിടുന്നു് ഉപദേശിച്ചുതരണം" എന്നു് അവർ തൊഴുതുകൊണ്ടു് അദ്ദേഹത്തോടപേക്ഷിച്ചു.

ഗുരുദേവൻ:— "നിങ്ങളുടെ കത്തവ്യമെന്തെന്നോ ചോദിക്കുന്നതു്? അതു വളരെ പ്രത്യക്ഷമാണു്. ഹിന്ദുക്കളെല്ലാം ഒത്തുചേൎന്നു വിദേശീയശത്രുവിനെ നാട്ടിൽനിന്നാട്ടിപ്പായിക്കണം. അതാണു് നിങ്ങളുടെ പ്രധാനമായ കത്തവ്യം."

ഇത്രയും പറഞ്ഞിട്ടു് ഗുരുദേവൻ സഭയിൽനിന്നും ഇറങ്ങിപ്പോയി.

സാമന്തന്മാർ:— "ഈ കാൎയ്യത്തിൽ കാന്യകുബ്ജരാജാവിൻെറ അഭിപ്രായമെന്തെന്നു് ഞങ്ങൾക്കറിഞ്ഞാൽക്കൊള്ളാം."

ജയചന്ദ്രൻ:— "ഡൽഹിയെ ആക്രമിക്കുന്ന കാൎയ്യം ഞാൻ ഏതായാലും വേണ്ടെന്നുവച്ചു. എന്നാൽ യവനയുദ്ധത്തിൽ പൃത്ഥ്വീരാജനെ സഹായിക്കുന്ന വിഷയത്തിൽ എനിക്കു് അശേഷം തൃപ്തിയില്ല. നിങ്ങളിൽ ആൎക്കെങ്കിലും അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ അതിൽ എനിക്കു വിരോധവുമില്ല."

---

## പന്ത്രണ്ടാം അദ്ധ്യായം.

---

### പൃത്ഥ്വിയും സംയുക്തയും.

പൃത്ഥ്വി:— "സംയുക്തേ, നീ എന്തു ധൈൎയ്യപ്പെട്ടിട്ടാണു് അച്ഛൻെറ അടുക്കലേയ്ക്കു പോയതു്?

സംയുക്ത:— (ചിരിച്ചിട്ട്) "എന്താണ് ഭയപ്പെടാനുള്ളത്? നിങ്ങളുടെ സഹോദരൻ എൻെറ കൂടെ ഉണ്ടായിരുന്നില്ലേ? പിന്നെ ഞാൻ ആരെ ഭയപ്പെടണം? പോകുന്നതു് അച്ഛൻെറ അടുക്കലേയ്ക്കുമല്ലേ? അച്ഛനെ അത്രവളരെ ഭയപ്പെടാനുണ്ടോ? വാകൊണ്ടു പലതും പറയുമെങ്കിലും കാൎയ്യത്തിൽ അദ്ദേഹം അങ്ങനെ വല്ലതും പ്രവൎത്തിക്കുമോ? ഒരിക്കലുമില്ല."

പൃഥ:— "പ്രവൎത്തിക്കുമോ ഇല്ലയോ എന്നു സ്വയംവരമണ്ഡപത്തിൽവച്ചു് അന്നു കാണാമായിരുന്നു. നമ്മുടെ സ്തുതിപാഠകൻ അടുത്തുതന്നെ അവിടെ ഉണ്ടായിരുന്നതു ഭാഗ്യമായിപ്പോയി."

സംയുക്ത:— "ശരിയാണു ജ്യേഷ്ഠത്തി പറഞ്ഞതു്. നിങ്ങളുടെ സഹോദരൻ അന്നവിടെ വന്നുചേൎന്നിരുന്നില്ലെങ്കിൽ എൻെറ കഥ കഴിഞ്ഞേനെ. ഇന്നാലെത്തന്നെ എന്തൊരു നേരംപോക്കായിരുന്നു. ഞങ്ങളെ കണ്ടയുടനെ "ആയുധം, ആയുധം" എന്നുള്ള നിലവിളികൊണ്ടു് അവിടമെല്ലാം കുലുക്കിക്കളഞ്ഞു. ആ അട്ടഹാസംകൊണ്ടാണു് വിവരം അമ്മയും അമ്മൂമ്മയും അറിഞ്ഞതു്."

പൃഥ:— "നീ അവരേയും കണ്ടുവോ?"

സംയുക്ത:— "കണ്ടു, കണ്ടു; പക്ഷെ, വെറും കാണൽമാത്രം. ആൎക്കും അങ്ങുമിങ്ങും ഒന്നും പറയുവാൻ തരപ്പെട്ടില്ല. അവരുടെ കാല്ക്കൽ വീണു നമസ്കരിച്ചു് യാത്ര പറയുക മാത്രം ചെയ്തു. അമ്മയും അമ്മൂമ്മയും

—രണ്ടുപേരും—പൊട്ടിക്കരഞ്ഞുപോയി. 'സുഖം തന്നെയല്ലെ മകളേ?' എന്ന് അമ്മമാത്രം സ്നേഹത്തോടുകൂടി ചോദിച്ചു. 'എനിക്കെല്ലാ കാൎയ്യത്തിലും സുഖംതന്നെയാണമ്മേ. നിങ്ങളെയെല്ലാം കാണാൻ സാധിക്കുന്നില്ലല്ലോ എന്നൊരു വ്യസനംമാത്രമുണ്ട്. എന്നെപ്പററി നിങ്ങൾ അശേഷം വ്യസനിക്കരുത്' എന്നുമാത്രം പറയുവാനുള്ള അവസരം എനിക്കു കിട്ടി."

പൃഥ:— "നിന്നെപ്പോലുള്ള സുഖം മററാൎക്കാണുള്ളതു്, സോദരീ? മനസ്സിനിണങ്ങിയ ഒരു ഭൎത്താവിനെയാണു് നിനക്കു കിട്ടിയിട്ടുള്ളതു്. പ്രാണനാഥൻെറ ഹൃദയത്തിലെ പരിശുദ്ധമായ പ്രണയത്തിൻെറ പരിപൂൎണ്ണമായ അവകാശവും നിനക്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിൽപ്പരം സുഖകരമായ ഒരവസ്ഥ ലോകത്തിൽ ഒരു സ്ത്രീക്കു മറെറന്താണുള്ളതു്? വഴിനീളെ അലഞ്ഞുതിരിയുന്ന ഭിക്ഷുകിയുടെ ഹൃദയത്തിലും നിത്യശാന്തിയെ നൽകുവാൻ പൎയ്യാപ്തമാണു് നിൻെറ ഈ നില. അതിനും പുറമേ നീ ഈ കാണുന്ന അതുല്യമായ ഐശ്വൎയ്യത്തിൻെറയെല്ലാം അധീശ്വരിയുമാണു്."

സംയുക്ത:— "ഈ അതുല്യമായ ഐശ്വൎയ്യമാണു് ഞങ്ങളുടെ സുഖത്തിനു പ്രതിബന്ധമായിത്തീൎന്നിരിക്കുന്നതു്. സാധാരണക്കാരെപ്പോലെ ആയിരുന്നെങ്കിൽ എനിക്ക് ഇപ്പോഴത്തേക്കാൾ അധികം സുഖം അനുഭവിക്കുവാൻ സാധിക്കുമായിരുന്നു എന്നാണു് തോന്നുന്നതു്."

ഈയവസരത്തിൽ അപ്രതീക്ഷിതമായി പൃത്ഥ്വീരാജൻ അവിടെ കടന്നുവന്നു.

പൃത്ഥ്വീരാജൻ:— "സഹോദരീ, സുഖസമാധാനങ്ങൾ ഈശ്വരൻ എൻെറ ഭാഗ്യത്തിൽ വിധിച്ചിട്ടില്ല. ഇതാ ഇപ്പോൾത്തന്നെ വീണ്ടും യുദ്ധത്തിനു പോകേണ്ടിയിരിക്കുന്നു. കാന്യകുബ്ജ രാജാവിനെ ഒരുവിധം പറഞ്ഞു സമാധാനിപ്പിച്ചു. ഇപ്പോൾ പത്തനരാജാവ് യുദ്ധത്തിനൊരുങ്ങിയിരിക്കയാണു്."

സംയുക്ത:— (വിസ്മയത്തോടുകൂടി) "അദ്ദേഹത്തിനു നമ്മളോടു ശത്രുത്വം തോന്നുവാൻ കാരണമെന്താണു്?"

പൃത്ഥ്വീരാജൻ:— "അതെൻെറ തെററാണു്. അന്നു് അദ്ദേഹത്തിൻെറ മകളെ ഞാൻ വിവാഹം ചെയ്തിരുന്നെങ്കിൽ ഇന്നു് ഈ കുഴപ്പമൊന്നും വരില്ലായിരുന്നു. നിന്നെ മോഹിച്ചതുകൊണ്ടു് ഞാൻ അവളെ വിവാഹം ചെയ്തില്ല. അതാണു് അദ്ദേഹത്തിനുള്ള വിരോധം. നോക്കണേ എൻെറ തലയിലെഴുത്ത്! ആരെ ഞാൻ വിവാഹം ചെയ്തുവോ അവളുടെ അച്ഛൻ എൻെറ ശത്രുവായി. ആരെ ഞാൻ വിവാഹം ചെയ്തില്ലയോ അവളുടെ അച്ഛനും എൻെറ ശത്രുവായി" എന്നു പറഞ്ഞു് അദ്ദേഹം ചിരിച്ചു.

സംയുക്ത പൃത്ഥ്വീരാജൻെറ കാല്ക്കൽ വീണു് ഇങ്ങനെ അപേക്ഷിച്ചു:- "നോക്കൂ, വിദേശീയനായ ഒരു ഭയങ്കര ശത്രു കണ്ണുരുട്ടിക്കാണിച്ചുകൊണ്ടു് നമ്മുടെ മുമ്പിൽ നില്ക്കുന്നു. അയാളെ എതിർക്കാതെ നമുക്കേതായാലും ക

ഴികയില്ല. ഈയവസരത്തിൽ സ്വന്തം നാട്ടിലെ ആളുകളെ ക്കൂടി ശത്രുക്കളാക്കുന്നതു് ഉചിതമല്ല. സ്വജനങ്ങളെ നശിപ്പിച്ചു് സ്വദേശത്തെ ബലഹീനമാക്കുന്നതു നന്നല്ല. പത്തനരാജാവിൻെറ പുത്രിയെ വിവാഹം ചെയ്യുന്നാപക്ഷം അദ്ദേഹം നമ്മളെ സഹായിക്കുവാൻ സന്നദ്ധനാണെങ്കിൽ അവിടുന്നു് ആ രാജകുമാരിയെ വിവാഹം ചെയ്തു കൊണ്ടുവരണമെന്നാണു് എൻെറ അപേക്ഷ."

വിസ്മയംകൊണ്ടു വിടൎന്ന കണ്ണുകളോടുക്കൂടി പൃഥ്വീരാജൻ സംയുക്തയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു നില്പായി.

പൃഥാദേവി അവളെ ഈവിധം ശാസിച്ചു:— "ബുദ്ധികെട്ട പെണ്ണേ, നീയെന്താണു് ഈ പറയുന്നതു്? വേണമെന്നു വച്ചു് സപത്നീഭാവം സ്വീകരിക്കുകയോ! ഭൎത്താവിനെ പങ്കിടാൻനാ പോകുന്നതു്?"

സംയുക്ത:— "അതുകൊണ്ടെന്താണു സഹോദരീ, ദോഷം? എനിക്കല്പം കഷ്ടപ്പാടുണ്ടാകുമായിരിക്കാം; എന്നാലും രാജ്യത്തെ രക്ഷിക്കുന്ന കാൎയ്യത്തിൽ ഒരു കൂട്ടുകാരിയെ എനിക്കു കിട്ടുമല്ലോ."

പൃഥ:— "ഒരു സപത്നി മൂലം ഉണ്ടാകുന്നതു് അല്പം കഷ്ടപ്പാടോ? സംയുക്തേ, നിനക്കറിഞ്ഞുകൂടാ ആ കഷ്ടപ്പാടു്. അവരം ഹൃദയത്തെ ദഹിപ്പിച്ചുകളയും. സുഖസമാധാനങ്ങളെ ഭസ്മമാക്കിക്കളയും!

സംയുക്ത:— "നിങ്ങൾക്കുണ്ടല്ലോ ഒരു സപത്നി. എനിക്കും ഒരാളിരിക്കട്ടെ."

പൃഥ്വാദേവി ഒന്നും മിണ്ടിയില്ല. അവളുടെ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും പുറപ്പെട്ട ഒരു ദീൎഘനിശ്വാസമാണ് അതിന്നു സമാധാനം പറഞ്ഞതു്. ആ നെടുവീപ്പിൻെറ ചൂടും നീളവും പൃഥ്വീരാജൻെറ ഹൃദയത്തെ അസാമാന്യമായി മറിപ്പെടുത്തി. സംയുക്ത അതൊന്നും ശ്രദ്ധിച്ചതേയില്ല. അവൾ ഭൎത്താവിനെ വീണ്ടും വീണ്ടും നിർബന്ധിക്കുവാൻ തുടങ്ങി. "പത്തനരാജകുമാരിയെ വിവാഹം ചെയ്തിട്ടു കുഴപ്പമെല്ലാം അവസാനിക്കട്ടെ; എല്ലാവരും ഒത്തുകൂടി സ്വദേശത്തേയും സ്വജാതിയേയും രക്ഷിക്കട്ടെ" എന്നായിരുന്നു അവളുടെ പ്രാൎത്ഥന.

പൃഥ്വീരാജൻ:— (ദൃഢസ്വരത്തിൽ) "അതു നടപ്പില്ല സംയുക്തേ. അതു വയ്യ; അതു പാടില്ല. നിൻെറമേൽ സപത്നീദുഃഖത്തിൻെറ ഭാരം കയററിവച്ചിട്ട് ഞാൻ രാജ്യത്തെ രക്ഷിക്കണമെന്നു വിചാരിക്കുന്നില്ല. പത്തനരാജാവിനെക്കൂടാതെതന്നെ സ്വദേശത്തേയും സ്വജാതിയേയും രക്ഷിക്കുവാൻ എനിക്കു കഴിയും. അതിനെനിക്കു ശക്തിയില്ലെങ്കിൽ ഞാൻ നിന്നെയുംകൊണ്ടു വഴിനീളെ ഭിക്ഷ യാചിച്ചു ഉപജീവിച്ചുകൊള്ളാം. എന്നാലും നീ പറഞ്ഞ പ്രകാരം പ്രവൎത്തിക്കുവാൻ ഞാൻ ഒരുക്കമല്ല. വൎത്തമാനം പറഞ്ഞിരുന്നു് നേരം പോയതറിഞ്ഞില്ല. ഞാൻ ഇപ്പോൾത്തന്നെ യുദ്ധത്തിന്നായി ഡൽഹിവിട്ടു പോവുകയാണു്. മഹാറാണ ഡൽഹിയിലുണ്ടായിരിക്കും. നിങ്ങൾക്കു ഭയപ്പെടാനൊന്നുമില്ല."

സംയുക്ത:— (അത്ഭുതത്തോടുകൂടി) "റാണാജി യുദ്ധത്തിനു പോകുന്നില്ലേ?"

പൃത്ഥ്വീരാജൻ:— "അദ്ദേഹം എങ്ങിനെയാണ് പോകുന്നതു്? പത്തനരാജാവ് അദ്ദേഹത്തിൻെറ ശ്വശുരനല്ലേ? ആ മൂധേവിയല്ലേ എൻെറ സഹോദരിയുടെ സൗഭാഗ്യത്തെ മുഴുവൻ നശിപ്പിച്ചുകളഞ്ഞതു്?"

പൃഥ:— "അവർ എന്തുപിഴച്ചു ജ്യേഷ്ഠാ? ജ്യേഷ്ഠൻ വിവാഹം ചെയ്തില്ലല്ലോ. എന്നിട്ട് അദ്ദേഹം ബലാൽകാരേണ ജ്യേഷ്ഠൻെറ കഴുത്തിൽ കെട്ടിയേല്പിക്കുകയോ മററോ ചെയ്തോ?"

പൃത്ഥ്വീരാജൻ:— "അക്കഥ പോകട്ടെ. ഇപ്പോഴം അതിനെപ്പററി ആലോചിക്കുവാനുള്ള സമയമില്ല."

ഇത്രയും പറഞ്ഞിട്ടു പൃത്ഥ്വീരാജൻ അവരോടു യാത്രയുംപറഞ്ഞു് അവിടെനിന്നു പോയി.

---

# പതിമൂന്നാം അദ്ധ്യായം.

---

## ഭാരതത്തിൻെറ ഭാവി.

പൃഥ:— "നാഥ, മുസൽമാന്മാർ ഹിന്ദുക്കളേക്കാഠം പരാക്രമശാലികളാണോ?"

റാണാ:— "അല്ല, പൃഥേ. അവർ നമ്മേക്കാളധികം പരാക്രമശാലികളാണെന്നു പറയുവാൻ പാടില്ല. എന്നാൽ അവക്കു് ഹിന്ദുക്കളേക്കാഠം കൗശലം കൂടും."

പൃഥ:— "അങ്ങനെയായാലാണല്ലോ ആപ'ത്തധികം. പരാക്രമത്തെ തോല്പിക്കുവാനുള്ള കഴിവു കൗശലത്തിനുണ്ടു്."

റാണാ:— "എല്ലായ്പോഴും കൗശലത്തിനു പരാക്രമത്തെ തോല്പിക്കുവാൻ കഴിവുണ്ടായി എന്നു വരുന്നതല്ല. കൗശലം പ്രത്യക്ഷത്തിൽ ചതിയായും വിശ്വാസവഞ്ചനയായും പരിണമിക്കുമ്പോഴെ അതിനെ പേടിക്കുവാനുള്ളു. മുസൽമാന്മാരുടെ ഇടയിൽ ഒരു ഗുണം പ്രധാനമായിട്ടുണ്ടു്. അതു് ഐകമത്യമാണു്. ഒരുത്തൻെറ കല്പനകേട്ടു നടക്കുവാനുള്ള സന്നദ്ധത അവക്കെല്ലാവക്കുമുണ്ടു്. ഹിന്ദുക്കൾക്കു് ഈ ഗുണം തീരെയില്ല. ഭാരതം മുഴുവൻ ഒരു രാജാവിൻെറ ആധിപത്യത്തിലാവുകയും ഭാരതവാസികളെല്ലാം അദ്ദേഹത്തിൻെറ കല്പനകേട്ടു നടക്കുകയും ചെയ്തിരുന്നെങ്കിൽ മുസൽമാന്മാർ മാത്രമല്ല, ലോകം മുഴുവനും തന്നെ എതിരായിവന്നാലും അതിനെ തോല്പിക്കുവാൻ സാധിക്കുകയില്ല. പക്ഷെ ആ ഭാഗ്യം ഭാരതത്തിനില്ല. പെറിയ ചെറിയ അനേകം രാജ്യങ്ങൾ ഭാരതത്തിലുണ്ടു്. അവയെല്ലാം സ്വതന്ത്രങ്ങളുമാണു്. എല്ലാവരും അവനവൻെറ സ്വാത്ഥത്തെ സാധിക്കുവാൻവേണ്ടി നിരന്തരം പാടുപെടുകയാണു്. ആക്കും ആരുടേയും കല്പനകേട്ടു നടക്കുവാനുള്ള സന്മനസ്സില്ല. അതുകൊണ്ടാണു് സാധാരണക്കാരായ മുസൽമാന്മാരെയും അവർ ഭയപ്പെടേണ്ടിവന്നിരിക്കുന്നതു്."

പൃഥ:— "അവനവൻെറ രാജ്യത്തിനുവേണ്ടി അന്യോന്യം യുദ്ധം ചെയ്യുകയാണെങ്കിൽ അതിൽ സ്വാതന്ത്ര്യത്തിനു വകയുണ്ട്. ഇതു ഭാരതത്തിൻെറ പൊതുശത്രുവിനെതിരായുള്ള യുദ്ധമാണല്ലൊ. ഇതിൽ സ്വാതന്ത്ര്യത്തിനെന്താണു വകയുള്ളതു്?"

റാണാ:— "എന്തുകൊണ്ടുണ്ടാവാൻ പാടില്ല? ഒന്നാലോചിച്ചുനോക്കൂ. മുസൽമാന്മാൎക്കെതിരായി യുദ്ധം ചെയ്യുവാൻവേണ്ടി പലരും ഇപ്പോൾ ഇവിടെ വന്നുചേൎന്നിട്ടുണ്ടല്ലൊ. അവരെല്ലാം ഹൃദയപൂൎവ്വമായ കൎത്തവ്യബോധത്തോടുകൂടി—നല്ല മനസ്സോടുകൂടി—വന്നിട്ടുള്ളവരാണെന്നാണോ നിൻെറ വിചാരം? ചിലരെല്ലാം വന്നുചേൎന്നിട്ടുള്ളതു ഡൽഹി ചക്രവൎത്തിയെ ഭയന്നിട്ടാണു്. മററു ചിലർ അദ്ദേഹത്തിൻെറ അപേക്ഷയെ ഉപേക്ഷിക്കുവാനുള്ള മടികൊണ്ടു്; വേറെ ചിലർ ചക്രവൎത്തിയുടെ ഹിതംപോലെ പ്രവൎത്തിച്ചു എന്നു വരുത്തി ഗൂഢമായി സ്വാതന്ത്ര്യം നേടുവാനും."

പൃഥ:— (സംശയത്തോടുകൂടി) "അതെങ്ങനെയാണു് നാഥ! ചക്രവൎത്തിയുടെ ഹിതംപോലെ പ്രവൎത്തിച്ചു സ്വാതന്ത്ര്യം നേടുവാൻ എങ്ങനെയാണു് സാധിക്കുക?"

റാണാ:— "അടുത്തടുത്തു കിടക്കുന്ന രണ്ടു രാജ്യങ്ങളിലെ രാജാക്കന്മാർ ഇവിടെ വന്നിട്ടുണ്ടെന്നു വിചാരിക്കുക. അവർ അന്യോന്യം ഉള്ളുകൊണ്ടു നല്ല രസമില്ലാത്തവരാണെന്നും കരുതുക. രണ്ടുപേരും ചക്രവൎത്തിയുടെ സാമന്തന്മാരുമാണു്. പൃത്ഥ്വീരാജനെ ഭയന്നു

പ്രത്യക്ഷത്തിൽ പരസ്പരം രാജ്യങ്ങളെ ആക്രമിക്കു വാൻ അവക്ക മടിയുണ്ടു്. രണ്ടുപേരും പൃത്ഥ്വീരാജനെ സഹായിക്കുവാനാണു് ഇവിടെ വന്നുചേൎന്നിട്ടുള്ളതു്. ഒരാൾ യുദ്ധത്തിൽ തന്റെ സൎവ്വശക്തിയും ഉപയോഗിച്ചു ഹൃദയപൂൎവ്വം ചക്രവൎത്തിയുടെ വിജയത്തിനായി പൊരുതുന്നു; മറെറാരാൾ യുദ്ധംചെയ്യുന്നു എന്നു പേരുവരുത്തി തന്റെ സൈന്യങ്ങൾക്കു നാശം നേരിടാത്ത വിധത്തിൽ കരുതലോടുകൂടി നില്ക്കുകയും ചെയ്യുന്നു. അങ്ങനെയായാൽ യുദ്ധം കഴിഞ്ഞു നാട്ടിലേക്കു മടങ്ങുമ്പോൾ ഹൃദയപൂൎവ്വം സഹായിച്ചവൻ ശക്തിഹീനനും മറെറയാൾ പണ്ടത്തെപ്പോലെ പ്രബലനും ആയിത്തീരുമെന്നതു പ്രത്യക്ഷമാണല്ലോ. ആ അവസരത്തിൽ അവർ തമ്മിൽ ഒരു വഴക്കുണ്ടാവുകയാണെങ്കിൽ സൈന്യത്തെ നശിപ്പിക്കാത്തവന്റെ സ്വാൎത്ഥം നിഷ്പ്രയാസം സാധിക്കുമെന്നു് ഇനി പ്രത്യേകം പറയണമെന്നുണ്ടോ? ജയചന്ദ്രന്റെ കാൎയ്യം ആലോചിച്ചാൽ ഇതെളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. അദ്ദേഹം ഒരൊററ ഭടനെപ്പോലും യുദ്ധത്തിലേക്കു് അയച്ചുതരികയുണ്ടായിട്ടില്ല. പൃത്ഥ്വീരാജൻ യുദ്ധത്തിൽ വിജയിയായിത്തീൎന്നാലും ധനനാശവും ജനനാശവുംകൊണ്ടു് ഇന്നത്തേക്കാൾ എത്രയോ ബലഹീനനാകാതിരിക്കയില്ല. ആ അവസരത്തിൽ ഡൽഹിയെ ആക്രമിക്കുവാൻ അദ്ദേഹത്തിനു വളരെ സൗകൎയ്യമായിരിക്കും. സഹായിക്കുവാൻ വന്നുചേൎന്നിട്ടുള്ള കൂട്ടരിലും ജയചന്ദ്രനേപ്പോലെയുള്ളവർ ഉണ്ടാകുവാൻ പാടില്ലായ്കയില്ല."

പൃഥ:— "സ്വാമിൻ, ഈ യുദ്ധം എത്രകാലം നീണ്ടുനില്ക്കുമെന്നാണു് അവിടുത്തെ അഭിപ്രായം?"

റാണാ:— (ചിരിച്ചിട്ടു്) "ഈ യുദ്ധത്തിന്നു് അവസാനമില്ല പൃഥേ. ഇതു തുടങ്ങിയതേയുള്ളു. ഭാരതവാസികളുടെ ബാഹുക്കളിൽ ബലം ഉള്ളിടത്തോളം കാലം യുദ്ധവും നടന്നുകൊണ്ടിരിക്കും. ഇപ്പോഴത്തെ ഈ യുദ്ധംകൊണ്ടു് ഇതിനൊരു തീരുമാനം ഉണ്ടാവുകയില്ല. ഇതൊരു തുടക്കം മാത്രമാണു്."

പൃഥ:— (വിസ്മയത്തോടുകൂടി) "അപ്പോൾ ഭാരതഭൂമി താമസിയാതെ മുസൽമാന്മാരുടെ അധീനതയിലാകുമെന്നാണോ അവിടുന്നു വിചാരിക്കുന്നതു്?"

റാണാ:— "പൃഥേ, അക്കാര്യം ഇനി വിശേഷിച്ചു് നിന്നെ പറഞ്ഞു മനസ്സിലാക്കണമെന്നുണ്ടോ? നോക്കു, യവനന്മാർ നമ്മുടെ വാതില്ക്കലോളം വന്നെത്തിയിരിക്കുന്നു. അവരെ തടുക്കുവാനാണു് നമ്മൾ ഒത്തുകൂടിയിരിക്കുന്നതു്. ഈയവസരത്തിൽ ജയചന്ദ്രൻ എന്താണു് ചെയ്യുന്നതു്? നമ്മുടെ ദുരവസ്ഥയെ കാണ്മാൻ കൊതിച്ചു കയ്യുംകെട്ടി കൗതുകത്തോടെ കാത്തുനില്ക്കുന്നു. മുസൽമാന്മാർ വന്നാക്രമിക്കുമ്പോൾ അദ്ദേഹം എന്താണാവോ ചെയ്യുവാൻ പോകുന്നതു്. അക്കാര്യത്തിൽ എനിക്കു വളരെ ശങ്കയുണ്ടു്. ഇനി പത്തനരാജാവിന്റെ കാര്യമെടുക്കു. അദ്ദേഹം ഒരു ഹിന്ദുവായിരുന്നിട്ടും ഈ ആപൽഘട്ടത്തിൽ ഹിന്ദുരാജ്യത്തെ ആക്രമിക്കുകയാണു് ചെയ്തതു്. ഹാ! കഷ്ടം! ഇവരൊക്കെ

എന്തൊരു മൂഢന്മാർ! ഇന്നു പൃത്ഥ്വീരാജനെ തോല്പിക്കുവാൻ സാധിച്ചാൽ അടുത്ത ദിവസം തന്നെ മുസൽമാന്മാർ അവരുടെ കഴുത്തിലും ദാസ്യശൃംഖല അണിയിക്കുമെന്ന് ആലോചിക്കുവാനുള്ള ബുദ്ധിപോലും ഇവക്കില്ലാതെ പോയല്ലോ."

റാണായുടെ വാക്കുകൾ മുഴുമിക്കുന്നതിനു മുമ്പായി സംയുക്ത ഭ്രാന്തുപിടിച്ചവളെപ്പോലെ പരിഭ്രമിച്ചു് അവിടെ ഓടിയെത്തുകയുണ്ടായി. അവൾ റാണായുടെ മുമ്പിൽ മുട്ടുകുത്തിയിരുന്നിട്ട് ഇങ്ങനെ വിലപിച്ചുതുടങ്ങി:— "എവിടെ റാണാജി, എൻെറ പ്രാണനാഥനെവിടെ? അദ്ദേഹം ഇനിയും മടങ്ങിവന്നിട്ടില്ലല്ലോ. എൻെറ ഉള്ളു കിടന്നു പിടയ്ക്കുന്നു. അദ്ദേഹത്തിനു വല്ല ആപത്തും നേരിട്ടിരിക്കുമോ?"

സംയുക്തയുടെ ഹൃദയത്തിലെ അസ്വാസ്ഥ്യത്തെ അകററുവാൻ വേണ്ടി ചിരിച്ചുംകൊണ്ടാണ് റാണാ അതിനു മറുപടി പറഞ്ഞതു്:—"ഇതു സംയുക്തയുടെ സ്വയംവരവും മററുമല്ല, വിവാഹം കഴിഞ്ഞാൽ ഉടനെതന്നെ ജാമാതാവിനെ അടിച്ചോടിക്കുവാൻ. ഇതു് പത്തന രാജകുമാരിയുടെ വിവാഹമാണ്. എന്തെല്ലാം സൽകാരവും ബഹുമാനവുമാണെന്നോ അവിടെ? ജാമാതാവു ശ്വശുരഗൃഹത്തിൽ തിന്നും കുടിച്ചും സുഖമായി കഴിച്ചുകൂട്ടുകയാണ്. സംയുക്തയുടെ കാൎയ്യമേ ഇപ്പോൾ മറന്നിരിക്കും."

സംയുക്ത:— (സന്തോഷത്തോടുകൂടി ചിരിച്ചിട്ട്) "അവിടത്തെ വാക്ക് യഥാൎത്ഥമാകട്ടെ. അദ്ദേഹം പത്തന രാജകുമാരിയെ വിവാഹം ചെയ്തു് ഇന്നുതന്നെ മട

ങ്ങിയെത്തട്ടെ. പത്തനരാജാവു ഡൽഹിയുടെ രക്ഷയ്ക്കുവേണ്ടി സഹായം ചെയ്യാൻ ഇടയാകട്ടെ."

റാണാ വിസ്മയത്തോടുകൂടി സംയുക്തയുടെ മുഖത്തേയ്ക്കു് നോക്കിക്കൊണ്ടിരുന്നുപോയി. പൃഥ നീരസത്തോടുകൂടി ഇടയ്ക്കു കയറിപ്പറഞ്ഞു:— "പിന്നെയും സപത്നിയുടെ കഥയോ! സപത്നിയുണ്ടായാൽ മാത്രമേ ഭർത്തൃസുഖത്തിൻെറ രുചി മുഴുവനും മനസ്സിലാകുകയുള്ളൂ, അല്ലേ?"

സംയുക്ത:— (പൃഥയുടെ കാല്ക്കൽ വീണിട്ടു്) "പ്രിയസഹോദരി, എനിക്കൊരു സപത്നിയുണ്ടാവട്ടെ എന്നു എന്നെ ആശീർവ്വദിക്കൂ. ഡൽഹിയുടെ രക്ഷയ്ക്കു് എനിക്കൊരു കൂട്ടുകാരിയുണ്ടാകട്ടെ; എൻെറ പിതാവു് ഒഴിഞ്ഞുനില്ക്കുന്നതുകൊണ്ടുള്ള കുറവു തീരട്ടെ; സ്വന്തം സുഖത്തേക്കാൾ എത്രയോ വിലയേറിയതാണു് എനിക്കെൻെറ സ്വദേശം. ആ സ്വദേശം ഇന്നിതാ ഒരു വിദേശീയൻെറ കയ്യിൽ കുടുങ്ങുവാൻ പോകുന്നു. ഭർത്തൃസുഖം എന്നെന്നേയ്ക്കുമായി എനിക്കില്ലാതായാലും അതുകൊണ്ടു് ആ രാജ്യത്തിനു രക്ഷ കിട്ടുമെങ്കിൽ അതിനേക്കാൾ സുഖം മറെറന്താണുള്ളതു സഹോദരി?"

സംയുക്തേ, നിനക്കു ഭർത്തൃസുഖത്തിൽനിന്നു വഞ്ചിതയായിരിക്കേണ്ടിവരികയില്ല. എന്നാൽ രാജ്യരക്ഷയ്ക്കുവേണ്ട സഹായം നമുക്കു ലഭിക്കുകയും ചെയ്യും. അങ്ങനെ വ്യവസ്ഥചെയ്തിട്ടാണു് ഞാൻ പോന്നിരിക്കുന്നതു്," എന്നു പറഞ്ഞുകൊണ്ടു പൃത്ഥ്വീരാജൻ പെട്ടെന്നു അവിടെ പ്രത്യക്ഷനായി.

"അതെങ്ങനെ പററിച്ചു" എന്നു ചോദിച്ചുകൊണ്ടു് റാണാ പൃത്ഥ്വീരാജൻെറ മുഖത്തേക്കു ജിജ്ഞാസയോടെ നോക്കി.

പൃത്ഥ്വീരാജൻ:— (ഉത്സാഹത്തോടുകൂടി) "പത്തനരാജാവു പരാജിതനായി. അദ്ദേഹത്തിൻെറ സൈന്യങ്ങളെല്ലാം ചിന്നിച്ചിതറി ഓടിക്കളഞ്ഞു. വരുന്നവഴി നഗർക്കോട്ടയിൽ ഗ്രൂഢമായി നിക്ഷേപിക്കപ്പെട്ടിരുന്ന നിധിഞങ്ങൾ കൈവശപ്പെടുത്തി. ഏഴുകോടി സ്വർണ്ണനാണ്യം നമുക്കു ലഭിച്ചു. യുദ്ധത്തിൽ വിജയം നേടുന്ന കാര്യത്തിൽ ഇതു് നമ്മെ ഏററവും സഹായിക്കും."

റാണാ:— "അതു വളരെ നന്നായി. ആ ധനമെല്ലാം സൈന്യങ്ങൾക്കുള്ളതാണു്. അതെല്ലാം അവക്കു് സമമായി വീതിച്ചുകൊടുക്കുക. അങ്ങനെ ചെയ്താൽ യുദ്ധത്തിൽ ജീവനെ ബലികഴിച്ചും അവർ അങ്ങയെ സഹായിക്കുവാൻ മടിക്കയില്ല."

പൃത്ഥ്വീരാജൻ:— "ആ ഭാരം അങ്ങുതന്നെ ഏല്ക്കണം. യോഗ്യതയനുസരിച്ചു് അതെല്ലാം അങ്ങുതന്നെ അവക്കു വീതിച്ചുകൊടുക്കണം. എന്നാലേ എനിക്കു തൃപ്തിയാവുകയുള്ളു."

---

# പതിന്നാലാം അദ്ധ്യായം.

## യുദ്ധഭൂമിയിൽ.

പൃത്ഥ്വീരാജൻ റാണാജിയോടും മററു സാമന്തന്മാരോടും ആലോചിച്ച്, താമസിയാതെ സൈന്യസമേതം യുദ്ധത്തിനായി ഡൽഹിയിൽനിന്നു പുറപ്പെട്ടു. സംയുക്തയും പൃഥാദേവിയും യോധവേഷത്തിൽ അവരെ അനുഗമിച്ചു.

തിരൗരിയിലെ യവനശിബിരത്തിന് എതിരെ അല്പം അകലെയായിട്ടാണ് അവർ പാളയമടിച്ചത്. ഇരുപക്ഷത്തിലുമുള്ള സൈന്യങ്ങൾ യുദ്ധസന്നദ്ധങ്ങളായി. ഒരുങ്ങിനില്ക്കുന്ന സൈന്യങ്ങളുടെ പുരോഭാഗത്തിൽ നിന്നുകൊണ്ട് റാണാ ഇങ്ങനെ വിളിച്ചുപറഞ്ഞു:— "ഭാരതമാതാവിൻെറ വീരസന്താനങ്ങളേ, പ്രിയ സഹോദരന്മാരേ, ജനിച്ചവനു മരണം നിശ്ചയമാണ്. മരണമില്ലാത്തവൻ ലോകത്തിൽ ആരുമില്ല. ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും മരിക്കേണ്ടിവരും. ആ സ്ഥിതിക്കു രോഗശയ്യയിൽക്കിടന്ന് അരിഷ്ടിച്ചും ദാരിദ്ര്യംകൊണ്ടു കഷ്ടപ്പെട്ടും മരിക്കുന്നതിനേക്കാൾ ഭേദം സ്വദേശത്തിൻെറ രക്ഷയ്ക്കായി—സ്വജാതിയുടെ നന്മയ്ക്കായി—അറിഞ്ഞുംകൊണ്ടുതന്നെ അഭിമാനത്തോടുകൂടി പ്രാണനെ ബലികഴിക്കുകയല്ലേ? നീതിയുക്തമായ യുദ്ധത്തിൽ മരിക്കുന്നതു് ഈ ലോകത്തിൽ കീർത്തിക്കും പരലോകത്തിൽ സ്വർഗ്ഗസുഖത്തിനും കാരണമാണ്. ഇപ്രകാരമുള്ള മൃത്യു ഏവർക്കും അഭിലഷണീയമായ ഒന്നല്ലേ? ശത്രു

ക്കളെ പുറം കാണിക്കുന്ന പ്രവൃത്തി ആപൽകരമെന്നപോലെ ലജ്ജാകരവുമാണു്. നിങ്ങളുടെ കൂട്ടത്തിൽ ആക്കെങ്കിലും പ്രാണനെക്കുറിച്ചു കൂടുതൽ മമത തോന്നുന്നുണ്ടെങ്കിൽ അവനിപ്പോഠംത്തന്നെ ഗൃഹത്തിലെയ്ക്കു മടങ്ങിപ്പോകാം. അങ്ങനെയുള്ള ഭടന്മാർ നമുക്കാവശ്യമില്ല. "ശത്രുക്കളുടെ നിധനം, അല്ലെങ്കിൽ ശരീരത്തിൻെറ പതനം" ഇതായിരിക്കണം നമ്മുടെ യുദ്ധമന്ത്രം. നാം നമ്മുടെ പ്രാണനെ യുദ്ധക്കളത്തിൽ ബലികഴിക്കണം. എന്നാലും ശത്രുക്കളെ നശിപ്പിക്കാതെ പിന്തിരിയരുതു്. അതിനുള്ള ധൈയ്യം ആക്കുണ്ടോ അവർ നമ്മുടെ കൂടെ യുദ്ധക്കളത്തിലിറങ്ങട്ടെ."

പ്രസംഗം അവസാനിച്ചതോടുകൂടി "ഹര ഹര മഹാദേവ" എന്നു് ആത്തുവിളിച്ചുകൊണ്ടു റാണായും പൃത്ഥ്വീരാജനും തങ്ങളുടെ കുതിരകളെ മുന്നോട്ടു പായിച്ചു. പൃഥാദേവിയുംസംയുക്തയും അവരുടെപിറകേതന്നെ സ്വന്തം അശ്വങ്ങളേയും വിട്ടു. ആകാശം ഭേദിക്കുമാറു് അത്യുച്ചത്തിൽ ആത്തുവിളിച്ചുകൊണ്ടു സൈന്യങ്ങളും അവരെ അനുഗമിച്ചു. റാണായുടെ പൂവ്വനിദ്ദേശമനുസരിച്ചു് ഹിന്ദുസൈന്യങ്ങഠം നാലുഭാഗത്തുക്കൂടിയും മുസൽമാന്മാരെ വളയുവാൻ ശ്രമിച്ചു. മദ്ധ്യഭാഗത്തു നിന്നുകൊണ്ടു് റാണാ, പൃത്ഥ്വീരാജൻ, സംയുക്ത, പൃഥ എന്നിവരും മററു പ്രധാനപ്പെട്ട സാമന്തന്മാരും ശത്രുസൈന്യങ്ങളെ തെരുതെരെ കൊന്നുവീഴ്ത്തുവാൻ തുടങ്ങി. മുസൽമാന്മാരും ചില്ലറപ്പുള്ളികളും

ളായിരുന്നില്ല. ഹിന്ദുസൈന്യങ്ങളെ അവരും കൊന്നൊടുക്കിത്തുടങ്ങി. പക്ഷെ ആത്മരക്ഷയിൽ ഉള്ളിടത്തോളം ശ്രദ്ധ ശത്രുസൈന്യധ്വംസനത്തിൽ പ്രദശിപ്പിക്കുവാൻ അവക്ക സാധിച്ചില്ല. തന്മൂലം മുസൽമാന്മാരുടെ സൈന്യത്തിലെ മദ്ധ്യഭാഗം ക്രമേണ ക്ഷയിച്ചുതുടങ്ങി. ആ കുറവ് ഇരു പാൾ്ശ്വങ്ങളിൽനിന്നും വന്നുചേരുന്ന ഭടന്മാരാൽ അപ്പോഴപ്പോഠം നികത്തപ്പെട്ടുകയും ചെയ്തു. അതിൻെറ ഫലമായി യവനസൈന്യങ്ങളുടെ രണ്ടററവും ക്രമേണ ചുരുങ്ങിച്ചുരുങ്ങിവന്നു. അതിനാൽ താമസിയാതെ ഹിന്ദുസൈന്യങ്ങഠംക്ക് അവരെ നാലുപുറത്തുനിന്നും വളയുവാനുള്ള സൗകര്യം ലഭിക്കുകയും ചെയ്തു.

മുസൽമാന്മാർ വളരെ പ്രയാസപ്പെട്ട് ആത്മരക്ഷചെയ്തു കുറേശ്ശെയായി പിൻവലിയുവാൻ തുടങ്ങി. അതോടുകൂടി അവരെ കൊന്നൊടുക്കിക്കൊണ്ട് ഹിന്ദുസൈന്യങ്ങഠം നാലുഭാഗത്തുകൂടിയും വളഞ്ഞു് മുന്നോട്ടു കയറുവാനും തുടങ്ങി. ഹിന്ദുസൈന്യങ്ങഠം മിക്കവാറും തങ്ങളെ കുടുക്കിക്കളയുമെന്നുള്ള ദിക്കായപ്പോഠം ഇനി ഓടിക്കളയുകതന്നെയാണ് രക്ഷയെന്ന് യവനന്മാർ നിശ്ചയിച്ചു. പിന്തിരിഞ്ഞോടുവാൻ സൈന്യങ്ങഠംക്കു കല്പന കൊടുത്തതിനുശേഷം കുത്തബ്ദ്ദീം ബക്തിയാരും മഹമ്മദുഗോറിയും അവരുടെ പശ്ചാത്ഭാഗത്തെ രക്ഷിച്ചു് പലായനം ചെയ്തു. റാണായും കൂട്ടരും അതിവേഗത്തിൽ അവരെ അനുധാവനം ചെയ്തു. ഒടുവിൽ മഹമ്മദുഗോറി പൃത്ഥ്വീരാജൻെറ കയ്യിൽ

തടവുകാരനായി അകപ്പെട്ടപ്പോഠം, "പിന്തിരിഞ്ഞോടുന്ന ശത്രുവിനെ പിടിക്കുടരുതു്'" എന്നുള്ള റാണായുടെ അഭിപ്രായത്തെ ആദരിച്ചു് അദ്ദേഹത്തെ പൃത്ഥ്വീരാജൻ വിട്ടയയ്ക്കുകയാണു് ചെയ്തതു്.

ഹിന്ദുക്കളെല്ലാം വിജയഘോഷത്തോടുകൂടി ഡൽഹിയിൽ തിരിച്ചെത്തി. പൃത്ഥ്വീരാജൻെറ വീരത്വം കണ്ടു ഭയന്നു് ജയചന്ദ്രൻ അതിർത്തിപ്രദേശത്തുനിന്നു സൈന്യങ്ങളേയുംകൊണ്ടു സ്വനഗരത്തിലേയ്ക്കുതന്നെ മടങ്ങിപ്പോയി. ഡൽഹിയെ ആക്രമിക്കുവാനുള്ള അദ്ദേഹത്തിൻെറ ആശ മിക്കവാറും അസ്തമിച്ചു.

ഡൽഹി ചക്രവർത്തിക്കു നേരിട്ട ആപത്തു് ഒഴിഞ്ഞുപോയി എന്നു കണ്ടപ്പോഠം അദ്ദേഹത്തെ സഹായിക്കുവാൻ വന്ന സാമന്തന്മാരെല്ലാം സൈന്യസമേതം അവനവൻെറ രാജ്യത്തിലേയ്ക്കു മടങ്ങിപ്പോയി. കുറെ ദിവസം ഡൽഹിയിൽത്തന്നെ താമസിച്ചതിനുശേഷം റാണായും പൃഥയോടുകൂടി മീവാരത്തിലേയ്ക്കു തിരിച്ചു.

# പതിനഞ്ചാം അദ്ധ്യായം.

---

## ഥാനേശ്വരത്തിലെ യുദ്ധം.

സമാധാനത്തോടുകൂടി രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും ഭാരതത്തിൽ മുസൽമാന്മാരെ കാണാറായി. ഇത്തവണ ജയചന്ദ്രൻതന്നെ മുന്നിട്ടിറങ്ങി ശത്രുക്കളുടെ മുമ്പിൽ തന്റെ ശിബിരത്തെ സ്ഥാപിച്ചു. ക്രമേണ പൃത്ഥ്വീരാജനും റാണായും അവരുടെ സഹായികളായ മററു രാജാക്കന്മാരും അവിടെ വന്നുചേൎന്നു. ഥാനേശ്വരമാണു് ഇത്തവണത്തെ സംഘട്ടനരംഗം. നദിയുടെ ഒരു ഭാഗത്തു് യവനന്മാരും മറേറ ഭാഗത്തു് ഹിന്ദുക്കളും പാളയമടിച്ചു. ഇരുകൂട്ടരുടേയും മദ്ധ്യത്തിലായി വിസ്തൃതമായ മൈതാനം കിടപ്പുണ്ടു്. മുസൽമാന്മാരുടെ സൈന്യസംഖ്യ ഇത്തവണ പണ്ടത്തേക്കാൾ കൂടുതലാണു്. എല്ലാവരും ആക്രമണത്തിനുള്ള അവസരത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

പൃത്ഥ്വീരാജൻ സാമന്തന്മാരുമായി ആലോചിച്ചു മുസൽമാന്മാരുടെ സേനാപതിയായ മഹമ്മദ്ഗോറിക്കു് ഒരു സന്ദേശമയച്ചു. അതിലെ ചുരുക്കമിതായിരുന്നു:—"കഴിഞ്ഞ തവണത്തെ യുദ്ധത്തിൽ നിങ്ങൾ എന്റെ കയ്യിൽ തടവുകാരനായി അകപ്പെട്ടിരുന്നു. "മേലാൽ ഭാരത

ത്തെ ആക്രമിക്കുകയില്ല"എന്നു നിങ്ങഠം പറഞ്ഞതിനുശേഷമാണു് ഞാൻ നിങ്ങളെ വിട്ടയച്ചതു്. ആ വാഗ്ദാനത്തെ ലംഘിച്ചു് നിങ്ങഠം ഇതാ വീണ്ടും അതിനെ ആക്രമിക്കുവാൻ വന്നിരിക്കുന്നു. അതു വളരെ അന്യായമായിപ്പോയി. ഞങ്ങളുടെ പരാക്രമത്തെ കഴിഞ്ഞ തവണ നിങ്ങഠം പരീക്ഷിച്ചറിഞ്ഞതാണല്ലോ. ഇത്തവണ കാന്യകുബ്ജത്തിലെ രാജാവായ ജയചന്ദ്രനുംകൂടി ഞങ്ങളുടെ പക്ഷത്തിൽ ചേൎന്നിട്ടുണ്ടു്. ഇതിൽനിന്നുതന്നെ ഈ യുദ്ധത്തിൻെറ ഫലമെന്തായിരിക്കുമെന്നു നിങ്ങഠംക്കനുമാനിക്കുവാൻ കഴിയുമെന്നു വിശ്വസിക്കുന്നു. അതിനാൽ അനാവശ്യമായ ജീവനാശം കൂടാതെ കഴിക്കുന്നതു് ഇരുകൂട്ടൎക്കും നന്നായിരിക്കും."

എഴുത്തു് കയ്യിൽ കിട്ടിയപ്പോഠം മഹമ്മദ്ഗോറി അതു തൻെറ ബന്ധുക്കളായ കുത്തബ്ബിനേയും ബക്തിയാരേയും കാണിക്കുകയുണ്ടായി. സന്ദേശത്തിലെ സാരം ഗ്രഹിച്ചപ്പോഠം മൂന്നുപേരുടേയും മുഖത്തു് ഒരു മന്ദഹാസത്തിൻെറ രേഖ പ്രത്യക്ഷപ്പെട്ടു. കുറേനേരം മൂവരും ഇരുന്നാലോചിച്ചതിനുശേഷം സന്ദേശത്തിനു മറുപടിയും കൊടുത്തു് ഹിന്ദുദൂതനെ മടക്കി അയയ്ക്കുകയും ചെയ്തു.

ദൂതൻ മടങ്ങിയെത്തിയപ്പോഠം പൃത്ഥ്വീരാജൻ വീണ്ടും സഭ വിളിച്ചുകൂട്ടി എല്ലാവരും കേഠംക്കെ ആ മറുപടി വായിച്ചു. കുറച്ചു ദിവസത്തെ സമയം അനുവദിക്കണമെന്നായിരുന്നു മറുപടിയുടെ ചുരുക്കം.

ആ കാൎയ്യത്തെപ്പററി സഭയിൽ വളരെനേരം ഗൗരവാവഹമായ ആലോചനകൾ നടന്നു. "ഈ ഏഴുത്തുപ്രകാരം സമയം അനുവദിക്കുകയാണെങ്കിൽ ശത്രുക്കൾ സ്വന്തം നാട്ടിൽനിന്നു വീണ്ടും സൈന്യങ്ങളെ കൊണ്ടുവന്നു് അവരുടെ ശക്തിയെ വൎദ്ധിപ്പിക്കുവാൻ എളുപ്പമുണ്ടു്" എന്നൊരാൾ അഭിപ്രായപ്പെട്ടു.

"അവർ സമയം ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് അതു കൊടുക്കുകതന്നെയാണു് വേണ്ടതു്" എന്നായി ജയചന്ദ്രൻ.

പിതാവിൻെറ ആ അഭിപ്രായത്തെ സംയുക്ത എതിൎത്തു:— "ഈ പത്തുദിവസത്തെ സമയം അവൎക്കനുവദിക്കുക എന്നതും ഹിന്ദുക്കൾ ആത്മഹത്യ ചെയ്യുക എന്നതും ഫലംകൊണ്ടൊന്നുതന്നെയായിരിക്കും."

ജയചന്ദ്രൻ:— "പണ്ടത്തെ കഥ മറന്നുകളയൂ, മകളേ. മുസൽമാന്മാർ മടങ്ങിപ്പോകുവാൻ അനുവദിക്കപ്പെട്ടുകയാണെങ്കിൽ അതു് എല്ലാംകൊണ്ടും നമുക്കു നന്മയായിരിക്കും."

വളരെ കാലത്തിനു ശേഷം പിതാവിൻെറ മുഖത്തുനിന്നും പുറപ്പെട്ട ആ സ്നേഹപൂൎവ്വമായ സംബോധന സംയുക്തയുടെ ഹൃദയത്തെ ദ്രവിപ്പിച്ചു. എന്നാലും അച്ഛൻെറ അഭിപ്രായത്തോടു യോജിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. പിതാവു് യവനന്മാരുടെ നേരെ അനുചിതമായ

പക്ഷപാതമാണ് പ്രദർശിപ്പിക്കുന്നതെന്ന് അവർക്കു തോന്നി. തന്മൂലം അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയിൽ അവർക്കു സംശയവും തോന്നിത്തുടങ്ങി.

സംയുക്ത:— "നന്മയിലുള്ള ആശയേക്കാൾ തിന്മയെക്കുറിച്ചുള്ള ആശങ്കയാണ് എനിക്കധികമായിട്ടുള്ളത്. അച്ഛാ, ഞാൻ നിശ്ചയമായിട്ടും പറയുന്നു, ഇത് അവരുടെ ഉള്ളിലെ അഭിപ്രായമല്ല. ഓർത്തിരിക്കാത്ത അവസരത്തിൽ നമ്മളെ വന്നാക്രമിക്കുവാൻ സന്ദർഭമുണ്ടാകത്തക്കവിധത്തിൽ നമ്മെ നിശ്ചിന്തരായിനിർത്തുവാനുള്ള ഒരുപായം മാത്രമാണിത്. ഈ എഴുത്തിൽ എനിക്കു് അശേഷം വിശ്വാസമില്ല."

ജയചന്ദ്രൻ:— "വിശ്വസിക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ മകളേ?"

സംയുക്തയ്ക്കു് ഉത്തരം പറയുവാൻ കഴിയുന്നതിനു മുമ്പായി സംഗ്രാമസിംഹന്റെ പുത്രനായ കല്യാണൻ കയറിപ്പറഞ്ഞു:— "ഉണ്ടു്, തക്കതായ കാരണമുണ്ടു്. അന്നത്തെ വാഗ്ദാനത്തെ അയാൾ ലംഘിച്ചില്ലേ? ഇനി എങ്ങിനെയാണ് അയാളുടെ വാക്കു വിശ്വസിക്കുക?"

ജയചന്ദ്രൻ:— (ചിരിച്ചിട്ടു്) ഞാനൊന്നു ചോദിക്കട്ടെ അനിയ, നീ സ്വന്തം ജീവനെ രക്ഷിക്കുന്നതിനായി അന്യന്മാരോടു് ഒരു വാഗ്ദാനം ചെയ്തു എന്നിരിക്കട്ടെ.

പിന്നീട്ട നിൻെറ അച്ഛൻ അവരുമായി യുദ്ധംചെയ്യു വാൻ നിന്നോട്ട പറയുകയാണെങ്കിൽ നീ അപ്പോരം എന്തു ചെയ്യും?"

കല്യാണൻ:— (ദൃഢസ്വരത്തിൽ) "ഞാൻ അച്ഛൻെറ അടുക്കൽ മരണശിക്ഷയെ വരിക്കും. എന്നാലും ചെയ്തുപോയ പ്രതിജ്ഞയെ ഞാൻ ലംഘിക്കുകയില്ല."

സംയുക്ത:— (അനുമോദനസ്വരത്തിൽ) "ഭേഷ്, ഭേഷ് സംഗ്രാമസിംഹൻെറ പുത്രന്—ഭാവിയിലെ റാണാവിന്—ഉചിതമായ ഉത്തരംതന്നെയാണ് അതു്. യവനശിബിരത്തിൽ സന്ദേശമയക്കുന്നതുതന്നെ എനിക്കിഷ്ടമില്ലായിരുന്നു. അങ്ങിനെ പ്രവത്തിച്ചതു വലിയ അബദ്ധമായിപ്പോയി."

റാണാ:— "അതു ശരിയാണ്. നാം എഴുത്തു കൊടുത്തയച്ചതാണ് തെററിപ്പോയതു്. ശത്രുക്കരം സമയമാവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഇനി അതു കൊടുക്കാതെ നിവൃത്തിയില്ല. വെറുതെ തക്കിച്ചിട്ടെന്താണ് കാര്യം?"

റാണായുടെ അഭിപ്രായത്തെത്തന്നെ മററുള്ളവരും അനുമോദിച്ചു. ഒടുവിൽ അങ്ങിനെതന്നെ തീരുമാനിക്കുകയും ചെയ്തു. ജയചന്ദ്രൻെറ മുഖത്തു് ഒരു മന്ദഹാസം പ്രത്യക്ഷപ്പെട്ടതു് അപ്പോരം ആരും അത്ര സൂക്ഷിച്ചില്ല.

ഈ തീരുമാനം നടന്നതിൻെറ അഞ്ചാമത്തെ ദിവസം രാത്രി ഹിന്ദുസൈന്യങ്ങളെല്ലാം ആപത്തിനെക്കുറിച്ച് അശേഷം ശങ്കിക്കാതെ ഗാഢനിദ്രയിൽ ലയിച്ചിരിക്കുമ്പോൾ മുസൽമാന്മാർ അപ്രതീക്ഷിതമായി അവരുടെ ശിബിരത്തിൽ കടന്നാക്രമിച്ചു. കയ്യിൽ കിട്ടിയവരെയെല്ലാം കൊന്നൊടുക്കി. ഓർത്തിരിക്കാതെ നേരിട്ട ഈ ആപത്ത് ഹിന്ദുസൈന്യങ്ങളെ ആസകലം എന്തെന്നില്ലാതെ പരിഭ്രമിപ്പിച്ചു. എങ്കിലും അവർ അതിശൗര്യത്തോടെ എതിർത്തുനിന്ന് ആത്മരക്ഷയ്ക്കായി കഴിയുന്നതും ശ്രമിച്ചുനോക്കി. പക്ഷെ വിശ്വാസവഞ്ചകനായ ജയചന്ദ്രനും സൈന്യസമേതം ശത്രുപക്ഷത്തിൽ ചേൻറു യുദ്ധംചെയ്കതിനാൽ അവരുടെ ആ ശ്രമമെല്ലാം കേവലം നിഷ്ഫലമായിത്തീന്നതേയുള്ളു.

# പതിനാറാം അദ്ധ്യായം.

DHARMARAM COLLEGE LIBRARY BANGALORE. 27391

## സംയുക്തയുടെ സഹമരണം.

എല്ലാം അവസാനിച്ചു; ഭാരതത്തിൻെറ ആശാദീപം കെട്ടുപോയി; ഹിന്ദുക്കളുടെ വീരതാഭിമാനം അസ്തമിച്ചു; മാതൃഭൂമിയുടെ ചിരപ്രതീക്ഷിതമായ സ്വാതന്ത്ര്യം നശിച്ചു. ഥാനേശ്വരത്തിലെ ആ യുദ്ധത്തിൽവച്ചു ഭാരതീയക്കു സവ്വവും നഷ്ടപ്പെട്ടു.

പൃത്ഥ്വീരാജൻ മരിച്ചു; റാണാ മരിച്ചു; സാഹായ്യകാരികളായ സാമന്തരാജാക്കന്മാർ മരിച്ചു; അവരുടെ സൈന്യങ്ങൾ അശേഷം ക്ലൂസൽക്കൂടാതെ അവസാനംവരെ യുദ്ധംചെയ്തു, പോൎക്കളത്തിൽ പ്രാണത്യാഗം ചെയ്തു. എന്നിട്ടും ആരും കീഴടങ്ങുകയുണ്ടായില്ല.

ഉദ്ദേശം അദ്ധരാത്രിയായി. പകൽ മുഴുവനും യുദ്ധകോലാഹലത്താൽ മുഖരിതമായിരുന്ന, ഥാനേശ്വരത്തിലെ ആ വിശാലമായ മൈതാനം ഇപ്പോൾ ഇതാ നിശ്ശബ്ദമായിക്കിടക്കുന്നു; എങ്ങും അനക്കമില്ല. ഹിന്ദുക്കളുടേയും മുസൽമാന്മാരുടേയും ശവശരീരങ്ങൾകൊണ്ടു മൈതാനമെല്ലാം മൂടപ്പെട്ടിരിക്കുന്നു. ഹിന്ദുസൈന്യങ്ങൾ മിക്കവാറും എല്ലാംതന്നെ ചത്തൊടുങ്ങി. വിജയികളായ മുസൽമാൻസൈന്യങ്ങളാകട്ടെ ഡൽഹിയിലേയ്ക്കു പാഞ്ഞുകഴിഞ്ഞിരിക്കുന്നു. യവനന്മാരുടെ അനുഗ്രഹത്താൽ ഡൽഹി സിം

ഹാസനം തനിക്കു ലഭിക്കുമെന്നുള്ള ആശയോടുകൂടി ജയചന്ദ്രനും അവരുടെ പിറകെതന്നെ പൊയ്ക്കഴിഞ്ഞു.

പൃത്ഥ്വീരാജൻെറ ശിബിരത്തിനുള്ളിൽ ഒരു മങ്ങിയ വെളിച്ചം പ്രകാശിക്കുന്നുണ്ടു്. മൂർച്ഛിച്ചുകിടക്കുന്ന സംയുക്തയുടെ അരികിൽ അവളെ ശുശ്രൂഷിച്ചുംകൊണ്ടു് പൃഥയും ഭൈരവിയും ഇരിക്കുന്നു. വളരെയെല്ലാം പണിപ്പെട്ടതിൻെറ ഫലമായി ഒടുവിൽ സംയുക്ത മോഹാലസ്യത്തിൽനിന്നും ഉണന്നു. അവൾ കണ്ണുതുറന്നു നാലുപുറവും നോക്കിയിട്ടു് "മഹാരാജാവെവിടെ" എന്നു ചോദിച്ചു.

കരഞ്ഞുംകൊണ്ടാണു് പൃഥ അതിനുത്തരം പറഞ്ഞതു്:— "പ്രിയസഹോദരീ, നമ്മുടെ വകയായിട്ടുള്ളതെല്ലാം പൊയ്പ്പോയി; റാണാ പൊയ്പ്പോയി; പൃത്ഥ്വീരാജൻ പൊയ്പ്പോയി; കല്യാണൻ പൊയ്പ്പോയി. സാമന്തന്മാരും സൈന്യങ്ങളും ഒന്നൊഴിയാതെ എല്ലാം നശിച്ചു. ഞാനും നീയും മാത്രമേ ഇനി ശേഷിച്ചിട്ടുള്ളു. ഭൈരവിഅമ്മയാണു് നിന്നെ രക്ഷിച്ചതു്."

സംയുക്ത: (ഭൈരവിയോടു്) "അമ്മേ, നിങ്ങൾ എന്നെ രക്ഷിച്ചു. പക്ഷെ അദ്ദേഹത്തിൻെറ മൃതദേഹം—" അവളുടെ കണ്ഠം ഇടറി.

ഭൈരവി:— (അപരാധിനിയുടെ സങ്കോചഭാവത്തോടെ) "മകളെ, ഞാൻ ചക്രവത്തിയുടെ മൃതദേഹത്തെ കാത്തുകൊണ്ടിരിക്കെ, നീ മുസൽമാന്മാരുടെ ആയുധമേ

റവ കുതിരപ്പുറത്തുനിന്നും താഴെ വീഴുന്നതു കാണുകയുണ്ടായി. ഉടനെ അദ്ദേഹത്തെ വെടിഞ്ഞു് ഞാൻ നിന്നെ രക്ഷിക്കുവാൻ ഓടിയെത്തി, നിന്നെയെടുത്തു് ശിബിരത്തിനുള്ളിലേക്കു പോരുകയും ചെയ്തു. അദ്ദേഹത്തെക്കൊണ്ടുവരാൻ തരപ്പെട്ടില്ല."

സംയുക്താ:— "അമ്മേ, എനിക്കദ്ദേഹത്തെ വേണം. ആ ദേഹം അശുദ്ധമാകുന്നതിനു മുമ്പു് എനിക്കു കിട്ടണം. വരൂ, പോകാം. നമുക്കിപ്പോൾത്തന്നെ പോയി അതു് തിരഞ്ഞു കണ്ടുപിടിക്കാം."

ഭൈരവി ഉടനെ ഒരു വലിയ പന്തവും കത്തിച്ചു പിടിച്ചു വഴികാണിച്ചുകൊണ്ടു മുമ്പേ നടന്നു. അവളുടെ പിന്നാലെ സംയുക്തയും നടന്നു. കുന്നുകുന്നായിക്കിടക്കുന്ന അനവധി ശവങ്ങൾ പരിശോധിച്ചതിനുശേഷം ഒടുവിൽ പൃത്ഥ്വീരാജന്റെ മൃതദേഹം അവർ കണ്ടെത്തി. രണ്ടുപേരുംകൂടി താങ്ങിയെടുത്തു് അതിനെ ശിബിരത്തിലേയ്ക്കു കൊണ്ടുവന്നു.

പൃഥാദേവി മുമ്പുതന്നെ റാണായുടെ മൃതദേഹമെടുത്തുകൊണ്ടുവന്നു വച്ചിരുന്നു. അടുത്തടുത്തായി രണ്ടു ചിതകൾ ക്ഷണത്തിൽ തയാറാക്കപ്പെട്ടു. ഒന്നിൽ മഹാറാണാ സംഗ്രാമസിംഹന്റെ മൃതദേഹവും മറെറാന്നിൽ ഡൽഹിചക്രവത്തിയായ പൃത്ഥ്വീരാജന്റെ മൃതദേഹവും വയ്ക്കപ്പെട്ടു. ഉടനെ രണ്ടിനും തീ കൊളുത്തി. നിമിഷനേരത്തിനുള്ളിൽ അഗ്നി ഭയങ്കരമായി ആളിക്കത്തി. പൃഥയും

സംയുക്തയും ഏഴുവട്ടം ചിതയെ പ്രദക്ഷിണം വച്ച് ജ്വലിക്കുന്ന ആ ചിതാഗ്നിയിൽച്ചാടി ഭർത്തൃദേഹങ്ങളോടു ലയിച്ചു. ആ വീരദമ്പതികളുടെ ശരീരങ്ങൾ ക്ഷണനേരം കൊണ്ടു ചാമ്പലായിത്തീൎന്നു.

സംയുക്ത ഭൂമുഖത്തുനിന്നും അന്തൎദ്ധാനം ചെയ്തിട്ട് അനേക ശതാബ്ദങ്ങൾ കഴിഞ്ഞു. എന്നാൽ ആ വീരവനിതയുടെ അപദാനഭാസുരങ്ങളായ സ്മരണകൾ ദേശാഭിമാനിയായ ഏതൊരുവന്റെയും ഹൃദയത്തെ കോൾമയിർകൊള്ളിക്കുമാറ് ഭാരതത്തിന്റെ അന്തരീക്ഷത്തിൽ ഇന്നും മായാതെ കിടപ്പുണ്ട്.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

# വിദ്വാൻ എം. ഓ. അവരായുടെ കൃതികൾ.

1. മഹാത്യാഗി: (ഒരു [illegible]കാവ്യം) [illegible]
സർദാർ കെ. എം. പണിക്കർ അവർ[illegible]
യ അവതാരികയോടും, [illegible]
ചാക്കൊ, Dr. പി. ജെ. [illegible]മസ്, [illegible]
ജോസഫ് അട്ടിപ്പേറ്റി, [illegible]ദർ ഏബ്രഹാം വടക്കേൽ
എന്നീ മഹാശയന്മാരുടെ അമൂല്യാഭിപ്രായങ്ങളോടും, മ
ലയാളം ലക്ചറർ വിദ്വാൻ ടി. എം. ചുമ്മാർ അവർ
കളുടെ വ്യാഖ്യാനത്തോടും കൂടിയതു്.)

2. വിശ്വപ്രേമം: (നാലു ദ്രാവിഡവൃത്തങ്ങളിൽ എഴു
തിയ ഒരു ഖണ്ഡകൃതി) വില 1-0-0.
മഹാമഹിമശ്രീ വടക്കുംകൂർ രാജരാജവർമ്മ അവർകളു
ടെ ആമുഖം, മഹാകവി ഉള്ളൂരിൻെറ അവതാരിക,
ശ്രീ. പുത്തൻകാവു് മാത്തൻതരകൻെറ അഭിപ്രായം
ഇവയടങ്ങിയതു്.

3. ആദർശകഥകൾ: (ഗദ്യം) വില 0-10-0.
മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി, വ്യാകരണ
ശിരോമണി ആർ. രംഗനാഥശാസ്ത്രി ഇവരുടെ ആമുഖ
വും പ്രസ്താവനയും ഉള്ളതു്.

4. മൂന്നു മഹതികൾ: (ഗദ്യം) വില 0-8-0.
"സാഹിത്യനിപുണൻ" പ്രൊഫസ്സർ ജോസഫ് മുണ്ട
ശ്ശേരി അവർകളുടേയും, ശ്രീമതി അമ്പാടി കാർത്യായനി
അമ്മയുടേയും അഭിപ്രായങ്ങളോടുകൂടിയതു്.

5. സാഹിത്യനേപത്ഥ്യം:
1-ാംഭാഗം (ഗദ്യവും പദ്യവും അടങ്ങിയതു്) വില 1-0-0.
6. ടി. 2-ാംഭാഗം ടി. 1-[illegible]-0.
7. ടി. 3-ാംഭാഗം ടി. 1-8-0.
8. സാഹിത്യഭൂഷണം: (with P. V. C.)
(ലേഖന സമാഹാരം) 1-4-0.
9. വീരവനിത: 0-8-0.
10. സംയുക്താറാണി: 0-10-0.

വിലാസം:— എം. ഓ. അവരാ,
മേനാച്ചേരി വീട്ടു്, വള്ളുവള്ളി, N. പറവൂർ.

T64
A35B

№ 006344

# സംയുക്താറാണി

വിദ്വാൻ എം. ഓ. അവരാ.

T64
Av 35

SGPA

Indic Digital Archive Foundation
gpura.org